O32:3M847:11 F4 VANA BALA. PALLATH RAMAN.

O32:3M847:11
F4

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

032:3M847:11 .F4
RAMAN (P)
Vana Bala.

94312

MUL
094312

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:3M847:11. F4

Accession Number 94312

Available for loan from

This book should be returned on or before the date last marked below.

O. 61

# വനബാല.

പ്രകാശകൻ:
കോഹിന്നൂർ ഗ്രന്ഥാവലീപ്രവർത്തകൻ,
പൊന്നാനി.

**No. 3.**

B. V. BOOK DEPOT & PRINTING WORKS.
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM. TRICHUR.

*(All rights reserved.)*

PRINTED AT
THE KAMALALAYA PRINTING WORKS,
OTTAPALAM.

1924.

22 MAR 19 8
MADRAS

94312

032:3M847:11
F4

അസാമാന്യപ്രചാരത്താൽ എത്രയോ ആവൃത്തി മുദ്രണം ചെയ്തിട്ടുള്ളതും, പലകുറി പാഠ്യപുസ്തകമായ് നിശ്ചയിച്ചിട്ടുള്ളതുമായ വംഗമൂലഗ്രന്ഥത്തെ അവലംബിച്ചാണ് ഈ ആഖ്യായിക നിർമ്മിച്ചിട്ടുള്ളതു്. ഒരു ഗൃഹ്യജീവിതത്തിന്റെ അകൃത്രിമചിത്രണമാണ് ഇക്കഥ. അസ്വാഭാവികസംഭവങ്ങളെക്കൊണ്ടു് കഥാശരീരത്തെ അലങ്കോലപ്പെടുത്താൻ ശ്രമിച്ചിട്ടില്ല; ആപാദചൂഡം അവ്യാജമനോഹരമായിരിക്കുന്നു. കരുണാത്ഭുതരസങ്ങൾ കൈകോർത്തുപിടിച്ചാണ് കഥാഗതി തുടരുന്നതു്. പരമകാഷ്ഠയിലെത്തിയ പരിശുദ്ധസ്നേഹം ഇതിലൂറിയൊഴുകുന്നു. അന്തഃകരണത്തെ ഉത്കൃഷ്ടസ്നേഹത്തിന്റെ ഉറവാക്കിത്തീർക്കുന്നതിന് ഇക്കഥയ്ക്കു് കരുത്തുണ്ടു്. പിതൃസ്നേഹം—സോദരീസ്നേഹം—സർവ്വം സ്നേഹമയം!

ടാഗോർ മഹാകവിയുടെ കഥാഘടനയ്ക്കുള്ള ഛായ ഇതിലും നിഴലിച്ചു കാണാം. സരളലളിതമായ ഇക്കഥാകല്പനയിൽ എത്ര ലോകരഹസ്യങ്ങളാണ് ഇടകലർത്തിയിട്ടുള്ളതു്? ബാലയുവഹൃദയങ്ങളിൽ സദാചാരവിചാരങ്ങൾ ആസ്വാദ്യമായ വിധത്തിൽ വിളമ്പിക്കൊടുക്കുന്ന ഒന്നാണ് ഈ വിശിഷ്ടാഖ്യായിക.

നാട്യപ്രധാനമായ നാഗരികജീവിതത്തിന്റെ വൈരൂപ്യം ഏതാണ്ടു് ഇതിൽ ചിത്രീകരിച്ചിട്ടുണ്ടു്. പ്രകൃതിയിലെ മാധുര്യം മറയ്ക്കാതെ നിറച്ചുവെച്ച ഒരു മഞ്ജൂഷികയാണ് സരളാന്തരംഗയായ നമ്മുടെ കഥാനായിക. പരസ്പ

രപ്രേമം അങ്കുരിക്കാൻ അവകാശമില്ലാത്ത ശൈശവവിവാഹത്തിൻെറ ദോഷങ്ങളെയും ആഖ്യായികാകാരൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

പരിണാമഗുപ്തി എന്ന കഥാമർമ്മം ഇതിൽ സവിശേഷം ദീക്ഷിച്ചിട്ടുണ്ട്. വനബാല ഉഷാവതിയാണെന്ന് അന്ത്യത്തിൽ മാത്രം നാം അറിയുമ്പോൾ ആശ്ചര്യവും ആഹ്ലാദവും നമ്മുടെ ഹൃദയങ്ങളെ ഇളക്കിമറിക്കുന്നു. എന്തൊരു ഭയാനകരഹസ്യം! വിധിയുടെ എന്തു വിചിത്രഗതി? ഒരു പിതാവിന് നയനങ്ങൾക്ക് നനവുതട്ടാതെയോ, ഒരു സോദരിയ്ക്കു് നെടുവീർപ്പിട്ട് പൊട്ടിക്കരയാതെയോ, മററുള്ളവർക്ക് ഭയാത്ഭുതങ്ങൾകൊണ്ട് ഹൃദയം സംക്ഷുബ്ധമാകാതെയോ ഇക്കഥ വായിച്ചവസാനിപ്പിക്കാൻ കഴിയുന്നതല്ല.

ഇതിലെ ഒഴുക്കും ഓജസ്സുമുള്ള പ്രസന്നരചനാരീതി പ്രത്യേകം പ്രശംസനീയമാണ്. തിരഞ്ഞെടുത്തു് തേച്ചുമിനുക്കിയപോലെയുള്ള മധുരപദങ്ങളുടെ മനോഹരവിന്യാസം, വളച്ചുകെട്ടില്ലാതെ അളന്നുമുറിച്ചു് കോട്ടംതീർത്ത സ്വഭാവരമ്യമായ ഭാഷാരീതി, ശബ്ദശുദ്ധി, വർണ്ണനാവൈഭവം എന്നീഗുണങ്ങൾ ഈ ആഖ്യായികയിൽ തികച്ചും തിളങ്ങിക്കാണുന്നുണ്ടു്. ഇതിലെ സന്ദർഭസുന്ദരങ്ങളായ അനവധിപദങ്ങളും, പ്രയോഗഭംഗികളും വിദ്യാർത്ഥിലോകത്തിന് വിശേഷിച്ചു് നവ്യരീതിയിൽ നല്ല ഗദ്യമെഴുതുന്നതിനു് അത്യന്തം സഹായിക്കുന്നതാണ്.

പ്രകാശകൻ

22 MAR 19 8

# വിഷയാനുക്രമണിക

| അദ്ധ്യായം | ഭാഗം |
|---|---|
| 1. അരണ്യമദ്ധ്യം | 1 |
| 2. വന്യകന്യക | 5 |
| 3. പുണ്യപാപവിചിന്തനം | 15 |
| 4. ഇച്ഛാഭംഗം | 23 |
| 5. ഗൃഹാഗമനം | 28 |
| 6. നൈരാശ്യമയജീവിതം | 35 |
| 7. സരളാന്തരംഗം | 39 |
| 8. പരിസരശക്തി | 41 |
| 9. ഉഭയസങ്കടം | 43 |
| 10. പ്രണയരഹസ്യം | 55 |
| 11. ഭയങ്കരസ്വപ്നം | 63 |
| 12. പുഷ്കരിണീതീരം | 72 |
| 13. ഭയാനകരഹസ്യം | 74 |
| 14. യാത്രാസന്നാഹം | 82 |
| 15. കണ്ടുപിടിച്ചു | 84 |
| 16. പ്രത്യാഗമനം | 91 |
| 17. ദൈവീ വിചിത്രാ ഗതിഃ | 96 |
| 18. ഉഷാവതി | 103 |
| 19. ഹൃദയവ്യഥ | 109 |
| 20. ബാഷ്പധാര | 114 |
| 21. ദൃഢസങ്കല്പം | 120 |
| 22. യുവയോഗിനി | 127 |

# വനബാല.

## അരണ്യമദ്ധ്യം

പഞ്ചമിച്ചന്ദ്രൻെറ ഇളംനിലാവൊളി എങ്ങും പ്രസരിച്ചുതുടങ്ങി. ഒരു കുളർകാററ് വൃക്ഷലതാദികളെ നർത്തനം ചെയ്യിക്കുന്നുണ്ടു്. നഭോരംഗത്തിലെ രമണീയങ്ങളായ ചെറുദീപങ്ങൾ തിളങ്ങിക്കൊണ്ടിരിക്കുന്നു. ചന്ദ്രികാപുളകിതവും ശാന്തസുന്ദരവുമായ ആ പ്രകൃതിയുടെ പ്രലോഭനത്തിന്നു് താനേ വശംവദനായ ഒരു യുവാവു് ആഹ്ലാദത്തോടുകൂടി അതിവേഗം നടക്കുന്നു.

പ്രകാശചന്ദ്രന് വിചാരിക്കാത്ത ചില വിപത്തുകളാണ് നേരിട്ടത്. തീവണ്ടിമാർഗ്ഗമായ് ആ യുവാവ് രംഗപുരത്തേക്കു് യാത്രചെയ്യുകയായിരുന്നു. പക്ഷെ, പ്രമാദത്താൽ അടുത്ത ശ്യാമപുരം, സ്റ്റേഷനിലിറങ്ങിപ്പോയി. പിന്നെ വണ്ടി പുലച്ചയ്ക്കേ ഉള്ളു. സ്ഥലപരിചയമില്ലായ്കയാൽ, പ്രകാശന് രാത്രിമുഴുവൻ സ്റ്റേഷനിൽ തന്നെ കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. ആ വണ്ടിക്കു് രംഗപുരത്തു് തന്നെക്കാക്കണമെന്ന് അറിയിച്ചിരുന്നതുകൊണ്ട് വിവാത്തിന് ഒരു കമ്പി കൊടുത്തുകളയാമെന്നാലോചിച്ചു്, കമ്പി ആപ്പീസിലേക്കു് നടന്നു. അവിടെ അന്വേഷിച്ചതിൽ, രംഗപുരം ആറുനാഴിക അകലെയാണെന്നറിഞ്ഞു. അ

ല്പനേരം ആലോചനാമഗ്നനായിരിക്കെ, ഒരു ആശ അങ്കുരിച്ച് കുറഞ്ഞൊന്ന് ഉത്സാഹിതനായ്തീൎന്നു; സ്ഥലത്തെത്തിച്ചേരുവാൻ ശ്രമിക്കുകതന്നെ എന്ന് സങ്കല്പിച്ചു. പക്ഷെ, യാത്രയ്ക്ക് അടുത്തെങ്ങും ഒരുവണ്ടി കിട്ടുവാൻ തരമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, കാൽനടയായ് പോകാമെന്ന കരുതിയാൽ ആരും തുണയ്ക്കുമില്ലായിരുന്നു. ഏതുവിധേനയും അവിടെ എത്തിച്ചേരണമെന്നുള്ള ആശ അടക്കാൻ കഴിയായ്കയാൽ, ആ യുവാവ് മാൎഗ്ഗവുംമറവും അന്വേഷിച്ചറിഞ്ഞ് രാത്രിതന്നെ ഏകാകിയായ് പുറപ്പെട്ടു: അതാണ് നമ്മുടെ നയനങ്ങൾക്ക് വിഷയീഭവിച്ചതു.

അത്ര ത്വരിതഗതിയോടുകൂടി യാത്ര തുടരുന്നതാണെങ്കിൽ ഏകദേശം രണ്ടു മണിക്കൂറു സമയമേ വേണ്ടിവരികയുള്ളു എന്ന് അയാൾ കണക്കാക്കാതിരുന്നില്ല. രംഗപുരത്തെത്തിയാലുള്ള സുഖാനുഭോഗങ്ങളെപ്പററി സങ്കല്പസ്വൎഗ്ഗം സൃഷ്ടിച്ചുകൊണ്ടാണ് പ്രകാശൻ നടന്നിരുന്നത്. സ്റ്റേഷനിൽ നിന്ന് അല്പം അകലെ പടിഞ്ഞാട്ടു പോയി തെക്കോട്ടു തിരിയണം. അപരിചിതനാകയാൽ ദിക്ഭ്രമം ബാധിച്ചുപോയി. പുറപ്പെട്ടതുതന്നെ, പടിഞ്ഞാറാണെന്ന കരുതി ഉത്തരാഭിമുഖമായിട്ടാണ്.

വളരെ ദൂരമെത്തി. വദേശീയനാണെന്ന് വിചാരിക്കുമെന്ന് കരുതി മാൎഗ്ഗമദ്ധ്യേ ആരോടും ഒന്നും അന്വേഷിച്ചതേയില്ല. അതിദൂരം ചെന്നിട്ടും തെക്കോട്ട് തിരിയേണ്ട വഴി കാണുന്നില്ല. ആളും അനക്കവുമില്ല; ഒരു ഭ

ഭയങ്കരപ്രശാന്തത അവിടെ ഭരണം ചെയ്യുന്നതായ് തോന്നി. കുറേക്കൂടിനടന്നപ്പോൾ ഒരു പാത കണ്ടു. അത് തെക്കോട്ടു തിരിയുന്നതാണെന്നു കുറേച്ചിടപ്പോയി. വാസ്തവത്തിൽ കിഴക്കോട്ടുള്ള മാൎഗ്ഗമായിരുന്നു അതു്. സഞ്ചാരയോഗ്യമല്ല ആ സരണിയെന്ന് അല്പമൊരു സന്ദേഹം ആദ്യം അങ്കുരിച്ചുവെങ്കിലും, ഗത്യന്തരമില്ലാതായി. ആറുനാഴിക ആ സമയം കൊണ്ട് നടന്നു കഴിഞ്ഞിരിക്കുന്നു. ഏറാക്കുറെ മൂന്നുനാഴികയോളം ആ വഴിക്കു തന്നെ വേഗം പ്രയാണംചെയ്തു. എന്നിട്ടും രംഗപുരത്തിന്റെ ഛായകളൊന്നും ദൃഷ്ടിഗോചരമായില്ല. ക്രമേണ അയാളുടെ സഞ്ചാരം കേവലം കുപഥത്തിൽക്കൂടി ആയിത്തുടങ്ങി. മനസ്സിൽ ഭയഭ്രാന്തികൾ തള്ളിപ്പുറക്കയാൽ ഗതിക്ക് പൂൎവ്വാധികം വേഗം കൂടിവന്നു. ഇനിയങ്ങോട്ട് വഴിയില്ലാതായി!

വനാന്തരത്തിലാണ് പ്രകാശൻ പ്രവേശിച്ചിരിക്കുന്നത്! ആ സമയം പഞ്ചമിച്ചന്ദ്രൻ പാതുക്കെപ്പതുക്കെ അന്തൎദ്ധാനം ചെയ്തുതുടങ്ങിയിരിക്കുന്നു. അന്തരീക്ഷത്തിലെ ദീപ്തിസ്ഫുലിംഗങ്ങൾ ഓരോന്നോരോന്നായി മങ്ങിത്തുടങ്ങി. ലോകമെങ്ങും അന്ധകാരം പടൎന്നുപിടിച്ചു; അരണ്യമദ്ധ്യത്തിൽ തമോദേവതയുടെ ഭീഷണതാണ്ഡവ ആരംഭിച്ചു. പ്രകാശചന്ദ്രൻ അപ്രതീക്ഷിതമായ് അനൎത്ഥഗൎത്തത്തിൽ പതിച്ചുപോയി! അപരിചിത സ്ഥലമാണെന്നോ, അന്തിനേരമാണെന്നോ ആലോചിക്കാതെ ഉദ്ദിഷ്ടസ്ഥലത്തെത്തിച്ചേരണമെന്ന് ഉത്സാഹിച്ചുപുറപ്പെട്ട ആ സാഹസികന്റെ നൈരാശ്യമയമായ മനസ്സിൽ അപ്പോഴത്തെ പ്രകൃതിയുടെ

നിഴൽപതിഞ്ഞു; ഭയവും ബാധിച്ചുതുടങ്ങി. ഭൂതപ്രേതാദികളെ സൃഷ്ടിച്ചുകാട്ടുവാൻ കട്ടുംകൂരിരുട്ടിന്ന് നല്ലകരുത്തുണ്ട്. പക്ഷെ, പ്രകാശനു് പണ്ടുതന്നെ ആ പേടിയില്ലായിരുന്നു; അല്ലെങ്കിൽ രാത്രിനേരത്തു് ഒററയ്ക്കുണ്ടോ പുറപ്പെടുന്നു? കള്ളന്മാരുടെ ഭയവും പെരുങ്കാട്ടിലില്ല. ഹിംസ്രജന്തുക്കളുടെ വായിലകപ്പെടാതിരിപ്പാൻ വഴിയുണ്ടോ? പ്രത്യേകിച്ചും രംഗപുരത്തിലെ വങ്കാട്ട് പുലിമുതലായ ദുഷ്ടമൃഗങ്ങളുടെ വിഹാരരംഗമാണെന്ന് മുമ്പുതന്നെ പ്രകാശനറിയാം. അരണ്യമദ്ധ്യം- അദ്ധരാത്രി- ഏകാകി- നരികളുടെ നടുവിൽ. ഇങ്ങനെയുള്ള അവസ്ഥാന്തരത്തിൽ ആരുടെ ഹൃദയമാണ് അതിഭയാകുലമാകാതിരിക്കുക? സാധു പ്രകാശൻ!

വന്നവഴിക്കുതന്നെ മടങ്ങാമെന്നുവെച്ചാൽ അതും നിബിഡാന്ധകാരത്തിൽ നിലീനമായിപ്പോയി. പ്രാണഭയത്താൽ പരിഭ്രാന്തനായ് കുത്തുമൂത്ത കല്ലുംമുള്ളും കുണ്ടും കുഴിയും കണക്കാക്കാതെ കണ്ടവഴിയ്ക്ക് നടന്നുതുടങ്ങി. ഓടിപ്പോകാമെന്നുവെച്ചാൽ, ഓരോ അടിവെയ്ക്കുംതോറും പ്രതിബന്ധം. മാമരക്കൊമ്പുകൾ മറിഞ്ഞുവീണ് അടിപതറിയും, മേൽഭാഗത്തു തലതടഞ്ഞും നടപ്പാൻവയ്യാതായി. വ്യാഘ്രങ്ങളുടെ ഗംഭീരഗർജ്ജനം കേട്ടു നടുങ്ങി. ലോകനിയന്താവിൻെറ കാരുണ്യമല്ലാതെ മറെറന്താണ് ശരണീകരണീയമായിട്ടുള്ളതു്? ഹാ! ജഗദീശ്വര! അന്ധകാരപരീതരായ് ആപത്ഗ്രസ്തരായ ജനങ്ങളുടെ ജീവിതവീഥി വിളക്കുവാൻ അങ്ങയുടെ ദിവ്യമായ ജ്യോതിഷ്കിരണങ്ങൾക്കല്ലാതെ ശക്തിയുണ്ടോ? അതെ. ആ ഹതഹൃദയത്തെക്കുള്ള

പ്പിക്കുമാറ് ഒരു പ്രഭാപ്രസരം ഇതാ മിഴിവഴിയിൽ പെട്ടന്നു! അവിചാരിതമായ് ദൂരത്തു ഒരു ദീപപ്രകാശം കാണാറായി. പ്രകാശചന്ദ്രൻ ഈശ്വരനെ മനസാവന്ദനംചെയ്തു, അതിനെ ലക്ഷീകരിച്ച് അതിവേഗം നടന്നു. ഒരുചെറിയ ഗൃഹത്തിൽ നിന്നാണ് ആ വിളക്കിൻെറ നാളം കണ്ടിരുന്നതു്. കഷ്ടപ്പെട്ടു ഒരുവിധം വീട്ടിന്നരികെച്ചെന്നെത്തി. വാതിലടച്ചിരിക്കുന്നു; യുവാവു് കണ്ഠപ്രാണനായ് വാതിൽക്കലുറക്കെ മുട്ടി.

വാതിൽത്തുറന്നു. ദീർഘകായനായ ഒരാൾ വിളക്കും കൈയിൽപിടിച്ചു അഭിമുഖമായ് വന്നുനിന്നു. പ്രകാശചന്ദ്രൻ നിരുദ്ധകണ്ഠനായ് പ്രയാസപ്പെട്ട് ഇങ്ങനെ കഷ്ടിച്ചുപറഞ്ഞു:— "വഴിതെററി- ഈ കാട്ടിലകപ്പെട്ടു- ഇനിയും ശ്വാസം നേരെവീണിട്ടില്ല. ദയചെയ്തു രക്ഷിക്കണേ!"

ആ ഗൃഹസ്ഥൻ പ്രകാശചന്ദ്രനെ ആദരാഭിനയത്തോടെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

രണ്ടാം അദ്ധ്യായം.

## വന്യകന്യക.

അന്തർഭാഗത്തു നോക്കിയപ്പോൾ, ആ ഭവനം അത്ര ചെറിയതല്ലെന്നു തോന്നി. തേക്കു് വീട്ടി മുതലായ മര

ങ്ങൾകൊണ്ടു പണിചെയ്യിട്ടുള്ള പലസാമഗ്രികളും അവിടെകാണാനുണ്ട്. ഒരു മുറിയിൽ പുലിത്തോലുകളും ആനക്കൊമ്പുകളും കൂട്ടിയിരിക്കുന്നു. മറെറാരു അറയിൽ ശസ്ത്രശസ്ത്രങ്ങൾ അടക്കിവെച്ചിട്ടുണ്ട്. രണ്ടുപേരും ആസനസ്ഥരായി. ആ ദീൎഘകായന്റെ ആകൃതിയിലും അവിടെക്കാണുന്ന പദാൎത്ഥങ്ങളിലും പ്രകാശന്റെ ഉത്സുകനയനങ്ങൾ പതിഞ്ഞു; വിസ്മയവിഹ്വലനായി അയാൾ അനങ്ങാതിരുന്നുപോയി. അപ്പോൾ ഗൃഹസ്ഥന്റെ സ്വഭാവതീക്ഷ്ണങ്ങളായ ദൃഷ്ടികൾ പ്രകാശന്റെ നേരെപ്പാഞ്ഞു. മന്ദഹാസംകൊണ്ട് മധുരീകരിച്ച മുഖഭാവത്തോടുകൂടി അയാൾ "എന്താണ്? ആയുധങ്ങൾകണ്ടു അത്ഭുതപ്പെടുന്നുണ്ടായിരിക്കാം. അവയില്ലെങ്കിൽ ഈ കൊടുങ്കാട്ടിൽ എങ്ങനെയാണ് സമാധാനത്തോടെ താമസിക്കുവാൻ കഴിയുക? അവയുടെ പ്രവൃത്തിയാണിക്കണ്ടതു്."

ഇങ്ങനെപറഞ്ഞു് ഗൃഹസ്ഥൻ വ്യാഘ്രചൎമ്മങ്ങളും മററും കൂട്ടിയിരിക്കുന്ന സ്ഥലം ചൂണ്ടിക്കാണിച്ചു. പ്രകാശചന്ദ്രൻ ചകിതചേതസ്സായ് മൌനം അവലംബിച്ചതേയുള്ളു. വല്ലാതെ ദാഹിക്കുന്നുണ്ടെന്നും കാച്ചുവെള്ളം കിട്ടിയാൽ കൊള്ളാമെന്നും ആഗതൻ അറിയിച്ചു.

ഗൃഹസ്ഥൻ എണീറ്റ് ഉറക്കെ "വനബാലേ!" എന്നു വിളിച്ചു. അരനിമിഷത്തിനുള്ളിൽ പാൎശ്വത്തിലുള്ള മറെറാരുവാതിൽത്തുറന്നു ഉദ്ദേശം പതിന്നാലുവയസ്സുപ്രായമുള്ള ഒരുപെൺകിടാവു് പ്രത്യക്ഷീഭവിച്ചു. വനമധ്യത്തിൽ വാനത്തുനിന്ന് പൊട്ടിവീണ ഒരു തേജഃപുഞ്ജമാണെന്ന്

തോന്നിപ്പോകും ആ കുമാരിയുടെ വരവുകണ്ടാൽ. പ്രകാശൻ വിസ്മിതായതനേത്രനായി ആ ഗൃഹാന്തലക്ഷ്മിയുടെ ഇരുണ്ടുചുരുണ്ടു കണങ്കാലിൽ കിടന്നിഴയുന്ന വാർകുന്തളവും പ്രഫുല്ലമായ മുഖകമലവും കണ്ണുപറിക്കാതെ നോക്കി. അവളുടെ പേശലദൃഷ്ടിയും വേറെദിക്കിൽ പ്രവേശിച്ചില്ല. അവളാകട്ടെ ഓഷ്ഠപുടത്തിൽ ഒളിവീശുന്ന ഒരു മൃദുമധുരസ്മിതത്തോടുകൂടി പ്രത്യുത്തരമായ് 'എന്താ അച്ഛ!' എന്നു ചോദിച്ചു.

ഗൃഹസ്ഥൻ പ്രകാശചന്ദ്രനെ ചൂണ്ടിക്കാണിച്ച്, 'ഇദ്ദേഹം ഒരു വഴിയാത്രക്കാരനാണ്; വഴിതെറ്റി നമ്മുടെ വനവസതിയിലേയ്ക്കു വന്നിരിക്കയാണ്. കുറച്ചു കായ്കനികളും കുടിപ്പാൻ വെള്ളവും കൊണ്ടുവന്നു കൊടുക്കൂ' എന്നു ആജ്ഞാപിച്ചു.

കുമാരി അതേസമയം പഥികന്റെ നേരെത്തിരിഞ്ഞ് അയാളെ സൂക്ഷിച്ചുനോക്കി. ഇതെന്തുകഥ! മുഹൂർത്തമാത്രത്തിൽ അഴകൊഴുകുന്ന ആ മുഖത്ത് ഹൃദയവിദാരകമായ ഒരു ഭാവം നിഴലാടിക്കഴിഞ്ഞു. കാർമ്മേഘശകലമില്ലാതെ ശരച്ചന്ദ്രമണ്ഡലം തത്ക്ഷണം മങ്ങി മയങ്ങി. അപരിചിതനായ ഒരു അദ്ധ്വഗന്റെ ദർശനമാത്രത്തിൽ പ്രവാളകോമളമായ അധരത്തിന്റെ അരുണിമ നിശ്ശേഷം നീങ്ങി. ഏതോ ഒരു അഭ്യാഗതന്റെ ആലോകമാത്രത്തിൽ ഇങ്ങനെ ഒരു പരിണാമത്തിനെന്താണ് കാരണം? പ്രകാശചന്ദ്രൻ ആ മുഖസ്തോഭങ്ങളുറ്റുനോക്കി മനസ്സിലാക്കി. പക്ഷേ അതിന്റെ മർമ്മം ഭേദിക്കുവാൻ അ

യാൾക്ക് സാധിച്ചില്ല. ആ സുമുഖിയുടെ പ്രഥമദർശനത്തിൽ പ്രകാശചന്ദ്രനുണ്ടായ ആശ്ചര്യം ഇപ്പോൾ പതിന്മടങ്ങ് വർദ്ധിച്ചു; നിർന്നിമേഷനായി ആ ലാവണ്യലതികയെ നോക്കി.

ആ നതാംഗി നമ്രമുഖിയായ് പതുക്കെ, വളരെപ്പതുക്കെ അവിടെനിന്നുപോയി. അല്പസമയത്തിനുള്ളിൽ അവൾ ഫലമൂലങ്ങളും പാനീയവും കൊണ്ടുവന്ന് പ്രകാശന്റെ മുമ്പാകെപ്പിടിച്ചുകൊണ്ടുനിന്നു. കഠിനമായ ദാഹംകൊണ്ട് തൊണ്ട വരണ്ടുപോയതിനാൽ, ആദ്യം അയാൾ വെള്ളം വാങ്ങിക്കുടിച്ചു; ഗൃഹസ്ഥൻ നിർബ്ബന്ധിച്ചതിനാൽ ചിലഫലങ്ങളും സ്വീകരിച്ചു. അതുകൊണ്ട് പ്രകാശന് വിശപ്പ് ശമിച്ച് സംതൃപ്തിയായൊ എന്നറിഞ്ഞുകൂടാ, ആ ചാരോപചാരങ്ങളാൽ അയാൾ സംതുഷ്ടനായെന്നുള്ളതിന് സംശയമില്ല. ആദ്യമുണ്ടായിരുന്ന ഭയം മാറിമറിഞ്ഞ് മനസ്സിൽ കൃതജ്ഞത തുളുമ്പി. പ്രത്യേകിച്ച് അകൃത്രിമസുകുമാരയായ ആ സരളബാലികയെക്കണ്ടശേഷം അയാൾക്കുണ്ടോ ഭയത്തിന് അവകാശം?

പ്രകാശചന്ദ്രൻ സത്കാരം സ്വീകരിച്ചുകഴിഞ്ഞ ഉടനേ, 'രംഗപുരത്തേക്ക് ഇവിടന്ന് എത്രദൂരമുണ്ട്? എനിക്ക് അങ്ങോട്ടാണ് പോകേണ്ടത്' എന്ന് തുടങ്ങി,

ഗൃഹ—അങ്ങ് രംഗപുരത്തിൻ തന്നെയാണെന്നു പറയണം —ഈ കാട് അതിൽപ്പെട്ടതാണ്.

പ്രകാ:—രംഗപുരനഗരം എത്ര അകലെയാണ്?

ഗൃഹ:—ഇവിടെനിന്ന് ഉദ്ദേശം പന്ത്രണ്ട് നാഴികകാണും.

പ്രകാശചന്ദ്രൻ ഇതുകേട്ട് ഒന്നുഞെട്ടി. ശ്യാമപുരം സ്റ്റേഷനിൽനിന്ന് രംഗപുരത്തേയ്ക്ക് ആറുനാഴിക മാത്രമേയുള്ളൂ. മൂന്നുനാലുമണിക്കൂറ് ഒരിടത്തും നിൽക്കാതെ അയാൾ നടന്നിരിക്കുന്നു. എന്നിട്ടും രംഗപുരം ഒരിരട്ടിനാഴിക ദൂരത്താകുന്നതെങ്ങിനെയാണെന്ന് മനസ്സിലായില്ല. ആ ആലോചനയിൽനിന്ന് വിരമിച്ച്, അയാൾ പിറെറനാൾ വെളുപ്പാൻകാലത്തു വഴികാട്ടിത്തരുവാൻ ദയയുണ്ടാകണമെന്ന് അപേക്ഷിച്ചു.

ആ വനവാസി ഒന്നു മന്ദഹസിച്ച് 'അതിനെപ്പററി വിഷാദിക്കേണ്ട, യാത്രാക്ഷീണം ധാരാളമുണ്ടായിരിക്കും. രാത്രി സുഖമായുറങ്ങാം. നാളെ വഴികാട്ടിത്തന്നേക്കാം'.

പ്രകാ:—അങ്ങ് ഈ വനമദ്ധ്യത്തിൽ പുത്രകളത്രാദിയോടു കൂടി എങ്ങിനെയാണ് താമസിക്കുന്നതു്? ഈദേശക്കാരനാണെന്ന് അങ്ങയെ കണ്ടാൽ തോന്നുന്നില്ല.

ഗൃഹ:—എന്റെ കുടുംബമെന്നുപറയാൻ ഈ കുട്ടിയേ ഉള്ളൂ. മററാരുംതന്നെയില്ല. ഞാനീ ദേശക്കാരനല്ല.

പ്രകാ:—അങ്ങ് ഇന്നുചെയ്ത ഉപകാരം ഞാൻ ജീവപര്യന്തം സ്മരിക്കുന്നതാണ്. പേരെന്താണെന്നു കേട്ടാൽ കൊള്ളാം, എന്ന് കൃതജ്ഞതാ പ്രദർശനത്തോടെ വിനീതനായ് ചോദിച്ചു. ഗൃഹാധിപൻ അല്പം അങ്ങുമിങ്ങും തിരിഞ്ഞുനോക്കി "എന്റെപേര് കൃഷ്ണലാലനെന്നാണ്" എന്ന് മറുപടി പറഞ്ഞു.

ആ സമയം കുമാരി നയനാഞ്ചലം കൊണ്ടു തന്നെ നീരാജനം ചെയ്യുന്നിൽക്കുന്നതായ് പ്രകാശൻ കണ്ടു. വസന്താരംഭത്തിലെ പുഷ്പോദ്ഗമംപോലെ നവയൌവനദശയിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നുവെങ്കിലും, സൌന്ദൎയ്യമകരന്ദം തുളുമ്പുന്ന ആ കന്യക ഒരു അപരിചിത യുവാവോട് ലജ്ജാലേശം കൂടാതെ ഇപ്രകാരം പെരുമാറുന്നതുകണ്ട് പ്രകാശചന്ദ്രൻ വീണ്ടും ഗൃഹസ്ഥനോട് 'ഈകുട്ടി അങ്ങയുടെ പുത്രിയാണോ' എന്നുചോദിച്ചതിന്,

കൃഷ്ണ:—അതേ, വനബാല എന്റെ മകൾതന്നെ.

പ്രകാ:—അങ്ങ് മനോഹരമായ ആകൃതിക്ക് അനുരൂപമായ ഒരു പേര് ഇട്ടായിരുന്നില്ലേ?

കൃഷ്ണ:—ഈ കുട്ടി കാട്ടിൽത്തന്നെയാണ് പിറന്നത്, ഇവിടെത്തന്നെയാണ് ഇതേവരെ വളൎന്നുവന്നതും. ഒരിക്കലും ഈ വനപ്രദേശംവിട്ട് എങ്ങും പോയിട്ടുമില്ല. അതുകൊണ്ട് വനബാലയെന്നുഞാൻ വിളിച്ചുപോന്നതാണ്. നാമകരണകൎമ്മമൊന്നും നടത്തിയിട്ടില്ല.

ഈ സമയം വനബാല കേവലം ഇളം പൈതങ്ങളെപ്പോലെ 'അച്ഛ! മനോഹരമായ ആകൃതി എനിക്കോ അയാൾക്കോ' എന്ന് ചോദിച്ചു.

പുത്രിയുടെ വാക്കുകേട്ട് പെട്ടെന്ന് പുഞ്ചിരി പുറപ്പെട്ടെങ്കിലും, ചില്ലിക്കൊടിചുളിച്ച് ഗംഭീരസ്വരത്തിൽ 'വനബാലേ! അസമയമായി; ഇനിപോയ് കിടക്കാൻ നോക്കു! എന്ന് അച്ഛൻ ശാസിച്ചു.

വനബാല പ്രകാശചന്ദ്രന്റെ മുഖത്തുനോക്കിക്കൊണ്ട് മന്ദമന്ദം അവിടെനിന്ന് പോയി. പോകുമ്പോൾ അവൾ ദീർഘനിശ്വാസം ചെയ്യുശബ്ദം പ്രകാശന്റെ കർണ്ണപുടങ്ങളിൽ പതിച്ചു.

ബാല പോയശേഷം ലാലൻ പ്രകാശനോട് 'അങ്ങേയ്ക്ക് ക്ഷീണം ബാധിച്ചിരിക്കയാൽ ഇനി ഇരുന്നുവൈകേണ്ട. കിടക്കാൻ നോക്കുകയല്ലേ? നാളെക്കാലത്ത് യാത്രയെപ്പറ്റി അന്വേഷിക്കാം.'

ഇങ്ങനെ പറഞ്ഞ് ലാലനെണീററ. ഗൃഹസ്ഥൻ പ്രകാശനെ മുൻഭാഗത്ത് കൂട്ടിക്കൊണ്ടുപോയി പാർശ്വത്തിലുള്ള ഒരു ചെറിയ പുരകാണിച്ചുകൊടുത്ത് 'ഇവിടെയഭീഷ്ടം കിടക്കാം' എന്ന് ഉപചാരംഭാവിച്ച് തിരികെപ്പോയി. യുവാവ് അകത്തുകടന്ന് ദീപപ്രഭയിൽ അങ്ങുമിങ്ങും നോക്കി. വാതിൽ സാക്ഷ ഇടുന്നതിന് ഭാവിച്ചപ്പോൾ വനബാല മിന്നൽപ്പിണർപോലെ ഓടിവന്ന് കതക് കൈകൊണ്ട് തട്ടിത്തുറന്ന് അകത്തുകടന്ന്, പ്രകാശനോട് മിണ്ടിപ്പോകരുതെന്ന് സംജ്ഞ കാണിച്ചു. ബാലയുടെ അപ്രകാരമുള്ള വ്യാപാരംകണ്ട് പ്രകാശൻ അല്പനേരം സ്തംഭിച്ചുനിന്നുപോയി. ഉടലാസകലം ഒന്നുവിറച്ചു. ബാല ചെവിയിൽ പതുക്കെ 'സൂക്ഷിച്ചിരുന്നോളു, ഇന്നുരാത്രി ഉറങ്ങരുത്; ഉറങ്ങിയാൽ പ്രാണനാശം തന്നെ വന്നേയ്ക്കും. അച്ഛൻ കൊലക്കൊള്ളക്കാരനാണ്. നിങ്ങൾ കള്ളന്റെ കൈയിലകപ്പെട്ടിരിക്കുന്നത്; ഞാൻ നിങ്ങളെ രക്ഷപ്പെടുത്തിക്കൊള്ളാം.

ഈ വാക്കുകേട്ടുകൂട്ടുമ്പോഴയ്ക്കും പ്രകാശൻെറ പ്രാണൻ കണ്ഠഗതമായി. ഒരക്ഷരം വായിൽനിന്നു പുറപ്പെട്ടന്നില്ല. ആരോടാണ് അല്ലെങ്കിൽ സംസാരിക്കുന്നത്? വനബാല അത്രയും പറഞ്ഞു് അപ്പോൾതന്നെ അന്തർദ്ധാനംചെയ്തുകഴിഞ്ഞു. പ്രകാശൻ വേഗം വാതിലടച്ചു സാക്ഷയിട്ടു, നെററിത്തടം കൈത്തലംകൊണ്ടുതാങ്ങി ചിന്താസന്തപ്തനായ് അവിടെ ഇരുന്നു. എണ്ണവററി വിളക്കണഞ്ഞുപോയി. അകത്തെങ്ങും അന്ധകാരം പരന്നു. പ്രകാശൻ ഇരുട്ടത്തിരുന്ന് ആകാശപാതാളങ്ങളൊക്കെ ആലോചിച്ചുതുടങ്ങി. അപ്പോൾ ആ വീട്ടിൻെറ പുറത്തുനിന്നു ആരോ വാതിൽ പൂട്ടുന്ന ശബ്ദംകേട്ടു കള്ളന്മാരുടെ വലയിൽ താൻ കുടുങ്ങിപ്പോയെന്നു ബോധംവന്നു. ഇനി എന്താണുപായം?

ഗത്യന്തരമൊന്നുമില്ല. വനബാലയുടെ വാക്കിൽ മാത്രമേ അല്പമൊരു ആശ്വാസവും വിശ്വാസവുമുള്ളു. പക്ഷെ അതെങ്ങനെ പരമാൎത്ഥമെന്നു തീൎച്ചപ്പെടുത്തിയിരിക്കാം. കള്ളൻെറ മകളുടെവാക്ക് എന്തുതന്നെയായാലും ആരെങ്കിലും വിശ്വസിക്കുമോ? അച്ഛനു വിരോധമായി മകൾ പ്രവൎത്തിക്കുമോ? അപരിചിതനായ ഒരാൾക്ക് വേണ്ടി ഇത്രസാഹസപ്പെടേണ്ട ആവശ്യം അവൾക്കെന്താണ്? പ്രകാശചന്ദ്രന് ഇതൊക്കെ 'മായയോ സ്വപ്നമോ മാനസഭ്രാന്തിയോ' എന്നുതോന്നി.

ആ അവസരത്തിൽ പുറത്താരോ രണ്ടുപേര് കൃഷ്ണലാലനൊന്നിച്ച് ഗൂഢസംഭാഷണം ചെയ്യുന്നതായ്കേട്ടു. പ്ര

കാശചന്ദ്രൻ കലങ്ങിമറിഞ്ഞ കരളോടുകൂടി കിടുകിടെവിറച്ചു നിശ്ശബ്ദമായ് ചെവിയോൎത്തുനിന്നു. ആദ്യം അസ്ഫുടമായ് സംസാരിച്ചിരുന്നതിനാൽ ഒന്നും മനസ്സിലായില്ല. ഏകതാനനായി ശ്വാസംവിടാതെ ചെവിയോൎത്തുനിന്നു. ഒടുവിൽ അങ്ങുമിങ്ങും ഏതാനും ചിലതൊക്കെ കേൾക്കാതിരുന്നില്ല:—

കൃഷ്ണ:— നാഗേന്ദ്രലാല! കൈയിൽ കല്ലുവെച്ച മോതിരങ്ങളുണ്ട്. സ്വൎണ്ണച്ചങ്ങല, ഘടികാരം ഇവയ്ക്കു പുറമെ പണവും ധാരാളമുണ്ടെന്നുതോന്നുന്നു.

നാഗേ:— നിങ്ങടെ വലയിൽ വന്നുവീണാൽ നല്ലകോളില്ലാതിരിക്കയില്ല.

ഈ സമയം ഹരലാലനെന്ന മറെറാരുകള്ളൻ 'അയാളിപ്പോൾ ഉറങ്ങിക്കാണും. പണിയിപ്പോൾ കഴിച്ചുകളയാം' എന്നായി.

കൃഷ്ണലാലൻ വീണ്ടും, 'കുറേക്കൂടി കഴിയട്ടെ! വനബാല ഉറങ്ങിയാലല്ലാതെ നമ്മുടെ കാൎയ്യമൊന്നും നടത്താൻ തരമില്ല. ആ മനുഷ്യനെക്കണ്ട് കുട്ടിയ്ക്കു വല്ലാത്ത കമ്പം കൂടങ്ങിയിരിക്കുന്നു.'

പൂൎവ്വോക്തമായ സംഭാഷണംകേട്ട് പ്രകാശൻ മൃതപ്രായനായി; സൎവ്വാംഗം തളൎന്നു നിൽക്കാൻ ശക്തിയില്ലാതെ പതുക്കെപ്പതുക്കെ നിലത്തിരുന്നുപോയി. അപ്പോളാരോ വാതിലിന്റെ പൂട്ട് പുറത്തുനിന്നു തുറക്കുന്നതായ് കേട്ടു.

സാധുവിൻെറ ഹൃദയം ഹതമായി. അരനിമിഷത്തിനകം ആ വ്യക്തി വാതിൽ തുറന്നു അകത്തേയ്ക്കു കടന്നു. പ്രകാശൻെറ ശരീരം ആകമാനം അരയാലിലപോലെ വിറച്ചു. അയാൾ ജീവിതാശ വിട്ടു പ്രതിനിമിഷം മൃതിയെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

അന്ധകാരത്തിൽ ഗൃഹാന്തർഭാഗത്തു പ്രവേശിച്ച ആ വ്യക്തി നിശ്ശബ്ദമായ് പാദവിന്യാസംചെയ്തു, മുറിയുടെ നടുവിൽ വന്നു് തന്നെ തിരയുന്നതായ് അനുഭവപ്പെട്ടതിനാൽ സാധു ഭീതിപരവശനായി. ഒരുമൂലയിൽ ചെന്നുപതുങ്ങി. ആ സ്വരൂപം അപ്പോൾ അസ്പഷ്ടസ്വരത്തിൽ 'എവിടെയാണ്! വേഗം എൻെറകൂടെ വരൂ' എന്നു ഉച്ചരിച്ചതുകേട്ടു.

അത് കാമിനീകണ്ഠമാണെന്നു പ്രകാശന് മനസ്സിലായി. വനബാലയുടെ ആഗമനത്താൽ പാതിപ്രാണനായ അയാൾക്ക് പരമാശ്വാസംതോന്നി. അയാൾ എണീററുനിന്നു താണസ്വരത്തിൽ "ഇവിടെയുണ്ട്" എന്നു അറിയിച്ചു.

ആ വാക്കുകേട്ട് വനബാല അങ്ങോട്ടുചെന്നു് പ്രകാശൻെറ കൈപിടിച്ചു; അനന്തരം വളരെ ജാഗ്രതയോടുകൂടി അയാളെ പുറത്തേക്കു കടത്തികൊണ്ടുവന്നു്, കൈയും പിടിച്ചു ശരവേഗത്തിൽ പാഞ്ഞു. പ്രാണാശയാൽ, പരിക്ഷീണനായ പ്രകാശനും അവളൊന്നിച്ച് അതിവേഗം ഓടുവാൻ സാധിച്ചു. അല്ലെങ്കിലുണ്ടോ ആ ഇരുളടഞ്ഞ ഘോരാടവിയിൽ കാലെടുത്തുവെയ്ക്കുവാൻ കഴിയുന്നു? വനബാലയ്ക്കു് ആ കാട്ടിൽ രാവുംപകലും ഒരുപോലെയാണ്.

കൂടിരുട്ടത്തുപോലും അതു കൊട്ടക്കാട്ടിൽക്കൂടിപ്പാഞ്ഞിരുന്നത് ചെറുപ്പം മുതൽക്കേ പതിവായിരുന്നതിനാൽ ഒരു കഷ്ടപ്പാടും അവൾക്കു തോന്നിയില്ല. പ്രകാശൻെറ കൈയും പിടിച്ചുപോകുന്നതു അവൾക്കു ബുദ്ധിമുട്ടല്ലായിരുന്നു. കാരണമെന്താണെന്നു ഉടനെ അറിയാം.

---

മൂന്നാം അദ്ധ്യായം.

# പുണ്യപാപവിചിന്തനം

---

ഇങ്ങനെ ഓടിക്കൊണ്ടിരുന്ന അവരിരുവരും വനാന്തരത്തിൽ വളരെ ദൂരത്തെത്തി. വനബാലയ്ക്കു് കാട്ടിലെ എല്ലാസ്ഥലങ്ങളും സുപരിചിതങ്ങളായിരുന്നു. അതുനിമിത്തം വഴിക്ക് ഒരുവിഘ്നവും നേരിട്ടില്ല. സുകുമാരവസ്തുക്കളെസ്സമാഹരിച്ചു സൃഷ്ടിച്ച ആ കപോതിക്ക് ഈ കാന്താരമദ്ധ്യത്തിൽ കൂടി കൂരിരുളിൽ ഇങ്ങനെ നിർഭയം സഞ്ചരിക്കുവാനുള്ള സാഹസം കണ്ടിട്ട് പ്രകാശൻെറ ഉള്ളിലെ പ്പേടിയും പിന്മാറി. ഇങ്ങനെ ഒരു നാലുനാഴികയോളം ഓടി. വനബാലയ്ക്കു് അശേഷം ക്ഷീണംബാധിച്ചില്ല. പ്രകാശന് തളച്ചയും തലതിരിച്ചിലും തുടങ്ങി. ഇനിയോട്ടുവാൻ ആ യുവാവിന് സാദ്ധ്യമല്ലായിരുന്നു. വനബാല അതു് മനസ്സിലാക്കി പരിചിതമായിരുന്ന ഒരു ഗുഢസ്ഥലത്ത് ചെന്നിരുന്ന് വിശ്രമിച്ചു നിശാവശേഷം കഴിച്ചുകൂട്ടി.

ഉദയഗിരി ചുകന്നതോടുകൂടി അവർ വീണ്ടും പുറപ്പെട്ടു. ആ തേജോഗോളം ഉരുളാൻ തുടങ്ങിയപ്പോഴക്കും അവർ കാടുകടന്ന് വിസ്തീർണ്ണമായ ഒരുവയലിൽ വന്നുചേൎന്നു. അവിടെവെച്ച് ബാല മടങ്ങിപ്പോവാൻ പ്രകാശനോട് അനുമതിചോദിച്ചു, ഒഴുകിവീഴുന്ന കണ്ണീരോടുകൂടി ഗദ്ഗദസ്വരത്തിൽ 'ഇനി ഭയപ്പെടേണ്ട; നേരേ പൊയ്ക്കോളു' എന്ന് സമാധാനിപ്പിച്ചു.

പ്രകാശന് ആ ബാലികയുടെ ഭാവംകണ്ട് ആശ്ചര്യാദി വികാരങ്ങൾ ജനിച്ചു. പക്ഷേ, അതൊക്കെ അടക്കി, 'ഇനി ഏതുവഴിക്കു പോയാലാണ് രംഗപുരത്തെത്തിച്ചേരുക' യെന്ന് കാൎയ്യത്തിലേക്കു കടന്നു.

വന:—അതെനിക്കറിഞ്ഞുകൂടാ. ഞാനിന്നാൾവരെ കാടല്ലാതെ നാടുകണ്ടിട്ടില്ല.

പ്രകാശൻ അല്പനേരം വനയുടെ മുഖത്ത് ഉററുനോക്കിയശേഷം 'വനബാലേ! നീയെന്റെ പ്രാണരക്ഷണം ചെയ്തു. ഇനി നീ തിരികെപ്പോയാൽ നിണക്ക് അനൎത്ഥമുണ്ടായിത്തീരുമല്ലോ.

വന:—എന്നെകൊല്ലില്ലെന്ന് എനിക്കറിയാം. പക്ഷേ നല്ലപ്രഹരം കിട്ടിയേയ്ക്കും. എത്ര അടിച്ചാലും ഞാൻ സഹിച്ചോളാം.

പ്രകാശൻ:—'അച്ഛൻ അടിക്കാറുണ്ടോ' എന്ന് ആശ്ചൎയ്യപ്പെട്ടു. വനബാല കാലിന്മേൽനിന്ന് മുണ്ടല്പം നീക്കി അടിച്ചഅടയാളങ്ങൾ കാട്ടിക്കൊടുത്തു. താരുണ്യംതള്ളിത്തി

രക്കിയെത്തിത്തുടങ്ങിയിട്ടും ലജ്ജാലേശം വനബാലയുടെ മുഖത്തു നിഴലാടിക്കാണായ്കയാൽ പ്രകാശനു് വിസ്മയമുണ്ടായെങ്കിലും ലോകപരിചയം പോരായ്കയാണെന്നു സമാധാനിച്ചു. 'നിന്നെ ആപത്സമുദ്രത്തിൽ തള്ളിയിട്ടു ഞാൻ കരയ്ക്കുകയറാൻ ശ്രമിയ്ക്കയാണു് ചെയ്യുതു്; ഇത്രത്തോളം നിന്നൊരുമിച്ചുകൂട്ടിയതു് അത്ര പന്തിയായില്ല' എന്നു് യുവാവു് പശ്ചാത്തപിച്ചപ്പോൾ,

വന:— നിങ്ങൾക്കാണെങ്കിൽ പ്രാണൻ പോകുന്ന കാര്യമാണു. എനിയ്ക്കു് ആ ശങ്കയില്ല. പിന്നെന്തു് ആപത്താണു് എനിക്കു് അനുഭവപ്പെടുന്നതു്?

പ്രകാ:— നിണക്കെൻറകൂന്നിച്ചുപോന്നുകൂടെ? എന്തു സുഖം കരുതിയാണു് ഈ വനവാസം?

വന:— കാട്ടിൽപ്പാക്കുന്നതാണു് എനിക്കു സുഖമായു് തോന്നുന്നതു്. രണ്ടുദിവസം നിങ്ങൾ കാട്ടിൽ താമസിച്ചുനോക്കിയാൽ ആ സുഖം മരിക്കുന്നതുവരെ മറക്കില്ല. കാടുവിട്ടു മറെറങ്ങാനുംപോവാൻ എനിക്കു വലിയ പേടിതോന്നുന്നു. എന്നാലും നിങ്ങളൊന്നിച്ചു പോരുന്നതു് എനിക്കു പരമസന്തോഷംതന്നെ. നിങ്ങളെ വിട്ടുപിരിഞ്ഞാൽ സുഖകരമായ ഈ വനപ്രദേശംകൂടി എനിക്കു് മേലിൽ പററാതെ പോകുമെന്നാണു് തോന്നുന്നതു്.

പ്രകാശൻ ആഹ്ളാദിതനായി, വളരെ ആദരത്തോടെ, 'നീ എനിക്കു പ്രാണപ്രദാനം ചെയ്യു. നിന്നെത്തിരി

ച്ചയസ്റ്റാൻ എനിക്കു മനസ്സുവരുന്നില്ല. നിഷ്ഠുരനായ ആ വയസ്സന്റെ കൈയിൽനിന്നു നിന്നെ ഉദ്ധരിച്ചേയ്ക്കാം. എന്റെ കൂടെപ്പോരു. ഞാൻ നിണക്കു പ്രാണാർപ്പണം കൂടിച്ചെയ്തു സർവ്വസൌഖ്യവും ഉണ്ടാക്കിക്കൊള്ളാം.'

വനബാല പ്രകാശന്റെ മുഖത്തു നിർന്നിമേഷമായു നോക്കി, 'എന്നാൽ നടക്കു' എന്നു മന്ദമന്ദം പറഞ്ഞു.

അപ്പോൾ പ്രകാശൻ ആനന്ദപരവശനായി ബാലയൊന്നിച്ചു വയൽ കടന്നു മുന്നോട്ടുനടന്നു. പ്രകാശൻ മുമ്പിലും ബാല പിമ്പിലുമായിട്ടാണു നടന്നതു്. അന്ധകാരവുമില്ല; അടവിയുമില്ല. എന്നാലും ആ നിർമ്മലകുമാരി പണ്ടത്തേപ്പോലെ യുവാവിന്റെ കൈപിടിച്ചുകൊണ്ടാണു നടന്നിരുന്നതു്. പ്രകാശന്റെ ശരീരമെങ്ങും രോമാഞ്ചമുണ്ടായി. അയാളെന്തോ അല്പം ആലോചിച്ചു്, അതിന്നു് പ്രതികൂലത ഭാവിച്ചില്ല. മാർഗ്ഗമദ്ധ്യേ പ്രകാശൻ 'വനബാലേ! നിന്റെ അച്ഛനെയല്ലാതെ പിന്നെ ആരെയും കണ്ടു പരിചയിച്ചിട്ടില്ലേ' എന്നു ഉത്കണ്ഠാകുലനായി.

വന:— ഉവ്വു്. നാഗേന്ദ്രലാലനെയും, ഹരലാലനെയും. പക്ഷെ, അവരോടു സംസാരിക്കാൻതന്നെ ഒരിക്കലും എനിക്കിഷ്ടമില്ല.

പ്രകാ:— എന്താണു് ഇഷ്ടമില്ലാതിരിക്കാൻ?

വന:— അവർക്കുണ്ടോ നിങ്ങളെപ്പോലെ ആകൃതിഗുണമോ പ്രകൃതിഗുണമോ? നിങ്ങളെപ്പോലെ ഭംഗിയായു്

സംസാരിക്കാൻ അവക്കു സാധിക്കുമോ? അവരുടെ അടുക്കെച്ചെന്നാൽ എനിക്ക് എന്തോ ഒരു വല്ലായ്മ തോന്നും.

പ്രകാ:— അവര് നിൻെറ അച്ഛൻെറ ചങ്ങാതികളല്ലേ? അച്ഛൻ മൂലമാണോ സുഖക്കേട്?

വനബാല അല്പം ആലോചിച്ച് അച്ഛനെക്കുറിച്ചു വലിയ വ്യസനമാണ് എനിക്കുതോന്നാറുള്ളതു്. വളരെ പ്രാവശ്യം അച്ഛൻ നിമിത്തം ഞാൻ കണ്ണീർ വാർത്തിട്ടുണ്ട്.

പ്രകാശൻ ആശ്ചര്യപ്പെട്ട് 'നീ ഒരുപാപിയുടെ ഗൃഹത്തിൽ പാലിതയാണെങ്കിലും എങ്ങനെയാണ് ഇത്ര പുണ്യശീലയായ് തീന്നതു്?

സരളഹൃദയയായ ബാലിക വ്യസനാധീനയായി പ്രകാശൻെറ മുഖത്തു നോക്കി, 'പാപപുണ്യങ്ങളെന്താണെന്നു എനിക്കറിഞ്ഞുകൂടാ'.

പ്രകാ:— നിൻെറ അച്ഛൻ എന്തുകമ്മമാണ് ചെയ്യുന്നതു്?

വന:— അച്ഛനോ? കൊള്ളയും കൊലയും. വീട്ടിൽ കണ്ടതൊക്കെ കളവുമുതലാണ്.

പ്രകാ:— ഇതാണ് പാപകമ്മമെന്നു പറയുന്നതു്. അച്ഛൻെറ ഈ പ്രവൃത്തികളെക്കുറിച്ചു ബോധം വന്നപ്പോഠം നിണക്ക് വല്ലായ്മതോന്നിയില്ലേ?

വന:— ഉവ്വ്. വളരെ.

പ്രകാ:— അതാണ് പുണ്യശീലത്തിൻെറ ലക്ഷണം.

വനബാല കുറച്ചൊന്നാലോചിച്ച്, "ശരി, നിങ്ങളുമായി സഹവാസംചെയ്യാൻ എനിക്കു സന്തോഷംതോന്നുന്നു. നിങ്ങളെവിട്ട് എങ്ങും പോവാനും എനിക്കിഷ്ടമില്ല. അതുകൊണ്ടാണ് അച്ഛനെവിട്ടു നിങ്ങളൊന്നിച്ചുപോന്നത്. ഇതു പുണ്യമോ പാപമോ?"

പ്രകാ:— നമുക്കു ദൈവദത്തമായി മനസ്സാക്ഷി എന്നൊന്നുണ്ട്. എന്തുപ്രവൃത്തിചെയ്യുമ്പോൾ മനസ്സ് അതിനു അനുവദിക്കുകയും, അതിൽ അസുഖം തോന്നാതിരിക്കയും ചെയ്യുന്നുവോ അതു പുണ്യകർമ്മം. മനസ്സ് അകൃത്യമെന്നും അതികഷ്ടമെന്നും വിലക്കുന്നതേതോ അതിനു പാപകർമ്മമെന്നും പറയും. സ്വർഗ്ഗനരകങ്ങൾക്കു കാരണം മനസ്സുതന്നെയാണെന്ന് ഉപനിഷത്തുകൾ ഉപദേശിക്കുന്നു.

വന:— പുണ്യപാപങ്ങളെന്താണെന്നു ഇപ്പോൾ മനസ്സിലായി.

പ്രകാ:— പുണ്യംചെയ്താലും പാപംചെയ്താലും അതിൻെറ ഫലമെന്താണെന്നറിയാമോ?

വന:— പുണ്യംചെയ്താൽ മനസ്സിനു സുഖവും പാപംചെയ്താൽ ദുഃഖവും തോന്നും.

പ്രകാ:— മനുഷ്യനായ് പിറന്നാൽ ഒരിക്കൽ മരിക്കുമെന്നു നിശ്ചയമുണ്ടോ?

വന:— അങ്ങനെ കേട്ടിട്ടുണ്ട്.

പ്രകാശചന്ദ്രൻ ഗംഭീരഭാവത്തിൽ ഇങ്ങനെ പ്രസംഗിക്കാൻ തുടങ്ങി: 'മരണാനന്തരം പുണ്യപാപങ്ങളുടെ ഫലം തികച്ചും അനുഭവിക്കുന്നു. ഈ സമസ്തപ്രപഞ്ചത്തിനും ആധാരഭൂതനായ സച്ചിദാനന്ദസ്വരൂപനാണ് പുണ്യപാപങ്ങൾക്കു അനുരൂപമായ ഫലം നൽകുന്നതു്. വാസനക്കനുസരിച്ചാണ് ജനനം. ആത്മാവിനെ വാസനാബലം ബന്ധിച്ചുകൊണ്ടിരിക്കുന്നു. സദ്വിഷയങ്ങളിൽ മനസ്സിനെ വ്യാപരിപ്പിക്കണം. സംസാരസാഗരം വളരെ ക്ലേശാകുലമാണ്. നല്ല ശ്രദ്ധയും വിവേകവുമില്ലെങ്കിൽ, അടിക്കടി ആപത്തും അനർത്ഥവുമുണ്ടായിക്കൊണ്ടിരിക്കും. നിണക്ക് ഈ ലോകരംഗത്തിൽ പ്രവേശിക്കാറായി. അതുകൊണ്ടു വഴിപിഴക്കാതെ വളരെ ബുദ്ധിപൂർവ്വകമായ് പെരുമാറണം. പ്രപഞ്ചത്തിൽ പാപകൃത്യത്തിലേക്കു പിടിച്ചിഴക്കുന്ന പല പ്രലോഭനങ്ങളുമുണ്ടു്. മനസ്സാകുന്ന മദകരിയെ തോന്നിയ വഴിക്കു പായാൻ അനുവദിക്കാതെ അങ്കുശമിട്ടു നിറുത്തിയില്ലെങ്കിൽ, തന്മൂലം പാപത്തിനും താപത്തിനും നാം പാത്രമായ് തീരും. നീ ദുരാശക്കു് വശംവദയാകയില്ലെന്നു എനിക്കു വിശ്വാസമുണ്ടു്.

വനബാല ഈ നേരംവരെ വിസ്മിതവിലോചനയായി ഉപദേഷ്ടാവിന്റെ മുഖത്തു നോക്കിനിൽക്കുകയായിരുന്നു. പറഞ്ഞു വിരമിച്ചപ്പോൾ പതുക്കെ, 'പ്രലോഭനമെന്നാലെന്താണ്?'

പ്രകാ:— അടക്കിനിറുത്താൻ വയ്യാത്തവിധം നമ്മെ ഒന്നിലേക്കു ആകർഷിക്കുന്നതിനാണ് പ്രലോഭനശക്തി

എന്നു ഞാൻ പറഞ്ഞതു്. അരുതാത്ത വിഷയത്തി ലേയ്ക്കാണു പ്രകൃത്യാ അധികം ആകർഷണം.

വന:— അഹിതമായ ഒരുകാര്യവും ഞാൻ ചെയ്യുന്നതല്ല

പ്രകാ:— നിന്റെ മധുരമായ വാക്കുകേട്ടു എനിക്കു വള രെ മനസ്സുഖം തോന്നുന്നു!

ഇങ്ങനെ സല്ലപിച്ചുകൊണ്ടിരിക്കുന്നതിന്മദ്ധ്യേ, ഇരുവ രും ഒരു ഗ്രാമാന്തികത്തിലെത്തി. ഉടനെ ഒരുവണ്ടിപിടി ച്ച് രംഗപുരത്തേയ്ക്കു പുറപ്പെട്ടു. പുണ്യപാപങ്ങളെ അധി കരിച്ചു ലോകരീതി തിരിയാത്ത ആ സരളാന്തരംഗയോടു സംഭാഷിച്ചുകൊണ്ടിരുന്നപ്പോൾ പ്രകാശനുണ്ടായിരുന്ന ആഹ്ളാദം, രംഗപുരാഭിമുഖമായി വണ്ടി ഓടിക്കൊണ്ടിരി ക്കുമ്പോൾ അയാൾക്കു അനുഭൂതമായിരുന്നില്ല. അതിന്റെ ഹേതു അടുത്ത അദ്ധ്യായത്തിലറിയാം.

—:o:—

നാലാം അദ്ധ്യായം.

# ഇച്ഛാഭംഗം.

ജഗച്ചന്ദ്രൻ രംഗപുരത്തെ ഡിപ്പൂട്ടിമജിസ്ട്രേട്ടായിരു ന്നു. ഇരുപതുവർഷത്തോളമായി ആ ദിക്കിൽതന്നെയാണു ജോലി. കൃത്യനിഷ്ഠ, ജനരഞ്ജന, കാര്യഗൌരവം തുടങ്ങി യ ഉത്കൃഷ്ടഗുണങ്ങളാൽ അദ്ദേഹം പൊതുജനബഹുമാ നത്തിനു പാത്രമായ്തീർന്നു; ക്രമേണ ഡിസ്ത്രിക്ട് മജിസ്ട്രേ ട്ടായി.

ജഗച്ചന്ദ്രന് ഭാൎയ്യയോ പുത്രസന്താനമോ ഇല്ല. ഗൃഹത്തിൽ രണ്ടുപുത്രികളേ ഉള്ളു. മൂത്തവൾ ഹൈമവതി, ദ്വിതീയപുത്രി പ്രഭാവതി. ഹൈമവതി ചെറുപ്പത്തിൽതന്നെ വിധവയായി. അവൾക്കു ഇരുപത്തൊന്നു വയസ്സുപ്രായമാണ്. പ്രഭാവതിയുടെ വിവാഹം കഴിഞ്ഞിട്ടു രണ്ടുവൎഷമേ ആയിട്ടുള്ളു. വയസ്സ് പതിമൂന്നു കഴിഞ്ഞു. ഹൈമവതിക്കുശേഷം ജഗച്ചന്ദ്രനു രണ്ടു ആൺകുട്ടികളുണ്ടായെങ്കിലും ബാല്യത്തിൽതന്നെ അവർ അന്തരിച്ചുപോയി. അനന്തരം ഒരു സ്ത്രീസന്താനമാണു ഉത്ഭവിച്ചതു്. ഒരുവയസ്സായപ്പോൾ ആ കുമാരി അപഹൃതയായി. അപ്പോൾ പ്രഭാവതി ഗൎഭസ്ഥയാണു. ജഗച്ചന്ദ്രന്റെ ധൎമ്മദാരങ്ങൾ പ്രഭാവതിയെ പ്രസവിച്ചശേഷം ശോകാതുരയായി നിൎയ്യാണം പ്രാപിച്ചു. വീട്ടിൽ മററാരുമില്ലായിരുന്നു. കുടുംബഭാരമൊക്കെ പതിനാറുവയസ്സുപ്രായം ചെന്ന ഹൈമവതിയുടെ തലയിൽ വന്നുവീണു. ഒട്ടാവിലത്തെ പെൺകുട്ടിയെ ലാളനപാലനങ്ങൾ ചെയ്യേണ്ടചുമതലയും ഹൈമവതിക്കുതന്നെയായിരുന്നു. ജ്യേഷ്ഠത്തിയുടെ വാത്സല്യവിലാസമനുഭവിച്ചുകൊണ്ടാണ് പ്രഭാവതി വളൎന്നു വന്നതു്.

ഇന്നു വൈകുന്നേരം ഹൈമവതി പ്രാണസദൃശയായ പ്രഭാവതിയുടെ മുഖസരോജം പരിമ്ലാനമായ്കണ്ടു് ഓമനമുഖത്തു പലപ്രാവശ്യം ചുംബിച്ചു, 'പ്രഭേ! ഇന്നുനിണക്ക് വലിയ സുദിനമാണ്. വളരെനാൾകഴിഞ്ഞു്, നിന്റെഭൎത്താവ് ഇന്നുവരുന്നുണ്ടല്ലൊ. ഈ വൎത്തമാനം കേട്ടിട്ടും നിന്റെ മുഖത്തു ഒരു പ്രസാദം ഇല്ലാതിരിക്കുമോ?' എന്നുചോദിച്ചു.

പ്രഭാവതി നമ്രമുഖിയായിനിന്നു. ഹൈമവതിയുടെ ചോദ്യത്തിനു അവളുത്തരമൊന്നും ഉരിയാടിയില്ല. അപ്പോൾ ഹൈമവതി താഴ്ത്തിയ മുഖം പതുക്കെ ഉയർത്തിപ്പിടിച്ച്, 'ഛീ പ്രഭേ! മുടിമിനുക്കികെട്ടു. പുതിയ സാരിധരിക്കു. ഇങ്ങനെ മലിനമുഖത്തോടുകൂടി ഇരിക്കരുതു്. ഭർത്താവു വരാറായി' എന്നു അനുരഞ്ജിപ്പിച്ചുനോക്കി.

ആ സമയം പ്രഭാവതിയുടെ ശിരസ്സ് ഹൈമയുടെ മാർവ്വിടത്തിലേയ്ക്കു് ചാഞ്ഞു. 'എന്താണിത് പ്രഭേ' ഇങ്ങനെതേങ്ങിത്തേങ്ങിക്കരയുന്നതെന്തിനാണ്? ആ പരിദേവനംകണ്ടു ഹൈമയുടെ കണ്ണുകളിലും (ആർക്കറിയാം) എന്തുകൊണ്ടോ എവിടുന്നോ ഒന്നുരണ്ടു ബാഷ്പകണങ്ങൾ കാണാറായി. വിസ്മയാകുലയായ ഹൈമവതി കണ്ണിരൊപ്പി, അനുജത്തിയുടെ അജസ്രമായ അശ്രുധാരയെ ചേലാഞ്ചലംകൊണ്ടു തുടച്ച്, 'പ്രഭേ ഇതെന്താണ്? ഇന്നു കരയുകയോ? സ്ത്രീകൾക്കു ഇതിലും ശോഭനമായ ദിനമുണ്ടോ? കേവലം കുട്ടികളെപ്പോലെ കളിക്കരുതു്. ഇനിയും ബുദ്ധിയുറച്ചിട്ടില്ലേ? പെണ്ണുങ്ങൾക്കു് ജ്യേഷ്ഠത്തിയെന്തു്, ജ്യേഷ്ഠനെന്തു്, അച്ഛനെന്തു്. ആരും ഭർത്താവിനേക്കാൾ മേലെയല്ല കുട്ടി' എന്ന ശകാരവും സാന്ത്വനവും സമ്മിളിതമായ ഭാവം സ്ഫുരിപ്പിച്ചു.

ഒടുവിലെ വാക്കുകളുച്ചരിച്ചപ്പോൾ ഹൈമവതിയുടെ കണ്ഠസ്വരത്തിനു ആകസ്മികമായ ഒരു മാററമുണ്ടായതെന്താണ്? ശരി! നാം മറന്നുപോയി. ഹൈമവതി ഒരു ബാല്യവിധവയല്ലേ?

ജ്യേഷ്ഠസോദരി പലവിധത്തിലും പ്രഭാവതിയെസ്സമാശ്വസിപ്പിച്ചുനോക്കി. അനന്തരം ചികുരഭാരം ചീകിക്കെട്ടിക്കൊടുക്കുവാനിരുന്നു. അങ്ങനെ നേരംപോയതറിഞ്ഞില്ല. അനുജത്തിയെ വിലപിടിച്ച വസ്ത്രാഭരണങ്ങളെല്ലാം ധരിപ്പിച്ചു.

രാത്രി എട്ടുമണിയായി. അപ്പോൾ ഹൈമവതിയുടെ ഹൃദയം ആഹ്ലാദഭരിതമായ്ത്തുടങ്ങി. പ്രഭാവതിയുടെ മൃദുലമനസ്സാകട്ടെ ഭയവികാരത്താൽ ശങ്കിതയായ് സ്പന്ദിക്കാനാരംഭിച്ചു. തത്സമയം പുറത്തു ഒരു വണ്ടിവന്ന ശബ്ദം കേൾക്കയായി. ഹൈമവതി വിരികണ്ണോടെ ആ ദിക്കിലേക്കു നോക്കി. ഒരാൾവന്ന് 'അമ്മേ! ചെറിയ എജമാനൻ വന്നിട്ടില്ല. സ്റ്റേഷനിൽ വളരെ അന്വേഷിച്ചുനോക്കി' എന്നറിയിച്ചു

ഹൈമവതിയ്ക്കു അതുകേട്ട വലിയ കുണ്ഠിതം തോന്നി. പ്രഭാവതിയാകട്ടെ, പരമാനന്ദത്തോടെ അവിടെനിന്നോടിപ്പോയി. ഹൈമവതി അതു് ശ്രദ്ധിക്കാതെ വണ്ടിക്കാരനോടു് 'രാമചരണ! എന്താണു് വരാഞ്ഞതെന്നറിഞ്ഞോ?' എന്നു് ഉത്കണ്ഠ വെളിപ്പെടുത്തി.

രാമചരണൻ 'എങ്ങിനെയാണ് അറിവാൻ വഴി? വിവരം എജമാനനും അറിഞ്ഞുകൂട. കൽക്കത്തയിൽ നിന്ന് വണ്ടികയറുമ്പോൾ വർത്തമാനത്തിന് കമ്പിഅടിച്ചിരുന്നിട്ടും ഇതേവരെ ഇവിടെ എത്തിച്ചേരാഞ്ഞതെന്താണെന്ന് എജമാനനും വിചാരപ്പെട്ടുകൊണ്ടിരിക്കയാണ്' എന്ന് അറിയിച്ചു.

ഹൈമവതി അകത്തുചെന്നു നോക്കിയപ്പോൾ, പ്രഭാവതിയെ പ്രസന്നവദനയായ് കണ്ട് ആശ്ചര്യപ്പെട്ടു കുറച്ചു നേരം മൗനാവലംബത്തോടെ 'പ്രഭേ' എന്ന് സാഭിപ്രായം വിളിച്ചു.

പ്രഭാവതി അപ്പോഴുമും 'ചേച്ചി എന്റെ ആഭരണങ്ങളൊക്കെ ഇനി അഴിച്ചെടുത്തോളു'.

ഹൈമവതി അവളെ തീഷ്ണമായൊന്നു നോക്കി. 'പ്രകാശചന്ദ്രൻ വരാഞ്ഞതുകൊണ്ടു നിണക്കല്പംവ്യസനം ഉണ്ട്, അല്ലേ?' എന്നു ചോദിച്ചു.

നമുക്ക ചിരപരിചിതനായ പ്രകാശചന്ദ്രൻ ജഗച്ചന്ദ്രൻെറ ജാമാതാവാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ.

പ്രഭാവതി ജ്യേഷ്ഠത്തിയുടെ ചോദ്യത്തിന് ഉത്തരംപറയാതെ തലതാഴ്ത്തിനിന്നു. ഹൈമവതി വീണ്ടും നോക്കി "പ്രഭേ? നിന്നെ എന്റെ ഒരു ഉടപ്പിറന്നവളെപ്പോലെയല്ല, സ്വന്തം മകളെപ്പോലെയാണു ലാളിച്ചുവളൎത്തിവരുന്നതു്. ഞാൻ വെറും വാഴ്‌വാക്കല്ല പറയുന്നതു്. നീ ഏററവും ഭൎത്തൃപ്രണയമുള്ള കുട്ടിയായ് തീരും. നീ ഇപ്പോൾ ആരുടെ പേര് കേട്ടാൽ കോപംകൊണ്ടു ഓടിപ്പോകുന്നുവോ അങ്ങനെയുള്ള ആളെ അരനിമിഷം കാണാതിരുന്നാൽ ഈ ലോകം ഇരുളടഞ്ഞപോലെ നിണക്കതോന്നും. എനിക്ക് ആരും ഇങ്ങനെ ഉപദേശിക്കാനോ ആശീൎവ്വദിക്കാനോ ഉണ്ടായിരുന്നില്ല' എന്നുപറഞ്ഞതിന് 'ചേച്ചി എനിക്ക ഉറക്കംവരുന്നു. ആഭരണങ്ങളൊക്കെ അഴിച്ചെടുക്കു' എന്ന അപേക്ഷമാത്രമേ പുറപ്പെട്ടുള്ളു.'

ഹൈമ വിരോധംഭാവിക്കാതെ, കണ്ണീർതുടച്ചു പൊ ന്പണ്ടങ്ങളൊക്കെ അഴിച്ചെടുത്തു. പ്രഭാവതി ശയനീയ ത്തിൽ പോയ്കിടന്നു; ഉടനെ നിദ്രാദേവിയുടെ പരിരംഭണ സുഖത്തിൽ ലയിക്കുകയും ചെയ്തു.

ഈ അവസരത്തിലാണ് ജഗച്ചന്ദ്രൻ ആ മുറിയിലേയ്ക്കു കടന്നതു. ഹൈമവതിയോടു് 'പ്രകാശൻവരുമ്പോൾ വ ല്ലസ്നേഹിതന്മാരുടേയും നിർബ്ബന്ധംകൊണ്ടു ഇടയ്ക്കു് ഏതെ ങ്കിലും സ്റ്റേഷനൽ ഇറങ്ങിയിട്ടുണ്ടായിരിക്കും. അഥവാ സംഗതിവശാൽ തീവണ്ടിയിൽ നിന്നിറങ്ങിനിൽക്കുമ്പോൾ വിചാരിക്കാതെ പെട്ടെന്ന് വണ്ടിപോകയാൽ ആ സ്റ്റേഷനി ൽത്തന്നെ ഇനിയത്തെ വണ്ടിവരെത്താമസിച്ചു പോയെന്നും വരാം

ഹൈമ:— അങ്ങനെതന്നെയാണെന്നിരിക്കട്ടെ. എന്നാൽ വിവരത്തിന് ഒരു കമ്പി അടിച്ചുകൂടെ?

ജഗ:— ശരി. പക്ഷേ നാളെഎത്തുമല്ലോ. പിന്നെന്തിനാ ണ് കമ്പിയടിക്കുന്നതെന്നു കരുതിയിരിക്കാം.

ഹൈമ:— എനിക്കു ചില ദുശ്ശങ്കകൾ തോന്നുന്നു.

ജഗ:— നാം ഇങ്ങനെ വ്യസനിച്ചുകൊണ്ടിരിക്കുമെന്നു പ്രകാശൻ അത്ര ആലോചിച്ചിരിക്കയില്ല; നാളെക്കാ ലത്തു വന്നുചേരും

ഊണുകഴിഞ്ഞശേഷം ജഗച്ചന്ദ്രൻെറ ദൃഷ്ടി പ്രഭാവ തിയുടെ മേൽ പതിഞ്ഞു. ആയാൾ ആശ്ചര്യപ്പെട്ടു്, 'ഇ തെന്തു്? പ്രഭ ഉറങ്ങിയോ അതോ ഉണർന്നുകിടക്കുകയോ? കുട്ടിയ്ക്കു വലിയ ക്ഷീണമുണ്ടായിരിക്കു'.

ഹൈമവതി അല്പം പിന്തിരിഞ്ഞുനോക്കി 'അപ്പ! അവള്ഉറക്കമായി. പ്രഭ ഒരു പിഞ്ചുകുട്ടി ഇതേവരെ താന്റെടം വന്നിട്ടില്ല. അല്ലെങ്കിൽ ഇതൊക്കെക്കേട്ടിട്ട് ഇത്രവേഗം പോയ്ക്കിടന്നുറങ്ങുമോ?

ജഗ:— ഇങ്ങനെ സരളഹൃദയമുള്ള കുട്ടികൾക്കു അനർത്ഥശങ്ക ഉദിക്കയില്ല. അതൊന്നും സാരമില്ല. പോയുറങ്ങു; എനിക്കും ഉറക്കംവരുന്നു.

ഇങ്ങനെപറഞ്ഞു ജഗച്ചന്ദ്രൻ ശയനഗൃഹത്തിലേയ്ക്കുപോയി.

അഞ്ചാം അദ്ധ്യായം.

## ഗൃഹാഗമനം

പിറേറദിവസം അരുണോദയമായതോടുകൂടി ജഗച്ചന്ദ്രൻ സ്വന്തം ജടുക്കകെട്ടിച്ചു് സ്റ്റേഷനിലേയ്ക്കുപോയി യഥാകാലം തീവണ്ടിയും എത്തി. പ്രകാശചന്ദ്രൻ ആ വണ്ടിയ്ക്കു വന്നിട്ടില്ല. കാരണമറിയാതെ അദ്ദേഹത്തിനു് വിഷാദമുണ്ടായി. അല്പനേരം ചിന്താവിലീനനായിരുന്നശേഷം കൽക്കത്തയ്ക്കു് ഒരുകമ്പികൊടുത്തു് മനസ്താപത്തോടെ വീട്ടിലേയ്ക്കു മടങ്ങി.

പതിനൊന്നുമണിയായി. ഹൈമവതിയും അച്ഛനും അകത്തു് ചിന്താസന്തപ്തരായിരിക്കുന്നു. അപ്പോൾ രാമചരണൻ ഓടിവന്നു് 'ചെറിയ യജമാനൻ എത്തി' എ

ന്നറിയിച്ചു. ഒരു ആനന്ദതരംഗം അവരുടെ അന്തരംഗ
ത്തിൽ അടിച്ചുകയറി. കോലായിലേയ്ക്കു് രണ്ടുപേരും ബ
ദ്ധപ്പെട്ടുവന്നു. പ്രകാശൻെറ ആഗമനം ഇരുവരുടേയും ദൃഷ്ടി
മാൎഗ്ഗത്തിൽപെട്ടു. ജഗച്ചന്ദ്രൻ, 'അല്ലാ എന്താണിത്രവൈകി
യതു്? വഴിയ്ക്കു് വല്ല തകരാറും നേരിട്ടുവോ? ,എന്നു ഉത്ക
ണ്ഠിതനായി.

പ്രകാശചന്ദ്രൻ 'ഞാൻ ഭയങ്കരമായ ഒരു ആപത്തിൽ
അകപ്പെട്ടുപോയി. നിങ്ങളെയൊക്കെക്കാണാൻ കഴിയുമെ
ന്നുകൂടിക്കരുതിയിരുന്നില്ല. പക്ഷെ, ദൈവഗത്യാ ഈ ബാ
ലികയാണു് എൻെറ പ്രാണനെ രക്ഷിച്ചതു്".

വനബാല സങ്കോചംകൂടാതെ അവിടെത്തന്നെ നി
ന്നു. അവരുടെ ദൃഷ്ടി ഒന്നായി ആ കുമാരിയുടെമേൽ പതി
ഞ്ഞു. ഖനിയിൽ നിന്നെടുത്തു് ചാണയ്ക്കിടാത്ത അമൂല്യര
ത്നശലാകയോ ഭസ്മരാശിയിൽ മറഞ്ഞുകിടക്കുന്ന അഗ്നി
സ്ഫുലിംഗമോ എന്നു് ഭ്രാന്തി ജനിപ്പിക്കുന്ന അലോകലാവ
ണ്യം അവരുടെ കണ്ണുകളിൽ കൎപ്പൂരധാരചെയ്തു. ആ കോ
മളകുമാരി മൃദുമധുരമായ മന്ദഹാസം പൊഴിച്ചു് അവരുടെ
മദ്ധ്യത്തിൽത്തന്നെ നിൽക്കുകയായിരുന്നു. കാററത്തു് ചി
ന്നിയ കാർമുകിൽമാല പൂനിലാവിൻെറ പുഷ്കലദ്യുതി
യെ മറയ്ക്കുന്നതുപോലെ മലിനദുകൂലം ആ മോഹനാംഗ
യുടെ സഹജ സുഷമയ്ക്കുള്ള മാററ് കുറച്ചിരുന്നു.

പ്രകാശചന്ദ്രൻ സംക്ഷിപ്തമായ് തലേന്നാൾ രാത്രിയി
ലെ ഭയങ്കരസംഭവങ്ങൾ പറഞ്ഞുകേൾപ്പിച്ചു. 'എൻെറ
പ്രാണനെ രക്ഷിച്ചതു് ഈ പുണ്യശീലയാകയാൽ ഘാതക

നായ അവളുടെ അച്ഛൻെറ അധീനതയിൽ നിന്നു ഞാൻ മോചിപ്പിച്ചുകൊണ്ടുവന്നതാണ്; നിങ്ങളെല്ലാം ആ കുമാരിയുടെ നേരെ സസ്നേഹം പെരുമാറിയാൽ കൊള്ളാം, എന്ന് അപേക്ഷിച്ചു

ഹൈമവതി തത്ക്ഷണം ആ കുട്ടിയുടെ അടുത്തുചെന്നു പാടലകപോലത്തൽ കൈവെച്ചു "ഇന്നുതൊട്ടു നീയും എൻെറ ഒരു അനുജത്തിതന്നെ. കുട്ടിയുടെ പേരെന്താണ്" എന്നു പ്രേമകോറളമായ് ചോദിച്ചു

അവ്യാജമനോഹരമായ് വനകുലപോലെ ഇടതൂർന്നു വളൎന്ന വാർകുന്തളം ഇളകിക്കളിക്കുമാറ് തലയാട്ടി പുഞ്ചിരിക്കൊണ്ടു ആ കിശോരി 'എൻെറപേർ വനബാല' എന്നു പ്രത്യുത്തരം നൽകി.

ഹൈമവതി വനബാലയെ അന്തഃപുരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ശ്വശുരനും ജാമാതാവും ഓരോന്നു സംസാരിച്ചു പുറത്തേയ്ക്കു ഗമിച്ചു.

വനബാലയെ സ്നാനം ചെയ്യിച്ച് വിശേഷപ്പെട്ടസാരിയും ആഭരണങ്ങളും ധരിപ്പിക്കാൻ തുടങ്ങി. ആ സമയം ഹൈമവതിയ്ക്കു എന്തോ ഒരു പൂൎവ്വസ്മരണ ഹൃദയത്തിൽ ഉദ്ദീപിതമായി; അവളുടെകണ്ണുകൾ പെട്ടെന്നു അശ്രുധാരാകലുഷമായി. ആ ആഭരണങ്ങൾക്കും നയനപ്രാന്തങ്ങളിൽ വന്നുചേൎന്ന ബാഷ്പബിന്ദുക്കൾക്കും എന്തോ ഒരു സംബന്ധമുണ്ടായിരിക്കാം, അല്ലേ? അവൾ ദീൎഘമായൊന്നു നിശ്വസിച്ച്, കണ്ണീർ തുടച്ച്. വനബാല 'വേണ്ട വേണ്ട'യെന്നു റി

ങ്ങുണ്ടെങ്കിലും കൂട്ടാക്കാതെ ആഭരണങ്ങളണിയിച്ചു. ഗാണലക്ഷണമേൽക്കാതിരുന്ന ആ രത്നം ഇപ്പോൾ പ്രശോഭിതമായി; ഭസ്മാച്ഛാദിതമായ അഗ്നി പെട്ടന്നു പ്രദീപ്തമായി. വനബാല അയത്നസിദ്ധമായ അംഗലാവണ്യധോരണിയാൽ ഗൃഹാന്തർഭാഗത്തെപ്പൊട്ടുന്നനവെ പ്രകാശിപ്പിച്ചു.

തത്സമയം പ്രകാശൻ അകത്തേയ്ക്കു കടന്നു. വനബാലയുടെ രമ്യതെഴുകുന്ന അകൃത്രിമദ്യുതി പരിപൂർണ്ണമായ്തെളിഞ്ഞുകണ്ടു നിശ്ശബ്ദനായ്ന്നു. പഞ്ജരബദ്ധയായ ശാരിക തുറന്നുവിട്ടാൽ പറന്നു പാഞ്ഞുവരുന്നതുപോലെ വനബാല ഓടിവന്നു രണ്ടുകൈകൊണ്ടും പ്രകാശനെക്കഴുത്തിൽ കെട്ടിപ്പിടിച്ചു. അനന്തരം മെയ്യാഭരണങ്ങൾകാണിച്ച് 'എന്നെ ഇങ്ങനെ കെട്ടിയിട്ടിരിക്കുന്നതു നോക്കൂ. ഈ കെട്ടഴിച്ചുവിടൂ. ഇങ്ങനെ കെട്ടിയിട്ടില്ലെങ്കിലും നിങ്ങളെവിട്ടു ഞാൻ കാട്ടിലേക്കു പോവുന്നതല്ല' എന്നായി.

ഹൈമവതിയ്ക്കു വനബാലയുടെ സാഹസംകണ്ടു സഹിക്കാതായി പ്രകാശൻ ആ ഭാവാന്തരം കണ്ടറിഞ്ഞു, "ഈ പെൺകിടാവിനു ലോകപരിചയം ഇല്ല; ലജ്ജയെന്താണെന്നറികയില്ല. പക്ഷെ അവളുടെ ഹൃദയം താപസികളുടേതുപോലെ പരിശുദ്ധമാണ്. ആചാരവിരുദ്ധമായ ഇവളുടെ പെരുമാററം കണ്ട് ഇതരശങ്കതോന്നിപ്പോവരുതേ" എന്നു അപേക്ഷിച്ചു.

അനന്തരം ബാലയുടെ ബാഹാലതയെ വേർപ്പെടു

ത്തി. പ്രകാശൻ, 'നിന്നെക്കെട്ടിയിരിക്കയല്ല; നിന്നിലുള്ള വാത്സല്യംകൊണ്ടു ജ്യേഷ്ഠത്തി ആഭരണങ്ങളണിയിച്ചതാണു' എന്നുപറഞ്ഞതുകേട്ട്,

വനബാല അല്പമൊന്നുചിരിച്ചു, 'അതുകൊണ്ടാണെങ്കിൽ ഇനി അഴിച്ചുകളയാമല്ലോ. സ്നേഹംകാട്ടിക്കഴിഞ്ഞല്ലോ; ദേഹത്തിൽ വലിയഭാരം തോന്നുന്നു'

ഇങ്ങനെ അസഹ്യത ഭാവിച്ചു വീണ്ടും പ്രകാശനെ പ്പരിരംഭണംചെയ്തു. ഹൈമവതിയ്ക്കു ഇനി ആ സാഹസംകണ്ടു സഹിക്കാൻ വയ്യാതെ, 'വനബാലേ, വത്സേ, ഭാരമായിത്തോന്നുന്നുണ്ടെങ്കിൽ ആഭരണമൊക്കെ അഴിച്ചെടുത്തേയ്ക്കാം' എന്നു രസക്ഷയം ഭാവിച്ചു

വനബാല തലയാട്ടി പ്രകാശന്റെ നേരെകണ്ണോടിച്ചു, 'നിങ്ങളഴിച്ചാൽമതി; ചേച്ചി വേണ്ട' എന്നായി.

ഹൈമ പ്രകാശനെസ്സാകൂതമായൊന്നു നോക്കി. പ്രകാശൻ 'അതുകൊണ്ടെന്താ തരക്കേട്? ശരി ഞാൻതന്നെ അഴിച്ചേയ്ക്കാം'.

മെയ്യലങ്കാരമെല്ലാം പ്രകാശൻതന്നെ അഴിച്ചെടുത്തു. ഭക്ഷണംകഴിഞ്ഞ് അയാൾ പുറത്തേയ്ക്കുപോയി. വനബാല അന്തപ്പുരത്തിലേക്കുകൂടി.

ആ സുശീല അവിടെ അടങ്ങിയൊതുങ്ങിയിരുന്നില്ല. ഓരോമുറിയിലും ചെന്നു ആരെയോ അന്വേഷിച്ചുകൊണ്ടിരുന്നു. ഗൃഹസാമഗ്രികൾ വെച്ചിരിക്കുന്നതു കാണുവാനുള്ള കൌതുകംകൊണ്ടു നടക്കുകയായിരിക്കുമെന്നു കരുതി

ഹൈമവതി മൌനമവലംബിച്ചു. വനബാലയ്ക്കു് കുടുംബചിന്തയില്ലെന്നു് നമുക്കറിയാം. അവൾ മറെറാരു സൌന്ദര്യമൂത്തിയെത്തിരയുകയാണ്. ഒരുമുറിയിൽ പ്രഭാവതിയെ കണ്ടെത്തി. പ്രിയൻെറ ആഗമനശേഷം പ്രഭ വാടിയവദനത്തോടുകൂടിയിരിക്കയാണ്. പക്ഷേ, ദൃഷ്ടക്ഷണത്തിൽ ശോകഭാവം മറച്ചു. ഉദിച്ചുപൊങ്ങുന്ന ആ ലാവണ്യലഹരികണ്ടു് പ്രഭ ആശ്ചര്യപ്പെട്ടുപോയി. ഇളങ്കാററിലിളകുന്ന കരിങ്കുവലയപ്പൂപോലെയുള്ള ബാലാവിലോചനങ്ങളും പ്രഭയെക്കണ്ടു് നിഷ്പന്ദമായ് തീൻ. കളിത്തുതളിത്ത കാഞ്ചനലതപോലെ നവയൌവനസംഗത്താൽ നയനാഭിരാമമായിരുന്ന വനബാലയുടെ വപുസ്സ് പ്രഭാവതിയുടെ ശ്യാമശരീരത്തിൽ താരുണ്യലക്ഷ്മിയുടെ വിലാസങ്ങളിതേവരെ വെളിപ്പെട്ടിരുന്നില്ല. വനബാലയുടെ കൈ പ്രഭാവതി വന്നുപിടിച്ചപ്പോൾ 'കാളിന്ദിയും ഗംഗയുമേകഭാഗേ-മേളിച്ചകാന്തിപ്രസരം കലൻ'.

പ്രഭാ:—നിങ്ങൾക്കെത്രവയസ്സായി?

വനഃ—എനിക്കറിയില്ല.

പ്രഭഃ—നിങ്ങൾക്കാണ് എന്നേക്കാൾ പ്രായം. അതുകൊണ്ടു് ഞാൻ 'ജ്യേഷ്ഠത്തി' യെന്നുവിളിച്ചേക്കാം.

വനഃ— എനിക്കിവിടെ ഒരു ജ്യേഷ്ഠത്തിയുണ്ടല്ലൊ. ഞാൻ ജ്യേഷ്ഠത്തിയായാലെന്താണ് ചെയ്യേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ.

പ്രഭഃ—അനുജത്തിയെ നല്ലപോലെ സ്നേഹിച്ചുകൊണ്ടുനട

ക്കണം. എൻെറ നേരെ സ്നേഹമുണ്ടാവില്ലെ?

വനബാല കുറച്ചുനേരം മൌനംഭാവിച്ചു്, സ്നേഹത്തോടെ പെരുമാറിക്കൊള്ളാം. പിന്നെയും അല്പനേരം ആലോചിച്ചു് 'സ്നേഹത്തിനെന്താണു് ചെയ്യേണ്ടതു്'?

പ്രഭാവതിക്കു് ചിരിവന്നു. ഇതെങ്ങനെപറഞ്ഞു മനസ്സിലാക്കും. കുറച്ചാലോചിച്ചു് 'നിങ്ങൾക്കു് ആരും ഇല്ലേ? എന്നുചോദിച്ചു. നിങ്ങൾ ആരേയും ഇതേവരെ സ്നേഹിച്ചിട്ടില്ലേ?'

വന:—എനിക്കു് അച്ഛൻമാത്രമേ ഉള്ളു.

പ്രഭ:—എന്തു്! വേറെ ആരുംതന്നെ ഇല്ലേ?

വന:—പിന്നെ ഇവിടെക്കുട്ടിക്കൊണ്ടുവന്ന ആളുമുണ്ടു്.

പ്രഭാവതി ചിരിച്ചു് ചിരിച്ചു് 'നിങ്ങളെ ഇവിടെക്കൊണ്ടുവന്ന ആളുടെനേരെ സ്നേഹമുണ്ടോ' എന്നു് ചോദിച്ചതിന്നു്,

വന:—അതെനിക്കറിഞ്ഞുകൂടാ.

പ്രഭ:—ഇരിക്കട്ടെ. നിങ്ങൾ ഞങ്ങളൊന്നിച്ചുതന്നെ താമസിക്കുമോ.

വന:—താമസിക്കാം.

പ്രഭ:—നിങ്ങടെ അച്ഛനെക്കുറിച്ചു് നിങ്ങൾക്കു് വിചാരമില്ലേ?

വന:— എന്നെ ഇവിടെക്കൊണ്ടുവന്ന ആളുടെക്കൂടെതാമസിക്കുമ്പോൾ അച്ഛനെക്കാണണമെന്നു് ആഗ്രഹം തോന്നുന്നില്ല.

പ്രഭവീണ്ടും ചിരിച്ചു, 'കൊള്ളാം നിങ്ങളെൻെറ ഒന്നിച്ചു കൂടിക്കോളു' എന്നു് സ്നേഹംപ്രദൎശിപ്പിച്ചപ്പോൾ,

വന:—അങ്ങിനെ ആവാം. പക്ഷെ ആ ആളും ഒന്നിച്ചുണ്ടാവില്ലേ?

പ്രഭ:—ഏതാളു്?

വന:—അറിഞ്ഞുകൂടേ-എന്നെ ഇവടെക്കൊണ്ടുവന്ന ആളേ!

പ്രഭാവതിയുടെ അധരപുടത്തിൽ പിന്നെ ആ പുഞ്ചിരികണ്ടിട്ടില്ല; ഒരക്ഷരംപോലും പുറപ്പെട്ടില്ല. പ്രഭ വിസ്മിതനേത്രയായി നിഷ്കമ്പപ്രദീപംപോലെ വനബാലയുടെ മുഖത്തുനോക്കിക്കൊണ്ടുതന്നെ നിന്നു.

ആറാം അദ്ധ്യായം.

# നൈരാശ്യമയ ജീവിതം.

രാത്രി പത്തുമണിക്കു് പ്രകാശൻ ശയനഗൃഹത്തിലേക്കു് പോയി. അവിടെ പത്നി പ്രഭാവതി മുഖം മറച്ചു കിടക്കയിൽ ഒരുഭാഗത്തു ശയിക്കുന്നു. പ്രകാശനും സഹശയിച്ചു. ആദ്യം പ്രഭതന്നെ സംഭാഷണം ആരംഭിക്കട്ടെ എന്നുകരുതി ആ ചിരവിരഹിതൻ മൗനഭേദനം ചെയ്തില്ല. പല യാമങ്ങളും ആ നിതാന്തനിശ്ശബ്ദതയിൽ ലയിച്ചുപോയി.

ശരീരം അനക്കുന്ന ശബ്ദംകൂടി കേൾപ്പാനില്ല. ഇനി നിന്ദ്രനം നിശ്ശബ്ദനും ആയിരിക്കുവാൻ കഴികയില്ലെന്നുകരുതി പതുക്കെ, 'പ്രഭേ' എന്നുവിളിച്ചു.

ഉത്തരമൊന്നുമില്ല. 'പ്രഭേ' എന്നുവീണ്ടും വിളിച്ചു നോക്കി. പണ്ടത്തേപ്പോലെ നിരുത്തരം, നിശ്ശബ്ദം. പ്രഭാവതി ഉറങ്ങിയിരിക്കുമോ? നിശ്ശ്വാസോച്ഛ്വാസശബ്ദങ്ങളാൽ ആ ലക്ഷണം കാണുന്നില്ല.

പലപ്രാവശ്യം ഇങ്ങനെ കണ്ഠക്ഷോഭം ചെയ്തശേഷം അതിക്ഷീണവും അസ്പഷ്ടവുമായ സ്വരത്തിൽ 'എന്താ'എന്നൊരുത്തരം ആ കാമിനീകണ്ഠത്തിൽനിന്നു നിർഗ്ഗളിതമായി.

പ്രകാശ:— നിണക്കു ഇത്രവേഗം ഉറക്കം വന്നുപോയോ? എന്നു തുടൻറു.

പിന്നെയും തന്ത്രിമുറിഞ്ഞ വീണപോലെ ശബ്ദംകേൾക്കാതായി. അംഗചാലനംകൊണ്ടും അക്ഷരം പുറപ്പെടാതായപ്പോൾ, പ്രകാശനു കോപം പ്രസ്ഫുരിച്ചു. 'പ്രഭേ ഇതാ ഞാനെണീററുപോകുന്നു' എന്നു ഗൌരവം ഭാവിച്ചു.

യഥാപൂർവ്വം ആ ക്ഷീണസ്വരത്തിൽ—'എന്താ' എന്നു മാത്രം.

പ്രകാശൻ വ്യാകുലഭാവത്തിൽ 'നാംതമ്മിൽ വേർപിരിഞ്ഞിട്ടു എത്രയോ നാൾകഴിഞ്ഞ് ഒന്നുവരുമ്പോൾ ഇങ്ങനെ സംസാരിക്കാതിരിക്കയൊണോവേണ്ടതു? അന്നു പ്രഭ ഒരുകുട്ടിയായിരുന്നു. ഇപ്പോൾ കുട്ടിപ്രായമൊക്കെ വിട്ടു. പ്രഭേ!

പ്രണയമധുരമായി ഒന്നു തുറന്നു സംസാരിക്കൂ' എന്നായി.

യാതൊരു പ്രത്യുത്തരവും ഇല്ല. നിശിതനൈരാശ്യത്താൽ ആ യുവാവിന്റെ ഹൃദയം വിദാരിതമായി. ഇതികർത്തവ്യതാബോധം ഇല്ലാതായ്തീൎന്നു. കുറേനേരംവിചാര വിധുരതയോടെ മൌനം ആശ്രയിച്ചു. എത്രനേരം ഇങ്ങനെ മിണ്ടാതിരിക്കും? ഒടുവിൽ കരുണരസോദ്ദീപകമായ കണ്ഠസ്വരത്തിൽ 'ഞാൻ നിന്റെനേരെ യാതൊരു അപരാധവും പ്രവൎത്തിച്ചിട്ടില്ല അങ്ങനെയിരിക്കെ, എന്തിനാണ് ഇപ്രകാരം എന്നെയിട്ട് പീഡിപ്പിക്കുന്നത്'? എന്നു അനുനയിച്ചുനോക്കി.

പ്രഭാവതി ഇത്തവണയും 'എന്താ' എന്ന പല്ലവി തന്നെ പാടി.

നേരം പ്രകാശമായി. ആ നിരാശനായ യുവാവ് ഉറക്കമൊഴിച്ച് ആലസ്യത്തോടെ വാതിൽ തുറന്നു പുറത്തേയ്ക്കുവന്നു. ഇതാ ഉത്ഫുല്ലലോചനയായി ഉദയരവിയുടെ രശ്മിശലാകപോലെ വനബാല ഓടിവന്നു കെട്ടിപ്പിടിച്ചു കഴിഞ്ഞു. ചന്ദ്രൻ ഉദ്വേലിതമായ തന്റെ ഹൃദയത്തെ ഒരുവിധം ഒതുക്കിനിറുത്തി, പെട്ടന്ന് വനബാലയെപ്പരിരംഭണത്തിൽ നിന്നുവേർപെടുത്തി. പക്ഷെ, ഈ സംഭവം ശ്രദ്ധമായിരുന്നില്ല. അല്പം അകലെ, ഒരുസ്ത്രീ ഈ ചേഷ്ടകളെ നിരീക്ഷിച്ചു നിൽക്കുന്നുണ്ടായിരുന്നു. അതു് മററാരുമല്ല; പ്രഭാവതിയുടെ ജ്യേഷ്ഠത്തി ഹൈമവതി!

## ഏഴാംഅദ്ധ്യായം.

# സരളാന്തരംഗം.

---

ഇങ്ങനെ ആഴ്ച രണ്ടുകഴിഞ്ഞു. പ്രകാശചന്ദ്രൻെറ അനനയപ്രയോഗങ്ങൾ കൊണ്ടൊന്നും പ്രഭാവതിയുടെ പ്രകൃതിയ്ക്കു ഭേദംവന്നില്ല. വനബാലയുടെ സാരള്യസമ്മിളിതമായ ചേഷ്ടാവിലാസങ്ങൾ ആ യുവാവിൻെറ ഹൃദയമർമ്മങ്ങളെ സ്പർശിച്ചു. ഒരുഭാഗത്തു് പ്രഭാവതിയുടെ തിരസ്കാരം— മറെറാരിടത്തു വനബാലയുടെ ആകർഷണം— ഇങ്ങനെ രണ്ടുവിഭിന്ന പ്രവാഹങ്ങളുടെ മദ്ധ്യേ പ്രകാശൻ അങ്ങോട്ടുമിങ്ങോട്ടും അലച്ചു. അനുരഞ്ജനത്തിൻെറ ഫലമൊക്കെ 'എന്താ' എന്നുള്ള ചല്ലവിയിൽ പര്യവസാനിച്ചതേ ഉള്ളൂ. ഇങ്ങനെ ത്രിശങ്കുസ്വർഗ്ഗത്തിൽപെട്ടിരിക്കുന്ന നമ്മുടെ നായകന് എങ്ങനെ സുഖാനുഭൂതിയുണ്ടാകും? പ്രഭാവതി രണ്ടാഴ്ചകഴിഞ്ഞശേഷം പ്രകാശനോട്ട് 'പ്രസ്ഫുരമാണമാക്ഷേപസംപുടത്തോടെ' വേറെയും ചില അഭ്യോക്തികൾ ഉരിയാടാൻതുടങ്ങി. അതുതന്നെ എണ്ണത്തിലെത്ര? 'എനിക്കുറക്കംവരുന്നു' അഥവാ 'ഇതെന്തുപദ്രവമാണീശ്വര' അല്ലെങ്കിൽ 'വെറുതെ വെറുപ്പാക്കാതിരിക്കൂ' എന്നിങ്ങനെ ചിലതൊക്കെപ്പുലമ്പാറുണ്ടു്.

പ്രകാശൻെറ ഹൃദയം വ്രണപ്പെട്ടു; ആശയൊക്കെ അസ്തമിച്ചു. ഉള്ളിലിരുളടഞ്ഞു. പത്നിയെ അനുകൂലയാക്കാനുള്ള പ്രയത്നമെല്ലാം ശിഥിലമായ്ത്തീൻ. ഇങ്ങനെ

മാസം ഒന്ന് ഒരു യുഗംപോലെക്കഴിച്ചുകൂട്ടി. കുറേക്കഴിഞ്ഞപ്പോൾ പ്രഭാവതിയുടെ പരിമ്ലാനമുഖത്തു് അല്പമൊരു വികാസംകണ്ടു. പക്ഷെ, എന്തെങ്കലും ചോദിച്ചാൽ, അമർഷത്തോടെ ഇടിവെട്ടുംപോലെയുള്ള മറുപടികേൾക്കുമ്പോൾ മനസ്സ് മട്ടിപ്പോകും. കോപാകുലിതയായ ജീവനായികയെസ്സാന്ത്വനം ചെയ്യാൻ സഹിച്ച ക്ലേശത്തിന്റെ പരിണാമം ദാരുണമായി അമൃതൊഴുകേണ്ട ആ വാക്യങ്ങൾ പ്രകാശന്റെ ഹൃദയത്തിൽ വിഷമാണ് വർഷിച്ചതു്. ഒരുരാത്രി അവരൊന്നിച്ചു നടന്ന സല്ലാപം ഇങ്ങനെയാണ്: ഇക്കുറി 'പ്രഭേ' എന്നുവിളിച്ചപ്പോൾ തത്ക്ഷണം ഉത്തരം മൂളി. പ്രകാശൻ അല്പം ഒരു ആശ അങ്കുരിച്ച്,

'എന്താണ് നീ എന്നോടൊന്നും സംസാരിക്കാതിരിക്കുന്നതു? എന്നു ആരംഭിച്ചു

പ്രഭ:— എന്തു സംസാരിക്കാനാണ്?

പ്രകാ:— ഞാനൊരുകാര്യം ചോദിക്കട്ടെ, പരമാത്ഥം പറയാമോ?

പ്രഭാ:— കാര്യമെന്താണ്, കേൾക്കട്ടെ.

പ്രകാ:— നിങ്ങൾക്കെന്നോട്ട് സ്നേഹമുണ്ടോ ഇല്ലയോ?

പ്രഭാവതി ഒട്ടും ഭാവഭേദംകൂടാതെ 'ഇല്ല. എനിക്ക് സ്നേഹമില്ല' എന്നുതുറന്നുവിട്ടു. നിർമ്മേഘമായനഭസ്സിൽ മിന്നൽപിണർപോലെ ഒരു വികാരസംരംഭം യുവാവിന്റെ ഹൃദയത്തിൽക്കൂടി ഊക്കിൽപാഞ്ഞു.

പ്രഭാവതി പറഞ്ഞതൊക്കെപ്പരമാത്ഥമോ? കടന്നൽ

ക്കത്തേററതുപോലെ പ്രകാശൻ നട്ടുങ്ങി; പിന്നെ ഒന്നും ചോദിച്ചതേയില്ല. എന്തോ ആലോചിച്ച് അശ്രുകഷായിതമായ കണ്ണുകളോടുകൂടി അങ്ങനെതന്നെ ഇരുന്നു. ഹൃദയഭേദിയായ ആ നിശ്ശബ്ദപരിദേവനത്തിന്റെ ആഴം നിശ്ചയമായും പ്രഭയുടെ ഉള്ളിൽ തട്ടിയില്ല; അവളങ്ങോട്ടു തിരിഞ്ഞുനോക്കിയതേ ഇല്ല. അല്പംകഴിഞ്ഞ് പ്രകാശൻ ബാഷ്പവേഗംതടഞ്ഞു, കരുണസ്വരത്തിൽ 'നീ പരമാർത്ഥം പറയേണ്ട; നേരംപോക്കായിട്ടെങ്കിലും, അഥവാ കളവായിട്ടെങ്കിലും, എന്റനേരെ സ്നേഹമുണ്ടെന്നു ഒന്നുപറയൂ!' എന്ന് അർത്ഥിച്ചു.

പ്രഭാവതി ഇക്കുറി ഒരുമറുപടിയെങ്കിലും പറഞ്ഞില്ല. പ്രകാശൻ അക്ഷമനായി വീണ്ടുംവീണ്ടും ചോദ്യവും തുടങ്ങി. അപ്പോൾ പ്രഭ പുരികക്കൊടിചുളിച്ച്, അത്യുച്ചത്തിൽ 'ഇതെന്ത്‌ന്തുലാമാല— എനിക്ക് ഉറങ്ങാനും സ്വൈരംതരുന്നില്ല' എന്നായി.

പ്രകാശൻ മൂകനായി. അയാളുടെ മധുരോക്തിയൊക്കെ വനരോദനമായ്ക്കലാശിച്ചു. വിവിധചിന്തകളാൽ ഹൃദയംവെന്തുരുകി. പ്രഭാവതിയാകട്ടെ ഗാഢനിദ്രയിൽ മഗ്നയാവുകയുംചെയ്തു. അവളുടെ ഒരു നെടുവീർപ്പ് ശ്രുതിപുടത്തിൽ പതിച്ചു. അങ്ങോട്ടുതിരിഞ്ഞുനോക്കിയപ്പോൾ ആ യുവകമിതാവിന്റെ മനോവേദനയ്ക്ക് മറുകരയില്ലാതായി. നിദ്രാഗതയായ ദയിതയുടെ ഓരോനിശ്വാസവും അയാളുടെ മനസ്സിൽ ഓരോശൂലം തറച്ചതുപോലെയായ്ത്തീർന്നു. ദുസ്സഹമായ ദുഃഖാവേശത്തോടുകൂടിത്തന്നെ ആ രാത്രി

കഴിഞ്ഞു. പ്രഭാവതി ഉണൎന്നിട്ടില്ല. അരുണോദയത്തിനുമുമ്പ്, പ്രകാശൻ ശയനഗൃഹംവിട്ടു പുറത്തേക്കുപോയി. അല്പം ദൂരത്തുനിന്ന് വനബാലയുടെ വിമലവിഗ്രഹമാണ് നമ്മുടെ ശൂന്യഹൃദയനായ യുവാവു കണ്ടെത്തു്. ആ സരളഹൃദയ ഭുജവല്ലികൊണ്ടു പ്രകാശനെ ബന്ധിക്കാൻതുടങ്ങി. യുവാവിന് അവളെ ആ സാഹസകൃത്യത്തിൽനിന്നു വിരമിപ്പിക്കുവാൻ വളരെ പ്രയത്നപ്പെടേണ്ടിവന്നു. സമീപത്തു നിന്നിരുന്ന ഹൈമവതി കോപംകൊണ്ടുകലങ്ങി മറിഞ്ഞ കണ്ണുകളോടുകൂടി ആ ചേഷ്ടകൾനോക്കി ഉറക്കെ 'വനബാലേ' എന്നു സാഭിപ്രായം വിളിച്ചു.

ആ ശബ്ദംകേട്ട് പ്രകാശൻ വനബാലയുടെ പിടിയിൽ നിന്നു ഒരുവിധം ഒഴിഞ്ഞുമാറി. ബാല അതിൻെറ ഗൌരവമൊന്നും ആലോചിക്കാതെ പ്രകാശനെ ബലപ്പെട്ടു് അനുഗമിച്ചു. ഹൈമവതി കോപംസഹിക്കാൻ വയ്യാതെ, ഓടിച്ചെന്നു് ബലമായി വനബാലയുടെ മുടിപിടിച്ചു വലിച്ചുനിറുത്തി. സാധുബാലിക പരിഭ്രമിച്ചു് ജ്യേഷ്ഠത്തിയുടെ മുഖത്തു വനഹരിണിപോലെ സരളദൃഷ്ടികളെപ്പതിച്ചു നിന്നു.

## എട്ടാം അദ്ധ്യായം.

# പരിസരശക്തി.

ആ നീണ്ടുവിരിഞ്ഞ നീലവിലോചനങ്ങളിൽ എന്തൊരു സാരള്യമാണ് നിഴലാടുന്നതു്! ആ കടക്കൺമുനയു

ടെ അവ്യാജവിലാസം ഏതൊരു കരിങ്കൽക്കരളിനെയാണ് അലിയിക്കാത്തത്? കുമാരിയുടെ കുന്തളഭാരം പിടിച്ചുവലിച്ചു ക്രോധാകുലയായ് നിന്നിരുന്ന ഹൈമവതി ആ പേശലദൃഷ്ടി വിക്ഷേപത്താൽ പതുക്കെപ്പതുക്കെ കൈവിട്ടുതുടങ്ങി. അനന്തരം അവളുടെ കൈപിടിച്ചു സ്വന്തംമുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

വനബാലയുടെ സാഹസകൃത്യങ്ങൾ വാത്സല്യബുദ്ധിയാൽ പലകുറി സഹിച്ചെങ്കിലും, ഇത്തവണ ഹൈമവതിയുടെ സഹനസേതു കോപപ്രവാഹശക്തിയാൽ മുറിഞ്ഞുപോയി. പ്രേമസുസ്മേരമായ മുഖകമലത്തിൽ ഒരു ഗാംഭീര്യരസം നടമാടി. ബാലയുടെ അനുചിതമായ ആചരണം ഇനിവരാതെ ഇരിക്കയുള്ളുവെന്നു തീച്ചപ്പെടുത്തിയിട്ടാണ് നിർജ്ജനമായ മുറിയിലേയ്ക്കു ബാലയെ വിളിച്ചുകൊണ്ടുപോയത്. മുഖം കനപ്പിച്ചു ശകാരസ്വരത്തിൽ ഹൈമ ഇങ്ങനെ സംസാരിച്ചു: 'നിന്റെ കളിയും ചിരിയും നന്നായിപ്പോയി; നിനക്കെന്താ ഒരു മാനവും മര്യാദയും ഇല്ലേ?'

വനബാല മുഖത്തേയ്ക്കു ഉററുനോക്കി നിർഭയമായി 'ഞാൻ എന്തു മര്യാദക്കേടാണ് കാണിച്ചതു്' എന്നുചോദിച്ചു.

ബാലയുടെ ഈയൊരൊററ വാക്കുകൊണ്ടുതന്നെ ഹൈമയുടെ അരിശം 'പമ്പകടന്നു'; ഒരു വിസ്മയമാണ് മുഖത്തു് വിളയാടിയതു്. കക്കശസ്വരംമാററി വിസ്മിതഭാവത്തിൽ 'പെണ്ണുങ്ങൾക്ക് ഇതിലും വലിയ അധമ്മമെ

ന്താണ് വേണ്ടതു്!' എന്ന നിന്ദോക്തിയ്ക്കു പ്രത്യുത്തരമായി,

വന:— എന്തെങ്കിലും ഒരുകാര്യം പ്രവൎത്തിക്കുമ്പോൾ മനോവേദനതോന്നിയാൽ അതാണ് അധൎമ്മം എന്നു ഞാൻ ധരിച്ചിട്ടുണ്ടു്; അതുപാപകരമാണു്.

ഹൈമ:— നിന്റെഈ പ്രവൃത്തികൊണ്ടു് നിണക്കു മനസ്സിൽ ഒരുമാലിന്യവും തോന്നിയില്ലേ?

വന:— ഇല്ല. ഒരു ആനന്ദമാണ് അനുഭവപ്പെട്ടതു്.

ഹൈ:— (ആശ്ചൎയ്യത്തോടുകൂടി അല്പമൊരു നിന്ദാഭാവവും ഇടകലൎന്ന സ്വരത്തിൽ) നിയ്യും നിന്റെ ഒരു ആനന്ദവും! പെണ്ണുങ്ങൾ പരപുരുഷന്മാരെ ദുരഭിപ്രായത്തോടുകൂടിനോക്കുന്നതു് വലിയ പാതകമാണെന്നു് നിണക്കറിഞ്ഞുകൂടെ?

ഇതൊക്കെക്കേട്ടിട്ടും വനബാലയ്ക്കു് ബാഹ്യമോ ആഭ്യന്തരമോ ആയ ഒരു ഭാവഭേദവും അങ്കുരിച്ചുകണ്ടില്ല. മുഖത്തു് ബദ്ധദൃഷ്ടിയായ്നിന്നു് ചിരിച്ചുചിരിച്ചു്, "പരപുരുഷനെന്നാലാരാണ് ജ്യേഷ്ഠത്തി'? എന്നു് കൊഞ്ചിക്കുഴഞ്ഞുചോദിച്ചു.

മനഃക്ഷേത്രത്തിൽനിന്നു് പുറപ്പെട്ട മണിനാദം പോലെയുള്ള ഈ വചനംകേട്ടു്, കാൎമ്മുകിൽ മാലയിൽനിന്നു നിൎമ്മുക്തമായ നഭസ്സുപോലെ ഹൈമവതിയുടെ മനസ്സ് ക്ഷണം സുപ്രസന്നമായി. സ്നേഹവിശ്വാസങ്ങളോടുകൂടി അവൾ 'എല്ലാം നല്ലപോലെപ്പറഞ്ഞുമനസ്സിലാക്കിത്തരാം. വിവാഹം എന്നാലെന്താണെന്നറിയാമല്ലോ' എ

ന്ന് പ്രാരംഭിച്ചു. ഹൈമവതി! എന്തിനാണ് ഈ കപോതിയുടെനേരെ വേണ്ടാത്ത ശകാരവും ധിക്കാരവുമെല്ലാം!

വന:— വിവാഹം എന്ന് കേട്ടിട്ടുണ്ട്. പക്ഷെ, അതിന്റെ ശരിയായ സാരം ധരിച്ചിട്ടില്ല.

ഹൈമ:— ഈലോകത്ത് അനേകം ആണുങ്ങളും പെണ്ണുങ്ങളും ഉണ്ടല്ലൊ. സ്ത്രീപുരുഷന്മാർ അഗ്നിസാക്ഷികമായ് ധർമ്മപ്രകാരം യോജിക്കുമ്പോൾ വിവാഹമായി. ഈ വിവാഹാലോചനയൊക്കെ നമ്മുടെ നാട്ടിൽ അച്ഛനമ്മമാരാണ് നടത്തുന്നത്.

വന:— എന്റെ അമ്മയെ ഞാനൊരിക്കലും കണ്ടിട്ടില്ല; അച്ഛനെ ഇനികാണുമെന്നു കരുതാനും തരമില്ല. എന്റെ വിവാഹം പിന്നെയാരാണു നടത്തേണ്ടതു്?

ഹൈമവതിയുടെ അധരോഷ്ഠത്തിൽ ഒരു ചെറുപുഞ്ചിരിപുറപ്പെട്ടു. അതൊരുവിധം അമർത്തി, അച്ഛനമ്മമാരില്ലെങ്കിൽ ജ്ഞാതികളോ ബന്ധുക്കളോ വിവാഹംചെയ്യിച്ചുകൊള്ളും. നീ എന്റെ അനുജത്തിയാണ്. ആ വിവാഹവിധി ഞാൻതന്നെ നടത്തിച്ചുകൊള്ളാം.

ആ സമയം വനബാല ഒരു മന്ദസ്മിതത്തോടെ 'എന്നാൽ അങ്ങനെചെയ്യു' എന്നായി.

ഹൈമവതി അവളുടെ കൃപാഹീനമായ മുഖഭാവംകണ്ട് അത്ഭുതത്തോടുകൂടി 'ആർക്കാണ് നിന്നെ വിവാഹം ചെയ്തു കൊടുക്കേണ്ടതു്' എന്നുചോദിച്ചു.

വനബാല യാതൊരു ഭാവഭേദവും പ്രകടിക്കാതെ

യഥാപൂർവ്വം പുഞ്ചിരിയിട്ട് 'പ്രകാശചന്ദ്രൻ' എന്നറിയിച്ചു.

ഹൈമവതി അവളെ അല്പനേരം സൂക്ഷിച്ചുനോക്കി, 'നിണക്ക് അയാളിൽ അനുരാഗമുണ്ടോ' എന്നുതുടൻ.

വനബാല തലയാട്ടി 'അനുരാഗമെന്നാലെന്താ? എനിക്കറിയില്ല'.

ഹൈ:— ശരി നിണക്ക് അയാളെ എപ്പോഴും കണ്ടുകൊണ്ടിരിക്കണമെന്നും അയാളെവിട്ടുപിരിയുന്നതു് വ്യസനമാണെന്നും തോന്നാറുണ്ടോ?

വന:—ഉവ്വ്, ജ്യേഷ്ഠത്തി ശരിയാണതു്. അയാളെക്കാണാതിരിക്കുമ്പോൾ വല്ലാത്ത സുഖക്കേട്. കണ്ടാലുടനെച്ചെന്ന് തഴുകണമെന്നാണ് ആഗ്രഹം.

ഹൈമവതി ഒന്നു നടുങ്ങി; 'നല്ലപന്തിയായി. നിൻെറ നാശകാലം. ഇങ്ങോട്ടുനോക്കു. പ്രഭാവതിയെ പ്രകാശന് വിവാഹം ചെയ്തുകൊടുത്തിരിക്കുന്നു. പിന്നെ നിന്നെ വിവാഹംചെയ്യാൻ പാടില്ല. പ്രകാശൻ നിനക്ക് പരപുരുഷനാണ്. മററൊരുസ്ത്രീയുടെ ഭത്താവായ പ്രകാശനെ നീ മനസ്സിൽ വിചാരിച്ചുകൊണ്ടിരിക്കുന്നത് പാപമാണ് മനസ്സിലായോ?'

വനബാലയുടെ മുഖത്തുനിന്ന് പിന്നെ ഒരക്ഷരം പുറപ്പെട്ടില്ല. നിവാതപ്രദീപംപോലെ വനബാല നിശ്ചേഷ്ടയായി നിന്നു. ഇരുകണ്ണുകളെയുംഭേദിച്ചു വാരിധാര കപോലതടത്തിൽക്കൂടി കുത്തിയൊലിച്ചു, നിന്നിമേഷമാ

യി ഹൈമയുടെ മുഖത്തുനോക്കി. ആ കണ്ണീരൊഴുക്കി ൻെറ അൎത്ഥം ഹൈമവതി ശരിയായി ധരിച്ചുവോ എന്തൊ? അവളിങ്ങനെയാണ് തുടൎന്നുപറഞ്ഞത്: 'വനബാലേ! നീ ഞങ്ങളോടൊന്നിച്ച് താമസിച്ചുവരുന്നനിലയ്ക്ക്, നിണക്ക് യോജിച്ച ഒരു പുരുഷനെ ഞങ്ങൾ അന്വേഷിച്ചുപിടിച്ച് നിന്നെ വിവാഹംചെയ്തുകൊടുക്കുന്നുണ്ട്.

വന:— ഞാൻ വേറിട്ടൊരാളെ വിവാഹം ചെയ്യുന്നതല്ല.

ഹൈമ:— അയാൾ പ്രകാശചന്ദ്രനേക്കാൾ സുന്ദരനായിരുന്നാലൊ?

വന:— പ്രകാശചന്ദ്രനേക്കാൾ സുന്ദരനൊ? അങ്ങനെയുണ്ടാവില്ല; ഒരുദിക്കിലും കാണില്ല.

ഹൈമ:— ഉണ്ടായാലൊ?

വന:— അങ്ങനെയുള്ള ഒരാളെ ഞാനൊട്ടുവിവാഹംചെയ്യുന്നതുമല്ല.

ഹൈമ:— നിറവേറാത്ത ആശ എന്തിനാണ് ഉള്ളിൽ വെച്ചുകൊണ്ടിരിക്കുന്നത്?

വന:— എന്തിനാണെന്ന് എനിക്കറിഞ്ഞുകൂടാ.

ഹൈമ:— എന്നാൽ നിൻെറ തലയിൽ വിവാഹത്തിനുള്ളയോഗം വിധിച്ചിട്ടില്ലെന്നാണ് തോന്നുന്നത്.

വന:— വിധിച്ചിട്ടില്ലെങ്കിൽ വേണ്ട.

ഹൈമ:— വിവാഹം കഴിയാതിരുന്നാൽ നിന്നെ ജനങ്ങളൊക്കെ നിന്ദിക്കും. അതു ദുഃഖത്തിന്നിടയായിത്തീരും. ആയുഷ്കാലം മുഴുവൻ കണ്ണീരും കൈയുമായി

കഴിച്ചുകൂട്ടണം. ഞാനൊരുകാര്യംപറയാം കേൾക്കു. മനസ്സിലുള്ള ദുരാശ വിട്ടുകളയൂ. ഉചിതനായ ഒരു പുരുഷനെക്കൊണ്ടു് നിന്നെ വിവാഹംചെയ്യിച്ചേക്കാം.

വന:— നിങ്ങടെ സുഖവും ദുഃഖവുമെന്താണെന്നു് മനസ്സിലാവുന്നില്ല. എനിക്കിത്രയുമറിയാം. മനസ്സിന്നു് ഇഷ്ടംതോന്നുന്നതു് സുഖം; തോന്നാത്തതു് ദുഃഖം.

ഹൈമ:— പാപകർമ്മത്തിൽ താല്പര്യം ജനിച്ചാൽ അതുകൊണ്ടു് മനസ്സിൽ സുഖമാണൊ ഉണ്ടാവുക?

വന:— ജ്യേഷ്ഠത്തി! ഞാൻ മുമ്പുതന്നെ പറഞ്ഞില്ലേ, ഞാനൊരുകാലത്തും പാപകർമ്മം ചെയ്യില്ലെന്നു്.

ഹൈമ:—പ്രകാശചന്ദ്രൻ നിൻെറ ഭർത്താവല്ല. അങ്ങനെയിരിക്കെ നീ അയാളിൽ ആഗ്രഹംവെച്ചുകൊണ്ടിരിക്കുന്നതു് പാപമല്ലെന്നു് ആരാണു് പറഞ്ഞതു്?

വന:— (കോപത്തോടെ) മനസ്സാണു് പറഞ്ഞതു്.

ഹൈമ: നീയും നിൻെറ മനസ്സും ഇതെന്തു മാരണമാണപ്പാ!

വനബാലയുടെ പ്രഫുല്ലമായ മുഖത്തു് ഈ വാക്കുകേട്ടപ്പോൾ ഒരു ഗാംഭീര്യം തുളുമ്പി; ഒന്നു രണ്ടു കണ്ണീർത്തുള്ളി പനിനീർപ്പൂവൊത്ത കവിൽത്തടത്തിൽ ഇററിററുവീണു. കണ്ണുതുടച്ചു് ആ ബാല ഇങ്ങനെ സഗദ്ഗദം പറഞ്ഞു: 'എന്നാലിനി ഞാൻ നിങ്ങടെ കൂന്നിച്ചു് താമസിപ്പാൻ വിചാരിക്കുന്നില്ല. നിങ്ങടെ നാട്ടിലുംവീട്ടിലും ഇരിക്കുന്നതിനെക്കാൾ ആയിരം മടങ്ങു് നല്ലതു് വനവാസമാണു്'.

വനബാലയെ അശ്രുക്ഷാളിതയായ് കണ്ടു് ഹൈമവതിക്കു് അനുകമ്പ ജനിച്ചു. രോഷം വിഷാദമായ് മാറി.

കാട്ടിലേയ്ക്കുതന്നെ തിരിച്ചുപോകുവാനാണ് ബാല താല്പര്യപ്പെടുന്നതെന്ന് കേട്ട ഉടനെ ഫൈറാസ്സ് അത്യന്തം കുണ്ഠിതമുണ്ടാകാതിരുന്നില്ല. അവളുടെ കണ്ണുകളിലും അശ്രുബിന്ദുക്കൾ താനേ പൊടിഞ്ഞുപോയി; അനന്തരം സോദരീനിർവിശേഷമായ സ്നേഹപാരവശ്യത്തോടെ ഇങ്ങനെ സമാശ്വസിപ്പിച്ചു: 'വനബാലെ! നീയെന്താണ് കാട്ടിലേയ്ക്കു തിരിച്ചുപോകണമെന്ന് പറയുന്നത്? ഇവിടെ യഥേഷ്ടം വിനോദിക്കാമല്ലൊ. എന്ത് അസ്വാതന്ത്ര്യമാണ് ഇവിടെ ഉള്ളത്? ഞാൻ അവിവേകമായി വല്ലതും പറഞ്ഞു പോയിട്ടുണ്ടെങ്കിൽ അതൊക്കെ മറന്നുകളയൂ'.

അന്നുമുതൽ സദാ സന്തുഷ്ടി വിളഞ്ഞിരുന്ന ആ കന്യകയുടെ നിഷ്കളങ്കഹൃദയം സന്താപസംക്ഷുബ്ധമായ്ത്തീൎന്നു; സാന്ദ്രമായ അന്ധകാരം പടൎന്നുപിടിച്ചു. മാന്പേടപോലെ ഓടിച്ചാടി നടന്നിരുന്ന ആ കുമാരിയുടെ കളിയും ചിരിയും ക്രമേണ കുറഞ്ഞുവന്നു ചഞ്ചലവിലോചനങ്ങളിൽ ശൂന്യനിർവികാരത്വം കടന്നുകൂടി. മുഖത്ത് പണ്ടില്ലാത്ത മന്ദാക്ഷഭാവം പരിസ്ഫുരിച്ചു. ഇങ്ങനെ ഏതാനും ദിവസത്തിന്നുള്ളിൽ, അവളുടെ ഭാസുരവും ബാല്യസാധാരണവുമായ ലീലാവിലാസം 'ഇങ്ങിനിവരാതവണ്ണം' അന്ത്യയാത്ര പറഞ്ഞു പിരിയുകയും ആ സ്ഥാനത്ത് പൂൎണ്ണതാരുണ്യം തരംഗിതമായ്ത്തെളിഞ്ഞുകാണുകയുംചെയ്തു.

കളങ്കമറിയാതെഴും മൃദുലശാന്തചേതസ്സു ചേ-
ൎന്നിളങ്കതിരവൻപെടും പുതുപുലൎച്ചയാം ബാല്യമേ!
തളൎന്നകമുരുക്കുമാറിന്നനെരിഞ്ഞ നട്ടുച്ചയാം
വളൎന്നവയൌവനസ്ഥിതിയിതെങ്ങു?നീയെങ്ങഹോ!

## ഒമ്പതാം അദ്ധ്യായം.

# ഉഭയസങ്കടം.

ഹൈമവതിയ്ക്കു് രണ്ടുവിധത്തിലുള്ള മനസ്സാപമാണു അനുഭവിച്ചതു്. വനബാലയുടെ വ്യസനരേഖാങ്കിതമായ മുഖമണ്ഡലം കാണുമ്പോൾ ഈ സുശീലയ്ക്കു് സഹിക്കുന്നില്ല. സ്വന്തം പ്രഭാവതിയുടെ കഥ ചിന്തിക്കുമ്പോൾ കണ്ണീരൊഴുകിവീഴുന്നു. ഒരുത്തിയുടെ സുഖം മററൊരുത്തിയ്ക്കു ദുഃഖമായിട്ടാണ് വന്നുചേർന്നതു്. അതാണു ഹൈമവതി ഉഭയ സങ്കടത്തിൽ പെട്ടുപോയെന്നു ആദ്യം പറഞ്ഞതു്.

വനബാലയ്ക്കും ഹൈമവതിയ്ക്കും എന്താണൊരു ചാർച്ച്യും വേഴ്ചയുമുള്ളതു? സരളസ്വഭാവയായ ഒരു കുമാരിയുമായ് പരിചയപ്പെട്ടുതൽ ഒരു വാത്സല്യം ജനിച്ചുപോയി. അതിനിത്രയൊക്കെ അഴലും ആലസ്യവും വേണോ? എത്ര കണ്ണീരാണു് ആ കുട്ടിയ്ക്കുവേണ്ടി ഹൈമവതി ഒഴുക്കിയിരിക്കുന്നതു്? സോദരി പ്രഭാവതിയുടെ പ്രാണസർവ്വസ്വത്തെ സ്വായത്തമാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു യുവതിയാണവൾ. എന്നിട്ടും ഇത്ര അനുകമ്പയോ? ഇതെന്തുപ്രത്യേകവിധത്തിലുള്ള ഹൃദയമാണാവോ?

പ്രകാശചന്ദ്രൻെറ സ്ഥിതിയെപ്പററി ആദ്യംപ്രസ്താവിച്ചിട്ടുണ്ടല്ലോ. അതും ഹൈമവതിയുടെ മനസ്സിനെ ക്രൂരനാരാചംപോലെ പീഡിപ്പിച്ചു. പ്രഭാവതി, വനബാല, പ്രകാശചന്ദ്രൻ ഈ മൂന്നുപേരുടേയും ഹൃദയാന്തർഭാഗത്തിൽ

തീപ്പൊരികൾ പാറിക്കൊണ്ടിരിക്കയാണു്. ഹൈമവതി മാത്രമല്ലാതെ ഇവരുടെ ദയനീയാവസ്ഥ ആരും അറിഞ്ഞിരുന്നില്ല. അതാണു ഹൈമവതിയുടെ സന്താപത്തിന്് ശക്തി വർദ്ധിക്കുവാൻ സംഗതി.

ഈ മനസ്വിനി വളരെ ക്ലേശിച്ചു് ഒടുവിൽ പ്രകാശചന്ദ്രനെ വിളിച്ചു് ഇങ്ങനെ പറഞ്ഞു: 'നിന്നെ എൻെറ സോദരീഭർത്താവിൻെറ നിലയിലല്ല, സ്വന്തം സോദരനെപ്പോലെയാണു് ഞാൻ കരുതിപ്പോരുന്നതു്. എനിക്കു് ഒരു സംഗതി ചോദിക്കുവാനുണ്ടു്; ഉള്ളുതുറന്നു എല്ലാം പറയണം'.

പ്രകാശൻ (പതുക്കെ) എന്തുസംഗതിയാണു്? കേൾക്കട്ടെ. ഞാൻ പരമാർത്ഥമേ പറയാറുള്ളു.

ഹൈമ:— നിണക്കെന്താണു് എപ്പോഴും ഒരുവിചാരം. എന്തോ ഒരുവിഷാദം ഉള്ളതുപോലെതോന്നുന്നു; മുഖത്തുനോക്കിയാൽ അതു തെളിയുന്നുണ്ടു്.

പ്രകാ:— ഇന്നു ഇക്കാര്യം തോന്നിയതു് വളരെ നന്നായി. ഞാൻതന്നെ അങ്ങോട്ടു് പറഞ്ഞറിയിക്കണമെന്നു കരുതിയിരിക്കയായിരുന്നു. ഇതേവരെ നേരിട്ടുപറവാൻ നാവുപൊന്തിയില്ല. എനിക്കു് വലിയ മനഃക്ലേശമുണ്ടു്.

ഹൈമ:— എന്താണു് ക്ലേശം? തുറന്നു പറയൂ.

ചന്ദ്രൻ മുഖംപ്ലംതാഴ്ത്തി മുമ്പുംപിമ്പുംനോക്കി 'നിങ്ങടെ സോദരിതന്നെയാണു് വ്യസനകാരണം' എന്നു കഷ്ടിച്ചു പറഞ്ഞു.

അനന്തരം രണ്ടുപേരും കുറേനേരം മൌനമവലംബിച്ചു. ആക്കും രസന്യാഗ്രം അത്രവേഗം ചലിച്ചില്ല. ഒടുവിൽ ഹൈമ ഒരുനെടുവീപ്പിട്ടു, 'ഞാനതറിഞ്ഞിരിക്കുന്നു; അവളിപ്പോഴും ഒരുകുട്ടിയാണ്. തൻേറടമുണ്ടെങ്കിൽ നിൻേറ നേരെ ഇങ്ങനെ പെരുമാറുമോ? നല്ലവാക്ക് വല്ലതും ഉപദേശിച്ചുകൊടുത്താൽ ഒക്കെ വഴിപ്പെട്ടും. എനിക്കുവേണ്ടി അവളുടെ അവിവേകം ക്ഷമിക്കണം' എന്നു അപേക്ഷിച്ചു.

പ്രകാ: — ഇതേവരെ ക്ഷമിച്ചുകൊണ്ടുതന്നെവന്നു. അവളുടെ ദോഷമല്ല; എല്ലാം എൻേറ ഭാഗ്യദോഷം. ഒരുനല്ലവാക്ക് അവളുടെ മുഖത്തുനിന്നു കേൾപ്പാൻ ഞാനെത്രപ്രയത്നപ്പെട്ടു. എന്നെ ആദരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല; ഒന്നുരണ്ടു നല്ലവാക്ക് തെളിഞ്ഞുമിണ്ടിയാൽമതി. കുട്ടിയാണെങ്കിൽ മിണ്ടിക്കൂടെന്നുണ്ടോ?

ഹൈമവതി: — 'പ്രഭ നിന്നോട് വേണ്ടപോലെ മിണ്ടാറില്ലേ' എന്നു് ആശ്ചയ്യം സൂചിപ്പിച്ചു.

പ്രകാശൻ അപ്പോൾ പ്രഭാവതിയുടെ വത്തമാനമെല്ലാം അണുപോലും പിഴക്കാതെ വിവരിച്ചുപറഞ്ഞു. സംഭാഷണമദ്ധ്യേ, അയാളുടെ കണ്ണിൽനിന്നു് മുഴുത്ത രണ്ടുചുടുനീക്കണങ്ങൾ നിഗ്ഗളിച്ചു; ഉള്ളിൽനിറഞ്ഞതെല്ലാം ഒളിച്ചുവെയ്ക്കാതെ വെളിയ്ക്കു് വിട്ടതിനാൽ മനസ്സിലെ ഒരുവലിയ മാറാപ്പ് നീങ്ങിയതായ്‌തോന്നി. ഹൈമവതി ശാന്തശബ്ദത്തിൽ 'അവളെച്ചൊല്ലി വെറുതേ വിചാരപ്പെടേണ്ട; എ

ല്ലാപെൺകുട്ടികളുടേയും സ്വഭാവം ഏകരീതിയിലായിരിക്കയില്ല. ആദ്യകാലം നവോഢകളിങ്ങനെയൊക്കെത്തന്നെയാണു് ആചരിക്കുക; പിന്നീട്ട് നേർവഴിയ്ക്കുവന്നോളും. എന്റെ വാക്കിൽ അവിശ്വാസംവേണ്ട. പ്രഭ കുറേക്കഴിഞ്ഞാൽ അനുകൂലയായിക്കൊള്ളും.

പ്രകാ:— എനിക്കു ആ ആശയില്ല.

ഹൈമ:— എന്തിനാണു് ഇത്ര നൈരാശ്യം? ഈവക എത്രപ്രണയകലഹം ഞാൻ കണ്ണാലെ കണ്ടിരിക്കുന്നു. മറെറാരു കാര്യംകൂടിപ്പറയാനുണ്ട്.

പ്രകാ:— എന്താണതു്, കേൾക്കട്ടെ.

ഹൈമയുടെ മുഖത്തുനിന്നു് മുമ്പത്തെപ്പോലെ അക്ഷരമൊന്നും പുറപ്പെട്ടില്ല. പ്രകാശന്റെ മുഖത്തുതന്നെ മിഴിയുറപ്പിച്ചുനിന്നു. അനന്തരം അധോവദനയായി; ആകസ്മികമായി അവളുടെ മുഖത്തു് ചെന്താമരപ്പൂവിന്റെ പുഷ്ക്കലപ്രഭ ഇടകലൎന്നുകണ്ടു. പ്രകാശന്റെ ഹൃദയം അതിശക്തിയോടെ സ്പന്ദിക്കാൻതുടങ്ങി. ഹൈമവതി നിരക്ഷരയായി നിലകൊൾകയാണു്. പിന്നെ പ്രകാശനു് ഈ അവസ്ഥാന്തരത്തിനെന്താണു് ഹേതു?

അല്പംകഴിഞ്ഞശേഷം പ്രകാശൻ ശൂന്യദൃഷ്ടിയായ് കലങ്ങിമറിഞ്ഞ മനസ്സോടെ, 'എന്തുസംഗതിയാണ്? പറഞ്ഞുകൂടെ' എന്നു മുട്ടിക്കൂടി.

ഹൈമവതി ആ സമയം ശുഷ്കകണ്ഠത്തോടെ, "വനബാലയുടെ സംഗതിതന്നെ"

ഈ ഒന്നരണ്ടുവാക്ക് മാത്രംപറഞ്ഞ് ഹൈമ തലതാഴ്ത്തിനിൽപായി. പ്രകാശൻെറ തരളിതമായ ഹൃദയതടത്തിലാകട്ടെ സ്പന്ദനശബ്ദം സാന്ദ്രമായ്ത്തുടങ്ങി. അയാളും നമ്രമുഖനായി, 'ശ്രേഷ്ഠത്തി ഒന്നും ഇനിപറഞ്ഞറിയിക്കേണ്ടതായിട്ടില്ല. എനിക്കു മനസ്സിലായി നിങ്ങടെ മനോഭാവങ്ങളൊക്കെ. എൻെറ വാക്കിൽ വിശ്വാസമുള്ളപക്ഷം പറയാം. എന്നെസ്സംബന്ധിച്ച് നിങ്ങൾക്ക് ശങ്ക ഉണ്ടായാലും ഇല്ലെങ്കിലും ഞാൻ മനഃപൂർവ്വമായ് പറയുന്നു— ഞാൻ അക്കാര്യത്തിൽ കേവലം നിരപരാധിയാണ്'.

ഹൈമവതിയുടെ ദേഹത്തിൽ ഒരു നവജീവൻ വീണപോലെ അല്പം ഉത്സാഹിതയായി പതുക്കെപ്പതുക്കെ, 'നിൻെറ വാക്കിൽ എനിക്ക് വിശ്വാസം ഇല്ലാഞ്ഞയല്ല. പക്ഷെ, വനബാലയുടെ മുഖത്തുനിന്നു കേട്ട സംഗതിമൂലം എനിക്ക് വല്ലാത്ത ഭയപ്പാടായ്തീർന്നിരിക്കുന്നു'. എന്ന് തൻെറ മനോഗതം അല്പമൊന്നു സ്ഫുരിപ്പിച്ചു.

പ്രകാ:— അവളെന്താണുപറഞ്ഞത്?

ഹൈമ:— അവൾക്കൊരു നാണവുമില്ല, മാനവുമില്ല. നിൻെറ അരികെവെച്ച് അവൾകാട്ടുന്ന ചാപല്യങ്ങൾ കാണുമ്പോൾ എനിക്കു ശരീരം തരിച്ചുപോകുന്നു. ഒരുസംഗതിയും അവൾ ഗോപ്യമായിവെയ്ക്കുന്നില്ല. എന്നോട് ഉള്ളതൊക്കെ ഉള്ളുതുറന്നുപറയും. നിൻെറ നേരെ അവൾക്കെന്തൊരു പ്രേമമാണ്. ഉടൽരണ്ട്. ഉയിരൊന്ന്.

മുകിൽമാലമൂടിയ ആകാശത്തിൽ രണ്ടുമേഘശകലങ്ങളുടെ സംഘട്ടനത്താൽ പൊട്ടിപ്പുറപ്പെടുന്ന ഇടിനാദം ദിക്ചക്രവാളത്തിൽ പൊടുന്നനവേ പരന്നുമുഴങ്ങുന്നതു പോലെ പ്രകാശചന്ദ്രൻെറ മനോരംഗത്തിൽ പെട്ടന്നു രണ്ടു ഭിന്നഭാവനകൾ പരസ്പരം കൂട്ടിമുട്ടി വിജൃംഭിച്ച് ഒരു വിചാരവ്യാപാരം സർവ്വാംഗത്തെയും കമ്പിതമാക്കിത്തീർത്തു. വളരെനേരം മൌനമായിരുന്നശേഷം പ്രകാശൻ പറയാൻ തുടങ്ങി: "ആദ്യമൊക്കെ ഞാനവളുടെ അന്തരംഗഗതി അറിയാതെയാണിരുന്നത്. ആ അരണ്യപ്രകൃതിയെങ്ങനെയാണ് അറിയാൻ കഴിയുന്നത്? അവളുടെ ആചാരവിചാരങ്ങൾ ക്രമേണ അതിരുകവിഞ്ഞു കണ്ടുതുടങ്ങിയപ്പോഴെ ഉള്ളുകള്ളിയൊക്കെ ഊഹിച്ചറിവാൻ കഴിഞ്ഞുള്ളു. വല്ലാത്ത ഒരു ശീലപ്പകർച്ച അവളിൽ കടന്നുകൂടിയിട്ടുണ്ട്. പണ്ടത്തെപ്പോലെയല്ല, പലസംഗതികളിലും അവൾക്ക് ഒരുമാതിരി തരവും തൻേറാടവും കിട്ടിക്കഴിഞ്ഞിരിക്കുന്നു".

ഹൈമ:— എൻെറ ഉപദേശംകൊണ്ടുമാത്രമാണ് ഈ മാററം അവളിൽക്കാണുന്നത്. എന്നാലും സ്വഭാവഭേദം കണ്ടതുമുതല്ക്ക് വല്ലാത്ത ഒരുപേടി എൻെറ ഉള്ളിൽ കടന്നുകൂടിയിരിക്കുന്നു. അവളുടെ ആ പുഞ്ചിരിചൊരിയുന്ന ഓമനമുഖഭാവംതന്നെ ഇപ്പോഴും കണ്ടാൽ മതിയായിരുന്നു എന്നാണ് തോന്നുന്നത്. ആ പാൽപ്പുഞ്ചിരിക്കുപകരം ഈ വാടിയ മുഖം കാണുമ്പോൾ എൻെറ കരളലിഞ്ഞുതാനേ കരച്ചിൽ പൊട്ടിപ്പുറപ്പെടുന്നു!

ഒടുവിൽപ്പുറഞ്ഞ വാക്കു പ്രകാശചന്ദ്രന്റെ മനോമൎമ്മങ്ങളെ അതിശക്തിയായി സ്പൎശിച്ചു. ഹൈമവതിയുടെ മുഖത്തേയ്ക്കു ഒന്നു മിഴിയോടിച്ചു. ആ മഹാമനസ്കയുടെ നയനപുടങ്ങളെക്കലക്കിമറിച്ച് അശ്രുധാര പൂങ്കവിൾക്കുമ്പിൽ തള്ളിയൊലിക്കുന്നതായിട്ടാണ് യുവാവു കണ്ടതു്.

ഹൈമ കരാംശുകംകൊണ്ട് കണ്ണീർ തുടച്ചു, 'പ്രഭയുടെ കാൎയ്യത്തിൽ കടന്നാലോചിക്കുമ്പോൾ എനിയ്ക്കു് വനയുടെനേരെ വല്ലാത്തകോപം വന്നുപോകുന്നു. അപ്പൊഴൊക്കെ പ്രഭയെപ്പററിയാണു എനിക്കു് പരിതാപം. നിന്റെ കാൎയ്യം പിന്നെപ്പറയേണ്ടതുണ്ടോ? നിന്നെ അസുഖപ്പെടുത്തുന്ന ഏതുസംഗതിയും എനിക്കു തീരെ അസഹ്യമാണു'.

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കെ, വൎഷകാലത്തെ വാരിധാരപോലെ അവളുടെ നീലായതനേത്രങ്ങളിൽ നിന്നു തോരാതെ കണ്ണീർ പൊരിഞ്ഞുകൊണ്ടിരുന്നു. പ്രകാശനാകട്ടെ കൊത്തിവെച്ച പാവപോലെ അവളുടെ മുഖത്തു നിമീലിതാക്ഷനായ് നോക്കിക്കൊണ്ടുനിന്നു.

32D
94312
O32:3M847:11
F4

—:o:—

## പത്താം അദ്ധ്യായം.

# പ്രണയരഹസ്യം.

ഇതാ അനാഘ്രാതമായ ആ അരണ്യകുസുമത്തിൽ ഇപ്പോൾ ഒരു കീടം കടന്നുകൂടി. ഇതുവരെ ആത്മാൎത്ഥമായ്ത്തന്നെ വിരിഞ്ഞുനിന്ന ആ മോഹനസൂനം ജനനയ

നങ്ങൾക്ക് അഗോചരമായി വനസ്ഥലിയെ പ്രകാശിതമാക്കി. ഇപ്പോഴാകട്ടെ, നാട്യപ്രധാനമായ നാട്ടിൽ കടന്നുകൂടി സംസാരോഷ്മാവുതട്ടി വാടിത്തളരാറായിരിക്കുന്നു; നിത്യോല്ലാസിനിയായ ആ കുമാരി വിജനവനംവിട്ട് നഗരത്തിൽ കാലെടുത്തുവെച്ച് ത്രിശങ്കുസ്വർഗ്ഗത്തിൽക്കിടന്ന് കഷ്ടിക്കുകയാണ്.

പ്രകാശചന്ദ്രനെ പ്രണയിക്കുന്നത് പാപമാണെന്ന് എത്രതന്നെ പറഞ്ഞിട്ടും അവളുടെ മനസ്സിൽക്കയറുന്ന മട്ടു കാണുന്നില്ല. ഈ ഒരു പ്രേമാങ്കുരം എങ്ങനെയാണ് ഇവളുടെ ഉള്ളിൽ കടന്നുകൂടിയതു്? അവളുടെ വിവേകവൃക്ഷത്തിൻെറ കടയ്ക്കൽ ആരാണ് കോടാലി പ്രയോഗിച്ചതു്? 'മാനോടൊത്തുവളന്നു മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത, ആ സരളകുമാരിയുടെ അന്തരംഗത്തിൽ ആരാണ് ഈ ദാരുണമായ ചിന്താഗ്നിയെ പ്രോജ്ജ്വലിപ്പിച്ചതു്? വനബാല അനേകം പ്രാവശ്യം നിർജ്ജനപ്രദേശത്തിരുന്ന് അനന്യമനസ്കയായി വിചാരധാരയിൽ വിഹരിക്കുക പതിവായിരുന്നു.

—:o:—

ഇയ്യിടെയായി വനബാലയുടെ സരളചഞ്ചലദൃഷ്ടി പ്രകാശൻെറ മേൽ പതിയുമ്പോൾ അവൾ കണ്ണാലിംഗന തല്പരയായ്ത്തീരാറില്ല. നേരേ മറിച്ച് ആ സന്ദർഭങ്ങളിലൊക്കെ എന്തോ ഒരു ചിന്താതരംഗം തള്ളിപ്പുറപ്പെട്ട് അവളുടെ പിഞ്ചുകരൾത്തടത്തെ ഉദ്വേലിതമാക്കുകയാണ് പതിവ്. തോന്നിയപോലെ തുള്ളിച്ചാടാൻ പുറപ്പെടാതെ അചിന്ത്യവും അവ്യക്തവുമായ ഒരുവികാരവിജൃംഭണമാണ് അവൾക്കിപ്പോൾ അനുഭവപ്പെടുന്നതു്. പ്രകാശചന്ദ്ര

നെപ്പണ്ടത്തെപ്പോലെ പാഞ്ഞുചെന്ന് ആശ്ലേഷിക്കാറി ല്ലെങ്കിലും പ്രണയമധൂളിയിൽ കുളിച്ച അവളുടെ മനസ്സ് അയാളുടെ അംഗസ്പർശസുഖത്തിൽ ഇടവിടാതെ വിലീന മായിട്ടാണ് ഇരുന്നതു്. അവളിപ്പോഴും പ്രകാശനെദ്ദർശി ക്കുന്നതിന് ഉത്കണ്ഠിതയാകാറുണ്ടെങ്കിലും, കണ്ടുകൂട്ട മ്പൊഴയ്ക്കും തണ്ടൊടിഞ്ഞ താമരപ്പൂപോലെ തലതാഴ്ത്തി നില്ക്കും.

പ്രകാശചന്ദ്രന്റെ പ്രണയപേശലമായ കുളുർമൊഴി കൾ കേൾപ്പാൻ അവൾക്കു് കവിഞ്ഞ കൌതുകമുണ്ടെങ്കി ലും അയാളുടെ കണ്ഠനാളത്തിൽനിന്നു് ഒരു ശബ്ദമെങ്കിലും കർണ്ണപുടത്തിൽ പതിച്ചുകഴിഞ്ഞാൽ എന്തോ ഒരു ശോകാ വേഗത്താൽ അവളുടെ ഉടനെഞ്ഞ് ഈർച്ചവാൾകൊണ്ടു പിളക്കുന്നതുപോലെതോന്നും.

കൌമാരകാലം മുതൽക്കേ പ്രകൃതിയുടെ ഉത്സംഗത്തി ൽ ലാളിതയും പാലിതയുമായിട്ടാണ് നമ്മുടെ നായിക വ ളൎന്നുവന്നതു്. അതുകൊണ്ടു്, പ്രപഞ്ചരഹസ്യങ്ങളൊന്നും ആ മൃദുലശീലയ്ക്കു് പരിചിതമായിരുന്നില്ല. ചിലസന്ദർഭങ്ങളി ൽ അലച്ചുവരുന്ന അഴലൊതുക്കുവാൻവേണ്ടി സമീപത്തുള്ള വിജനസ്ഥലങ്ങളിൽച്ചെന്നു് വിഹരിക്കാറുണ്ടു്. എങ്കിലും പണ്ടത്തേപ്പോലെ ആ പരിസരങ്ങളിലെ ശാന്തസൌന്ദര്യം അവൾക്കു് ആകർഷകമായ് തോന്നിയില്ല. അന്നത്തെ മൃദു ലശാന്തചേതസ്സിൽ ഉത്ഭൂതമായിരുന്ന ഉന്മേഷം ഇന്നു കണികാണ്മാൻപോലുമില്ല. ചില സമയങ്ങളിൽ അടുത്ത കാട്ടിൽചെന്നു് പൂപറിച്ചുകൊണ്ടുവന്നു, വീട്ടിലിരുന്നു് മാല

കെട്ടും. ഈ മാല്യം ആരുടെ കഴുത്തിലർപ്പിക്കണമെന്ന് ആ കുമാരി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നുവോ, ആ പ്രേമധാമത്തിന്റെ അരികെച്ചെല്ലുമ്പോൾ, എന്തുകൊണ്ടോ അവളുടെ കരം കമ്പിതമാകുന്നു; കരൾത്തടം കലങ്ങിമറിയുന്നു. ഇങ്ങനെ മർമ്മാഹതമായ ഈ വികാരശക്തിയുടെ ഹേതു കണ്ടുപിടിക്കുവാൻ കഴിയാതെ ആ ബാലിക ആശ്ചര്യപ്പെടാറുണ്ട്. അവളുടെ ആ അതൃപ്തമായ ആശ എന്നെങ്കിലും സഫലമാകയില്ലെന്നു വരുമോ? ഈ ചിന്തയാണു അവളുടെ മനസ്സിൽ ഏറിയനാളായി സ്ഥലംപിടിച്ചിരിക്കുന്നതു. അവളുടെ മനസ്സുഖം ആകെ മാഞ്ഞുപോയി; എങ്കിലും ആ ആശ അശേഷം അന്തർദ്ധാനംചെയ്തു കഴിഞ്ഞിട്ടില്ല. പ്രകാശചന്ദ്രനാകട്ടെ ഈ ദുർദ്ദമമായ ആശാഭാരം ഒരുവിധം ഒതുക്കുവാൻ സാഹസപ്പെടുകയാണ്. അതുനിമിത്തം വനബാല കണ്ണിലകപ്പെടാതിരിപ്പാൻവേണ്ടി കഴിവുള്ളതു അയാൾ ശ്രമിച്ചുവരാറുണ്ട്. അഥവാ ആകസ്മികമായ് കണ്ടെത്തിയാൽ, അല്പമെന്തെങ്കിലും സംസാരിച്ച് അവിടെനിന്നു തെററിക്കളയും. പ്രകാശചന്ദ്രനു നാൾതോറും മനഃശക്തികൂടിക്കൊണ്ടു വരുന്നതു് താൻതന്നെ അറിഞ്ഞിരുന്നില്ല. പ്രഭാവതിപരമായ്താൻ പ്രദർശിപ്പിച്ചുവരുന്ന വീരത്വം ഓർത്തു അയാൾ അഭിമാനിക്കാറുണ്ട്.

ഇനി നമുക്ക് പ്രഭയെപ്പററി കുറച്ചൊന്നു ചിന്തിക്കാം. പ്രഭാവതിയ്ക്കു പ്രകാശന്റെനേരെ പണ്ടത്തെ വിമുഖതയ്ക്കു് അണുപോലും വ്യത്യാസം വന്നുചേർന്നിട്ടില്ല. ചന്ദ്രനും സല്ലാപകേളിയിൽ അത്ര ഒരു സന്തോഷം കാണിച്ചിരുന്നതുമി

ല്ല. ശയനഗൃഹത്തിൽ നിശ്ശബ്ദയായ്തന്നെ നിശാകാലം കഴിയും പ്രകാശനാണെങ്കിൽ രാത്രിമുഴുവൻ കിടക്കയിൽ കിടന്നുരുണ്ടുകഴിച്ചുകൂട്ടും. പ്രഭയുടെ മുഖത്ത് അതുകൊണ്ടൊന്നും ഒരു അനുതാപരേഖയെങ്കിലും, അങ്കിതമായ്കാണാറില്ലായിരുന്നു. നാളേറെച്ചെന്നപ്പോൾ നവതാരുണ്യനടനത്തോടുകൂടി അല്പം ഒരു പ്രേമസ്മരണം മുഖത്ത് വെളിപ്പെട്ടുതുടങ്ങി. തനിക്കു ഒരുകളിത്തോഴിവേണമെന്നായി.

സഖിസ്ഥാനത്തിൽ വനബാലയേയും കൂട്ടി നർമ്മാലാപങ്ങളിൽ ഏർപ്പെട്ടു് പൂങ്കാവനത്തിൽപോയി പുഷ്പോപചയം മുതലായ വിനോദവൃത്തികൾകൊണ്ടു പ്രഭ നാൾകഴിച്ചു. എന്നാൽ വനബാല ഇപ്പോൾ യഥാപൂർവ്വം പ്രഭയുടെ അരികെപ്പെരുമാറാൻ അത്ര താല്പര്യം പ്രദർശിപ്പിച്ചില്ല. ഒരു ദിനം പ്രഭ ബാലയെ അടുത്തുള്ള ഒരുചെറിയ ഗൃഹത്തിലേയ്ക്കു വിളിച്ചുകൊണ്ടുപോയി, 'എന്താ ബാലേ, നീ എന്നോട് ഇയ്യിടെ തെളിഞ്ഞുമിണ്ടാതിരിക്കുന്നതു്?' എന്നുചോദിച്ചു. വനബാല നെടുവീർപ്പിട്ടു് 'എനിക്കാരോടും സംസാരിപ്പാൻ സന്തോഷം തോന്നുന്നില്ല' എന്നാണ് അതിനു മറുപടിപറഞ്ഞതു്.

പ്രഭ;— ഞാൻ നിന്റെ നേരെ എന്തപരാധമാണ് പ്രവർത്തിച്ചതു്?

വന:— എന്തപരാധമാണ് നിങ്ങൾക്കെന്റെനേരെ ച്ചെയ്യാനുള്ളതു്?

പ്രഭ:— നീ ആദ്യം വന്നപ്പോഴുള്ള ശീലവും കോലവും അല്ല ഇപ്പോൾ നിനക്ക്

MUL
094312

വന:— കാട്ടിൽപോയ് കാലംകഴിച്ചുകൂട്ടുന്നതുതന്നെയാണ് നല്ലതു്. ഞാൻ നിങ്ങടെ വീട്ടിൽ പാപ്പുറപ്പിച്ചതു് അത്ര പററിയില്ല.

പ്രഭ:— കാട്ടിലേയ്ക്കു തിരികെപ്പോയാൽ നിണക്ക് സുഖമുണ്ടാവുന്നതാണോ?

വന:— സുഖം ഉണ്ടാവുമോ ഇല്ലയോ എന്ന് എനിക്കു പറയാൻ കഴികയില്ല. എനിക്കു ഇനി ഒരു സുഖവും വിധിച്ചിട്ടില്ല. ഈ നഷ്ടശൂന്യം പിടിച്ചനാട്ടിൽ കിടക്കുന്നതിനേക്കാൾ വനവാസം എത്രയോ സുഖമാണ്.

പ്രഭ:— നിൻെറ അസുഖത്തിനു് എന്താണ് കാരണം? പറയാൻ പാടില്ലേ?

വന:— ഓ, പറയാം. പക്ഷെ, നിൻെറ അടുക്കെ ആ സംഗതി അറിയിക്കുന്നതു് ഉചിതമോ അല്ലയോ എന്നറിഞ്ഞുകൂടാ. പറഞ്ഞാൽ ദോഷമുണ്ടോ എന്തോ — എനിക്ക് ഒരു ശങ്ക.

പ്രഭ:— ഒരു ദോഷവുമ[illegible]. [illegible]റഞ്ഞോളു.

വന:— എന്നാൽ പറഞ്ഞേ[illegible]ാം. പ്രകാശചന്ദ്രനെക്കാണുമ്പോൾ എൻെറ മനസ്സിൽ എന്തോ ഏതോ. അതു് വായ്കൊണ്ടു പറഞ്ഞറിയിക്കാൻ വയ്യ. എൻെറ കണ്ണുകൾക്ക് അത്ര കൌതുകം തോന്നുന്ന ഒരാൾ നിങ്ങടെ നാട്ടിൽ മററാരും ഉള്ളതായ് കാണുന്നില്ല. അതുതന്നെയല്ല, അയാളുടെ കണ്ഠസ്വരം കുയിലൊച്ചയേക്കാൾ എൻെറ ചെവികൾക്കു കുളൎമയുണ്ടാക്കുന്നു. എപ്പോഴും അയാളുടെ അരികെത്തന്നെ ഇരി

ക്കാനാണ് എനിക്കിഷ്ടം. സർവസമയവും അയാളെക്കണ്ടു കൊണ്ടിരിക്കണം. പ്രശാന്തമായ വനാന്തരത്തിൽ അദ്ദേഹമൊന്നിച്ച് കാലയാപനം ചെയ്യണമെന്നാണ് കാംക്ഷ

പ്രഭേ! ഇപ്പോൾ നീതന്നേ പറയൂ. എനിക്ക് അയാളുടെ നേരെ പ്രേമം ഉണ്ടോ ഇല്ലയൊ എന്ന്. എൻെറ ഇത്തരമുള്ള ആശക്ക് അനുരാഗമെന്നാണ് പറയേണ്ടതെങ്കിൽ, അതെനിക്കുണ്ട്—അതിർകവിഞ്ഞുണ്ട്. നിന്നെ അയാൾ വേളികഴിച്ചിരിക്കുന്നു. പിന്നെ ഞാൻ അയളെ പ്രേമിക്കുന്നത്—മനസ്സിൽപോലും അതു് വെച്ചുകൊണ്ടിരിക്കുന്നതു്- പാപമാണത്രെ. എങ്ങനെയാണ് അതു് പാപമായ്തീരുന്നതെന്ന് ഞാൻ അറിയുന്നില്ല. ഞാൻ പാപകർമ്മങ്ങളൊക്കെ തീരെത്തിരസ്കരിക്കുന്നകൂട്ടത്തിലാണ്. എന്നാൽ അയാളിൽ പ്രേമം ഭാവിക്കാതെ എങ്ങനെയാണിരിക്കുന്നതു്? അയാളെ മനസ്സിൽ ധ്യാനിച്ചുകൊണ്ടിരിക്കാതെ ജീവിതം കഴിച്ചുകൂട്ടുവാൻ കഴിവുണ്ടോ?

പ്രഭാവതി വെണ്ണക്കല്ലിൽകൊത്തിയ പാവപോലെ നിശ്ചേഷ്ടയായിരുന്നു ദിക്ഭ്രമം ബാധിച്ച പഥികന്ന് അവിചാരിതമായ്നേർവഴികണ്ടു കിട്ടിയാലുള്ള ഒരു അവസ്ഥ ഏതാണ്ട് അപ്പോൾ പ്രഭക്ക് അനുഭൂതമായി. വിചാരിക്കാൻ വയ്യാത്ത ഈ വൃത്താന്തം അവളുടെ ചിത്തരംഗത്തെ ഇളക്കി മറിച്ചു. ആദ്യം ആശ്ചര്യം—അനന്തരം അദമ്യ

മായ കോപാനലജ്വാല. ഹൃദയോദ്വേഗത്താൽ പ്രഭയുടെ പ്രകൃതി തീരെ മാറി. ബാലയുടെ സംസാരം ബലമായി വിരമിപ്പിച്ച്, 'നിൽക്കു, ഇനിയൊരക്ഷരം മിണ്ടരുത്. പോയി വല്ല കഴുവിന്മേലും കയറൂ' എന്ന് ഭർത്സിച്ചു.

വനയുടെ നിർഭീകമായ ഹൃദയത്തിൽ പേടി പടർന്നുപിടിച്ചു; പ്രഭയുടെ മുഖത്ത് ഭയാകുലതയോടെ നോക്കി നിൽപ്പായി. അവളുടെ മനോഭാവം ഒട്ടും മനസ്സിലായതുമില്ല. പ്രഭാവതി കത്തിക്കൊളുന്ന കോപശിഖയെ പണിപ്പെട്ട് പാടേ മറച്ച്, ഒരു പുഞ്ചിരിക്കോളിളക്കത്തോടെ, 'നിങ്ങൾക്ക് പ്രേമമുള്ള ആൾ നിങ്ങളേയും പ്രേമിക്കുന്നുണ്ടോ, ഇല്ലയോ, എന്ന് ഊടെടുക്കാൻ ഉത്സാഹിച്ചു.

സാധു വനബാലയ്ക്ക് ആ ഹൃദ്യമായ ചോദ്യത്താൽ ഭയപ്പാടൊരുവിധമകന്നു. 'എന്തോ, പ്രേമമില്ലെന്നാണ് തോന്നുന്നത്. ഒരുസമയം ഉണ്ടെന്നും വരാം. ആരറിഞ്ഞു!'

പ്രഭ:—നിങ്ങളിൽ പ്രേമമുള്ളപക്ഷം അയാളെക്കൂട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുമായിരിക്കാം. അല്ലേ?

വന:—എന്റെ ഇഷ്ടാനുസരണം കാര്യം നടക്കില്ല. കൂട്ടിക്കൊണ്ടുപോയാൽ അത് പാപമാണോ? പറയൂ, പ്രഭേ!

പ്രഭ:—ഇനി നിനക്ക് പുണ്യപാപവിചാരം എവിടുന്നു കിട്ടി?

ഇത്രയും പറഞ്ഞു് പ്രഭാവതി അവിടെനിന്നെണീററ് പൊട്ടുന്നനവെ പോയ്ക്കളഞ്ഞു. വനബാല വിസ്മയവിഹ്വലയായി വിരിഞ്ഞു നീണ്ട കണ്ണുകളെ ആ വഴിയ്ക്കു് പായിച്ചു.

## പതിനൊന്നാം അദ്ധ്യായം.

# ഭയങ്കരസ്വപ്നം.

ഏതെങ്കിലും ഒരു ഘടനയുടെ ഗതികൊണ്ടു് മനുഷ്യമനോഭാവത്തിനുണ്ടാവുന്ന മാററങ്ങളെന്തെല്ലാമെന്നു് അറിവാനും പറവാനും പണിയാണു്. തുച്ഛമായ ഒരു സംഗതി ചിലപ്പോൾ തുംഗമായ ഫലമുളവാക്കിയേക്കാം. ഹൃദയലതികയിൽ പാറിപ്പറന്നു പറവുന്ന ഒരു ചെറുചിന്ത ചിലപ്പോൾ, ഒരു പുരുഷായുസ്സിനെത്തന്നെയും ഉടച്ചുവാർത്തു് പുതുക്കിയെന്നു വരാം.

വനയുടെ മുഖത്തുനിന്നു് പ്രേമരഹസ്യം കേട്ടനാൾമുതൽ പ്രഭയുടെ ശൂന്യഹൃദയത്തിൽ ആകസ്മികമായുണ്ടായ പരിവർത്തനം തീർച്ചയായും വിസ്മയജനകമാണു്. അന്നത്തെ പ്രഭയല്ല ഇന്നു്. ദൃഷ്ടിയ്ക്കു് ചതുർത്ഥിയായിരുന്ന ചന്ദ്രനെക്കാണുമ്പോൾ ഇയ്യിടെയായി ആ യുവതിയ്ക്കു് സർവ്വാംഗം പുളകാങ്കുരമുണ്ടാകുന്നു; ഹർഷവികസിതമായ്ത്തിരുന്നു ആ നീലോല്പല നയനങ്ങൾ. ഹൈമവതിയുടെ ആശയം

ആശംസയും ഫലിച്ചു. ഇപ്പോഠം നമ്മുടെ പ്രഭ പ്രകാശ ന്റെ പ്രണയത്തിന് പാത്രമായ്തീരുവാൻ തിട്ടക്കപ്പെട്ടക യാണ്. ആനന്ദദായിനിയായിരുന്ന സഖി വനബാല ഇ പ്പോഠം പ്രഭയുടെ കണ്ണിന്നു കാളകൂടമായി.

പ്രഭ ഇങ്ങനെ ഏതാനും നാഠം കഴിഞ്ഞപ്പോഠം പതി പരായണയായി തനിക്കുള്ള കർത്തവ്യം അല്പാല്പം അറിഞ്ഞു തുടങ്ങി. ബാലികാസുലഭമായ സ്വചാപല്യവും മനസ്സി ലാക്കി. പ്രിയതമനോട്ട് കാണിച്ച വിപ്രതിപത്തിയെപ്പററി അവഠംക്ക് അളവററ അനുതാപമുളവായി. തന്റെ ത ലയിൽ ഇങ്ങനെ ഒരു ദുർബ്ബുദ്ധി മുളച്ചുവളന്നത് ഏതുവഴി ക്കാണെന്ന് ആലോചിക്കാൻതുടങ്ങി. അതോടുകൂടി അ വളുടെ മനസ്സിൽ വനബാലയുടെ നേരെ ക്രോധവും കുതി ച്ചുപൊങ്ങി.

ഇന്നു പ്രഭയാകട്ടെ പ്രകാശൻ ശയനഗൃഹത്തിലെത്തു വന്നപ്പോഠം പണ്ടത്തെപ്പോലെ പരാങ്മുഖിയായ്കിടക്കയി ൽക്കിടന്ന് നിദ്രാദേവിയെ ഉപാസിക്കാനല്ലാ ഒരുങ്ങിയതു്. സ്മേരമുഖിയായി പര്യങ്കത്തിലിരുന്ന് തളിർ വെററിലയെടു ത്തു് ഞരമ്പു ചുരുട്ടിക്കൊണ്ടിരിക്കയാണ്. പ്രകാശൻ പ്രവേശിച്ച ഉടനെ മന്ദാക്ഷമന്ദസ്മിതങ്ങളഭിനയിച്ച് ഉടുചേ ല തട്ടിക്കുടഞ്ഞെഴുന്നേററ് സിദ്ധമാക്കിയ താംബൂലമെടുത്തു് കൈയിൽ പിടിച്ചു. ചന്ദ്രൻ ആശ്ചര്യപ്പെട്ടു്, 'എന്താണിതു്' എന്നുചോദിച്ചു.

പ്രഭ, മെല്ലെമെല്ലെ, 'അങ്ങയ്ക്കു്താംബൂലത്തിൽ കുറേ

താല്പര്യമല്ലേ?

പ്രകാ:—ഇന്നെന്താ ഇങ്ങനെ പുതിയമട്ടും മറവും?

പ്രഭ:—അങ്ങ് മുറുക്കുന്നതും ആദ്യമായിട്ടല്ലല്ലോ; ഞാൻ വെററിലയിൽനൂറുതേച്ചുകൊടുക്കുന്നതും നടാടെയല്ല. പിന്നെ ഇതിലെന്താണൊരു പുതുക്കം?

പ്രകാ:— നീ താംബൂലം തരുന്നത് പണ്ടില്ലാത്ത പതിവല്ലേ?

പ്രഭ:— തന്നാലെന്താണത്രെ തരക്കേട്!

പ്രകാ:— ദോഷമുണ്ടെന്ന് ആരുപറഞ്ഞു? പരമാനന്ദം. ഇന്നെന്താണ് ഇത്ര പ്രസന്നത?

പ്രഭ:— വിശേഷിച്ചൊന്നുമില്ല. ഇതുവരെ വിവേകമില്ലാത്ത ഒരുപെൺകിടാവായിരുന്നെങ്കിൽ, എന്നും അങ്ങനെതന്നെ ആയിരിക്കണമെന്നുണ്ടോ?

പ്രകാശചന്ദ്രൻ പകൽക്കിനാവുകാണുകയാണോ എന്നുഭാവിച്ച് 'നിൻെറ വാക്കുകേട്ട് ഞാൻ അതിപ്രീതനായിരിക്കുന്നു. ഇത്രപെട്ടന്ന് ഇങ്ങനെ ഒരു ഭാവഭേദത്തിൻെറ ഹേതു ആലോചിച്ചിട്ട് അറിയുന്നില്ല.'

പ്രഭ:— അതറിഞ്ഞിട്ടെന്താണൊരാവശ്യം? ഞാനൊരു സംഗതിപറയാം, കേൾക്കാമെന്നുണ്ടെങ്കിൽ.

പ്രക:— എന്താ! പറയൂ, പറയൂ.

പ്രഭ:— വനബാലയെ എവിടുന്നാണ് കിട്ടിയതു്?

പ്രകാ:— വനത്തിൽ നിന്നു്.

പ്രഭ:— അതു് മനസ്സിലായി. ഏതു കാട്ടിൽനിന്ന്?

പ്രകാ:— അതെനിക്ക് നിശ്ചയമില്ല.

പ്രഭ:— ആ കാട്ടിലേയ്ക്കു് ഇവിടന്ന് എത്ര ദൂരമുണ്ട്?

പ്രകാ:— പന്ത്രണ്ടു നാഴിക കാണും.

പ്രഭ:— ഏതു ഭാഗത്തായിട്ടാണ്?

പ്രകാ:— പടിഞ്ഞാറ്.

പ്രഭ:— ആ കാട്ടിലെങ്ങാനും വല്ല വീടുമുണ്ടോ?

പ്രകാ:— കള്ളന്മാരുടെ പാർപ്പിടമുണ്ട്.

പ്രഭ:— ഇതുവരെ വനബാലയ്ക്കു് അങ്ങയിൽ പ്രണയമുണ്ടെന്ന് ഞാനെങ്ങനെയാണ് അറിയുക? ഇന്നാണ് വനബാല എൻെറ സപത്നിയാണെന്ന് എനിയ്ക്കു് മനസ്സിലായതു്.

പ്രകാശൻ അല്പമൊന്നു നടുങ്ങി. നിർമ്മേഘമായ നഭസ്സിൽ നിന്ന് പെട്ടെന്ന് ഇടിമുഴക്കം കേട്ടതു പോലെ പ്രകാശൻ ഞെട്ടി. പ്രഭ ചന്ദ്രൻെറ അരികിലേയ്ക്കു് തിരിഞ്ഞു നോക്കിയതേ ഇല്ല. അവളെന്തോ ഒരു തന്ത്രം ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. കുറേനേരം കഴിഞ്ഞ് പ്രകാശൻെറ വിസ്മിതവദനത്തിൽനിന്ന്, 'നിന്നോടാരാണിസ്സംഗതിപറഞ്ഞതു്' എന്നൊരുചോദ്യം പൊട്ടിപ്പുറപ്പെട്ടു.

പ്രഭ:— വനബാലതന്നെയാണ് പറഞ്ഞതു്. അങ്ങെന്താണ് വനബാലയെ വേളികഴിക്കാതിരിക്കുന്നതു്.?

പ്രകാ:— അതെന്തിന്? ഏൻെറ വേളികഴിഞ്ഞല്ലോ.

പിന്നെന്തു വിവാഹമാണ്?

പ്രഭ:— അങ്ങനെയാണെങ്കിൽ പിന്നെ എന്താണ് ഈ സ്നേഹവും മോഹവും?

പ്രകാ:— അവളെൻെറ പ്രാണരക്ഷണം ചെയ്തവളാണ്.

പ്രഭ:— അവളിപ്പോൾ അങ്ങയ്ക്കുവേണ്ടി മരിക്കാനല്ലേ ഒരുക്കം— അവളുടെ ജീവനെ അങ്ങ് രക്ഷിച്ചുകൊടുക്കു.

പ്രകാ:— ആ സാധുവിന് നമ്മുടെ ലോകകാര്യങ്ങളൊന്നും അറിയില്ല.

പ്രഭ:— പക്ഷേ, അങ്ങയെക്കാട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകണമെന്നുള്ള കാര്യം നന്നായറിയാം.

പ്രകാ:— ഈ സംഗതി ആരാണ് പ്രഭയോട് പറഞ്ഞത്?

പ്രഭ:— അവളുടെ വായിൽനിന്നുതന്നെയാണ് കേട്ടതു്.

പ്രകാ: എൻെറ ഭാര്യയാണ് പ്രഭ— അങ്ങനെയിരിക്കെ നിന്നോടിതൊക്കെപ്പറയേണമെങ്കിൽ ആ പാവത്തിന് ലോകപരിജ്ഞാനമുണ്ടായിട്ടാണോ? മാടപ്പിറാവിൻെറ മനസ്സല്ലേ അവൾക്ക്? അതിലുണ്ടോ വല്ല കുട്ടും കറയും?

പ്രഭ:— അതേ,തെ മനസ്സിലായി. അങ്ങയ്ക്കു അവളുടെ നേരെ അളവററ അനുരാഗമുണ്ട്. അല്ലെങ്കിൽ, ഇതു പക്ഷംപിടിച്ചുപറയാനുണ്ടോ?

പ്രകാ:— അതുകൊണ്ടു നിണക്കെന്തൊരു ഹാനിയാണ് നേരിട്ടതു്? നീ എന്നെ എള്ളോളം സ്നേഹിക്കുന്നില്ല.

നീ തന്നെ തുറന്നുപറഞ്ഞില്ലേ എന്റെനേരെ പ്രേമമില്ലെന്നു്—

പ്രഭാവതി പിന്നെ ഒരക്ഷരവും മിണ്ടിയില്ല; എന്തോ ഒരു ചിന്ത ഉൾക്കൊണ്ടു് ഗംഭീരഭാവം പൂണ്ടുനിന്നു. ഈ വിഷയത്തിൽ പതിയോടു് ഇത്രയും പറഞ്ഞതുകൊണ്ടു് പ്രഭ പരിതൃപ്തയായില്ല. അല്പം അടങ്ങിയൊതുങ്ങിയിരുന്ന ശേഷം 'എനിക്കു് ഒന്നും നേരിടാനില്ലെന്നിരിക്കട്ടെ; അങ്ങയ്ക്കുണ്ടല്ലോ ആപത്തു്. അധർമ്മഭയം അശേഷം ഇല്ലെന്നുണ്ടോ? വനബാല അങ്ങയ്ക്കു് ആരാണു്? എന്താണു് ഒരു ചാച്ച്യവും വേഴ്ചയും? അവളിൽ പ്രേമം ഭാവിപ്പാനെന്താണു് ബന്ധം?' എന്നു് ഒരു നിശിതചോദ്യം തൊടുത്തുവിട്ടു.

പ്രകാശൻ അല്പം ഉത്തേജിതനായി 'എനിക്കു് ദോഷം നേരിട്ടോട്ടെ. ധർമ്മാധർമ്മങ്ങളെനിക്കറിയാം. നിണക്കെന്താണു് അതൊക്കെച്ചോദിച്ചിട്ടും വാദിച്ചിട്ടും ആവശ്യം?' എന്നു് പ്രതിഷേധിച്ചു.

പ്രഭ:— ചോദിക്കുന്നതെന്തിനാണെന്നോ? അങ്ങു് അനീതികാണിച്ചാൽ ഒരിക്കലെല്ലാ- നൂറുകുറി ഞാനതുചോദിക്കും.

പ്രകാ:— ഇന്നു് വാക്കിനും നോക്കിനും വലിയ ഗൌരവമുണ്ടെന്നു തോന്നുന്നു. എന്താണെന്റെ നേരെ ഇത്ര ചന്ദ്രഹാസം?

പ്രഭ:— അങ്ങയുടെനേരെ ഇതുകൊണ്ടൊന്നുമായില്ല. ഇനിയും കിടക്കുന്നേയുള്ളൂ.

പ്രകാ:— എന്നാൽ ഇതുവരെ ഈ കൈയും കലാശവു മൊക്കെ എവിടെയായിരുന്നു?

പ്രഭ:— ഇത്രനാളും അങ്ങേക്ക് വനബാലയിൽ പ്രേമമു ണ്ടായിരുന്നുവെന്നു ഞാനുണ്ടോ അറിഞ്ഞു?

പ്രകാ:— നിണക്കങ്ങിനെ ഒരുവിശ്വാസമുണ്ടെങ്കിൽ അത് ശുദ്ധമേ അബദ്ധം. ഞാനെന്തിനാണ് അവളെപ്രേ മിക്കുന്നതു്? അവളെൻെറ ജീവനെ രക്ഷിച്ചവളാണ് ലോകപരിജ്ഞാനമൊന്നും അവൾക്കില്ല. എന്തെ ങ്കിലും ഒരുദോഷം അവളിലുണ്ടെങ്കിൽ അതൊരു ദോ ഷമായിട്ട് തോന്നുന്നില്ല. ആ സാധുവിന് എന്തെ ങ്കിലും ഒരു ദുഃഖം നേരിട്ടാൽ അതെനിക്ക് മമ്മഭേദ കമാണ്.

പ്രഭ:— അങ്ങു ഇനിമേൽ അവളോട്ട് ആടാനും പാടാ നും പോവരുതു്. ചാപ്ല്യവും വേഴ്ചയുമൊക്കെ നിവ ത്തിക്കളയൂ.

പ്രകാ:— നിണക്കെന്നിൽ ഒരു വിശ്വാസവുമില്ലേ?

പ്രഭ:— എള്ളോളമില്ല.

പ്രകാശൻ പണ്ടത്തെ പ്രഭയല്ല ഇപ്പോളിവളെന്നു ധ രിച്ചു. പ്രഭാവതിക്കു് പ്രകാശൻെറ നേരെ പ്രേമാവേശമു ണ്ടോ? ഈ കോപ കാലുഷ്യമല്ലെങ്കിലെന്തിനാണ്? വാടി ക്കരിഞ്ഞ ഒരു പുഷ്പവല്ലരി പൊട്ടനാനെത്തളിർത്തുതഴച്ച് അതിൻെറ അഗ്രത്തിൽ ഒരു പൂവിരിഞ്ഞുകാണുമ്പോൾ ഉ ണ്ടാവുന്ന ആഹ്ളാദമാണ് പ്രകാശചന്ദ്രൻെറ ഹൃദയത്തട

ത്തിൽ അപ്പോൾ അങ്കുരിച്ചതു്. പോയ്പോയ ധനം തിരിച്ചു കിട്ടിയാലുള്ള ഉല്ലാസമാണ് ഈ സംഭവംകൊണ്ടു് പ്രകാശനു് സംജാതമായതു്. അതുനിമിത്തം വനബാലയുടെ വിഷയത്തിൽ പ്രഭാവതിയ്ക്കുള്ള തെററിദ്ധാരണയെ ദൂരീകരിക്കുന്നതിനു് പ്രകാശൻ വിശേഷപ്രയത്നം ചെയ്യാനാരംഭിച്ചു. ഇത്രപെട്ടന്നു് പ്രഭാവതിയ്ക്കു് അയാളിൽ അവിശ്വാസം തോന്നാനെന്താണ് ഹേതു? അങ്ങനെ വിശ്വാസവിഘാതം ജനിക്കത്തക്ക ഒരു കാര്യമൊട്ടു നടന്നിട്ടുമില്ല. ബുദ്ധിമതിയായ ഹൈമവതിക്കുട്ടി അല്പംപോലും വിശ്വാസക്കേടു് കാട്ടാതിരിക്കെ, അല്പബുദ്ധിയായ ഈ ബാലിക ഇങ്ങനെ ശങ്കിപ്പാൻ എന്താണു സംഗതി? പ്രകാശചന്ദ്രൻ ഇതിനെപ്പററി പലതും ആലോചിച്ചുതുടങ്ങി, എന്നുതന്നെയല്ല പ്രഭയോടു് പലവിധത്തിലും വെളിവായ്പറയാതിരുന്നതുമില്ല. വനബാലയുടെ നേരെ യാതൊരുവിധത്തിലുള്ള ദുരഭിലാഷവും തനിക്കില്ലെന്നു് ആ യുവാവു് അനേകംതവണ പ്രഭയെ അറിയിച്ചുവെങ്കിലും, അവളുടെ ഹൃദയരംഗത്തിൽ നടമാടുന്ന ശങ്കാനടി തിരോധാനം ചെയ്തതേ ഇല്ല. ക്രമേണ ചന്ദ്രനു് ഹൃദയവ്യാകുലതയാൽ നിന്ദ്രനായ് നിശാകാലം കഴിക്കേണ്ടിവന്നു. പുലച്ചയ്ക്കുമുമ്പു് അയാളൊരു കിനാവുകണ്ടു് അത്യന്തം വ്യഥിതനായി.

വനബാല അവിചാരിതമായി നിര്യാണം പ്രാപിച്ചുപോയതായും; താനവളുടെ മൃതശരീരം കൈത്തണ്ടിൽ താങ്ങിയെടുത്തു് വനത്തിൽ അലഞ്ഞു നടന്നതായും തോന്നി. ആ സമയം വനബാലയുടെ അച്ഛനായ കള്ളനെക്കണ്ടെത്തി; ആ കള്ളൻ മകളുടെ മരണവൃത്താന്തമറിഞ്ഞു് ക്രോ

ധാന്ധനായി തന്നെസ്സംഹരിക്കുവാൻ ഉദ്യമിച്ചു; താൻ പ്രാണഭയത്തോടെ ഓടി ഒരു മലമുകളിൽ കയറി അവിടെയുള്ള ഒരു സന്യാസിയെക്കണ്ടു് വനബാലയെ പുനരുജ്ജീവിപ്പിക്കണമെന്നു പ്രാത്ഥിച്ചു; ആ തപസ്വി കമണ്ഡലുവിൽ നിന്നു് അല്പം ജലമെടുത്തു് മൃതദേഹത്തിൽ തളിച്ചു ഉടനെ വനബാല തട്ടിപ്പിടഞ്ഞെഴുനേററു സംസാരിച്ചു; പക്ഷെ, ആ കുമാരി പ്രിയതമനായ പ്രകാശചന്ദ്രനെ തിരിച്ചറിയാതെ അവിടെനിന്നു് അന്തർദ്ധാനംചെയ്തു; അവളെ ഗൃഹത്തിലേയ്ക്കു കൊണ്ടുപോരണമെന്നു താത്പര്യപ്പെട്ടെങ്കിലും ആനുകൂല്യം ഭാവിക്കാതെ കണ്ണിനെതിരെ അവളൊരുവിമാനത്തിൽ കയറി മറഞ്ഞതായും അപ്പോൾതാൻ പരിദേവനം ചെയ്യുതായും സ്വപ്നംകണ്ടു ഞെട്ടി ഉണന്നു.

സ്വപ്നനിവൃത്തനായ ഉടനെ പ്രകാശചന്ദ്രൻ എഴുനേററു; നാലുപാടും നയന വിക്ഷേപം ചെയ്തു. കണ്ണീർചൊരിഞ്ഞു് ശയ്യോപധാനങ്ങൾ നനഞ്ഞു നാശമായിരിക്കുന്നു. വനബാലയെച്ചൊല്ലി ഇത്ര മാത്രം മിഴിനീരൊഴുക്കിയതു കണ്ടു് ചന്ദ്രനു് സുഖമോ അഥവാ ദുഃഖമോ ഉണ്ടായതെന്നു് നമുക്കറിഞ്ഞുകൂടാ. എന്നാലും ഈ സ്വപ്നം നിമിത്തം വനബാലയ്ക്കു് ഭാവിയിൽ അമംഗളം ഉണ്ടായേയ്ക്കുമോ എന്നുള്ള ഒരു ശങ്ക അയാളെ അല്പം അസ്വസ്ഥനാക്കിത്തീക്കാതിരുന്നില്ല. അതു് അയാളുടെ മുഖത്തു നോക്കിയാൽ നമുക്കു നല്ലപോലെ കാണാം.

പന്ത്രണ്ടാം അദ്ധ്യായം

# പുഷ്കരണിതീരം.

---

കറുത്തവാവു്; നേരം പാതിരയായിട്ടില്ല. നാലുദിക്കിലും കൂരിരുട്ട് പടന്നുപിടിച്ചിരിക്കുന്നു. കരിങ്കാറിളകിയ കാളാംബരത്തിൽ ഇടക്കിടെ മിന്നൽപ്പിണർപാഞ്ഞ് ആ സാന്ദ്രതമസ്സിനെയ്ക്കുതഗ്രണീഭവിപ്പിക്കുന്നുണ്ടു്. പേമാരിചൊരിഞ്ഞുതുടങ്ങി. പ്രഭാവതി മെല്ലെ വിദ്യുത്പ്രകാശത്തിൽ കിടപ്പുമുറിയിൽനിന്നു പുറത്തേയ്ക്കുപോന്നു. അവൾ വളരെ പതുക്കെ പാദവിന്യാസംചെയ്തു് വനബാലയുടെ മുറിയിലേയ്ക്കു് സശ്രദ്ധം കടന്നുചെന്നു്, 'വനബാലേ' എന്നുവിളിച്ചു. ബാല അവിടെ നിന്നിദ്രയായിരിക്കയൊണു്. മഴ അല്പം നിലച്ചതിനാൽ ആഹ്വാനശബ്ദം അവളുടെ ശ്രോത്രയുഗളത്തിൽ പതിച്ചു; കണ്ഠസ്വരം കൊണ്ടു് വ്യക്തിയെ നിർദ്ദേശിക്കയും ചെയ്തു. അവളെഴുന്നേററു് 'എന്താ' എന്നു ചോദിച്ചു. പ്രഭാവതി മുമ്പിലത്തെപ്പോലെ മൃദുമധുരസ്വരത്തിൽ 'ഒരുകാര്യം ചെയ്യാമോ'.

വന:— എന്തുകാര്യമാണു്?

പ്രഭ:— താമരത്തടാകം എവിടെയാണെന്നറിയാമോ?

വന:— ഉവ്വ് അറിയാം.

പ്രഭ:— നിണക്കു് കൂരിരുട്ടത്തുകൂടി കൂസലൊട്ടുമില്ലെന്നു് നിൻെറ സംസാരത്തിൽനിന്നു് ഞാൻ ധരിച്ചിട്ടുണ്ടു്.

നീ പോയി ആ തടാകത്തിൽ നിന്നു് രണ്ടു മൂന്നു് താമരപ്പൂക്കൾ പറിച്ചുകൊണ്ടു വന്നു തരാമോ?

വന:—അങ്ങനെയാവാം. എന്തിനാണ് ഇത്ര തിടുക്കമായി നിങ്ങൾക്ക താമരപ്പൂവ്?

പ്രഭ:—ഇന്നു് അമാവാസിയാണല്ലോ. അദ്ധരാത്രിയാവാറായി. ഈ പുണ്യദിനത്തിൽ മഹാകാളിയെ പത്മം കൊണ്ടു് അച്ചിച്ചാൽ അഭീഷ്ടമെല്ലാം സിദ്ധിക്കും. ഞാൻ ഭഗവതിയ്ക്കു് പുഷ്പാഞ്ജലി നേൎന്നുകഴിഞ്ഞിരിക്കുന്നു. എനിക്ക് ഈയൊരുപകാരം ചെയ്യുതരില്ലേ?

ആ സമയം ഭയങ്കരമായ ഒരു ഇടിമുഴക്കം ഉണ്ടായി. പ്രഭയുടെ ഹൃദയവും ഇടിച്ചുതുടങ്ങി; അവൾ വനബാലയുടെ ശയ്യാന്തികത്തിൽ താനേ ഇരുന്നുപോയി. ബാല ഒട്ടും വൈകാതെ എണീററു ആ മുറിയിൽനിന്നു പുറത്തേയ്ക്കു പോയി. പ്രഭയുടെഹൃദയം പൂൎവ്വാധികം ശക്തിയോടെ സ്പന്ദിച്ചു.

---

മഴ കോരിച്ചൊരിയുന്നു. ഇടിനാദം ഇടവിടാതെ ദിക്ചക്രവാളത്തെകുലുക്കിക്കൊണ്ടിരിക്കുന്നു. ദിഗന്തം ശബ്ദമയമായി. ഇങ്ങനെയുള്ള ഘോരാന്ധകാരത്തിൽ വനബാലയ്ക്കു് ഒരു ഇടയിളക്കവും ഉണ്ടാവാറില്ല. എന്നാലിന്നൊരു ഭയവികാരം മനസ്സിൽ പൊട്ടിമുളച്ചു് പ്രസരിപ്പോടുകൂടിയ അവളുടെ ഗതിയെ മന്ദീഭവിപ്പിച്ചു. എന്നാലും പുറപ്പെട്ടകാൎയ്യത്തിൽ നിന്നു് ഒരടി പിറകോട്ടുവെച്ചില്ല; സാവ

ധാന്മം മുന്നോട്ടുനടന്നു. മിന്നലിൻെറ നൃത്തകേളി നിലച്ചിട്ടില്ല. ഇടയ്ക്കിടെ ക്ഷണപ്രഭ തിരശ്ശീല നീക്കി രംഗപ്രവേശംചെയ്യാൻ എത്തിനോക്കുന്നതേയുള്ളു. കാർമുകിൽക്കൂട്ടം പാഞ്ഞുകളിക്കുന്നില്ല. വനബാലയുടെ ഗതിയ്ക്കും ഒരു മന്ദത ബാധിച്ചു.

ആ കുമാരി പതുക്കെപ്പതുക്കെ പുഷ്കരിണിതീരത്ത് ചെന്നെത്തി. വളരെപണിപ്പെട്ട് ഒരു പദ്മം പറിച്ചെടുത്തു. അനന്തരം സാവധാനം കരയ്ക്കുവന്നുനിന്നു. അപ്പോൾ ഒരു മിന്നൽപിണർ വിസ്തൃതമായ വിയത്പഥത്തിൻെറ ഒരററത്തുനിന്നു് മറെറാരററത്തേയ്ക്കു് വക്രരേഖാകാരമായി എയ്യുപോലെച്ചെന്നുതറച്ചു് ലയിച്ചു. വനബാല ചകിതയായി നാലുദിക്കിലേയ്ക്കും ദൃഷ്ടിയോടിച്ചു. സമീപത്തു് യമസന്നിഭമായ ഒരു ഭയങ്കരസ്വരൂപം ആ തേജഃപ്രവാഹത്തിൽ തെളിഞ്ഞുകണ്ടു. ഉത്തരക്ഷണത്തിൽ ഗംഭീരമായ ഒരുമേഘഗർജ്ജിതവും മുഴങ്ങി.

---

## പതിമൂന്നാം അദ്ധ്യായം

# ഭയാനകരഹസ്യം.

---

ഇന്നു് ജഗച്ചന്ദ്രൻെറ ഗൃഹത്തിൽ വലിയ ബഹളം. കാലത്തെണീററു നോക്കിയപ്പോൾ വനബാലയെ വീട്ടിൽ കാണാതിരുന്നതാണു് കാരണം. അവളെ അന്വേഷിക്ക

ന്നതിന് നാനാദിക്കുകളിലേയ്ക്കും ആളുകളെ വിട്ടു; പക്ഷെ, അവളുടെ സ്ഥിതിഗതികളെപ്പററി ഒരു രൂപവും കിട്ടാതെ അവർ മടങ്ങിയെത്തിയിരിക്കുന്നു! ജഗച്ചന്ദ്രൻ അന്ന് കച്ചേരിയ്ക്കു പോയിട്ടില്ല. വീട്ടിൽ ഒരു വ്യക്തിയ്ക്കൊഴിച്ച് മറെറല്ലാക്കും ഹൃദയവ്യാകുലത മുഖത്ത് പ്രസ്ഫുരിക്കുന്നുണ്ട്. പ്രത്യേകിച്ച് പ്രകാശചന്ദ്രനും ഹൈമവതിക്കും ഉള്ള അഴലിന്നു് അതിരില്ല. ഹൈമ അന്നു് ജലപാനം ചെയ്തിട്ടില്ല. പ്രകാശനും നിരാഹാരനായി അടുത്തപ്രദേശങ്ങളിൽ ബാലയെ തേടി അലഞ്ഞു നടക്കുകയാണ്. ജഗച്ചന്ദ്രനും ബാലയുടെ നേരെ നിസ്സീമമായ വാത്സല്യം ഉണ്ടായിരുന്നു. ജനസ്വാധീനതയുള്ളതുകൊണ്ട് വനബാലയെത്തിരഞ്ഞു പിടിപ്പാൻ വേണ്ടുവോളം ആളുകളെ അയയ്ക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. അസ്തഗിരിയിൽ അന്തിച്ചെങ്കതിർ പരന്നതോടുകൂടി നൈരാശ്യഗർഭങ്ങളായ നയനങ്ങളോടും വാടിക്കരിഞ്ഞ വദനത്തോടും ഹൈമവതി താതാന്തികത്തിൽ വന്ന് 'അച്ഛൻ വനബാലയെ എങ്ങനെയെങ്കിലും ഒരു നോക്ക് കാണിച്ചുതന്നേ കഴിയൂ' എന്നു കഷ്ടിച്ചു പറയുമ്പോഴയ്ക്കും വാവിട്ടു വിലപിച്ചുതുടങ്ങി.

ഇതുകണ്ട് പ്രകൃത്യാ ശാന്തഗംഭീരനായ ജഗച്ചന്ദ്രന്റെ മനസ്സ് വല്ലാതെ കലങ്ങിമറിഞ്ഞു. ബാലഭാവത്തിൽ അദ്ദേഹവും അശ്രുധാര ചൊരിയാതിരുന്നില്ല. പൂർവ്വജന്മത്തിലെ വല്ലബന്ധവും ആയിരിക്കാം ഈ കണ്ണീരിനു കാരണമെന്നു് മാന്യവായനക്കാർ ശങ്കിക്കുന്നുണ്ടായിരിക്കാം. പ്രകാശൻ മടങ്ങിവന്നിട്ടില്ല. രാത്രി ഒമ്പതുമണിയ്ക്കു വിഷ

ണ്ണവദനനായി അയാളും തിരിച്ചെത്തി. ഇങ്ങനെ എല്ലാവരും വനബാലയെസ്സംബന്ധിച്ച് ഹതാശരായ്ത്തീൎന്നു.

രാത്രി പതിനൊന്നുമണിയ്ക്ക് പ്രകാശൻ ശയ്യാഗൃഹത്തിലേയ്ക്കുപോയി. പ്രഭ അയാളെ ഉൽകണ്ഠാപൂൎവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ചന്ദ്രനെക്കണ്ട ഉടനെ എണീറവനിന്ന്, 'ഇത്രയൊക്കെത്തേടിനടന്നിട്ടും കണ്ടുകിട്ടാത്ത സ്ഥിതിക്ക് ഖേദിച്ചിട്ടെന്താണ് പ്രയോജനം' എന്ന് അനുതാപം പ്രദൎശിപ്പിച്ചു.

പ്രകാശൻ നെടുതായൊന്ന് നിശ്വസിച്ച്, ഖേദിച്ചിട്ട് കാൎയ്യമില്ലെന്ന് അറിയായ്കയല്ല; എങ്കിലും എങ്ങനെയാണ് ഒതുക്കിനിറുത്തുക. പ്രഭേ! അവളെപ്പററി നിണക്ക് അല്പവും വ്യസനം തോന്നുന്നില്ലേ?'

പ്രഭ:— ഇല്ല. ദുഃഖപ്പെടുവാൻ അവളെന്റെ ആരാണ്?

പ്രകാ:— കൂട്ടിലിട്ട ഒരുകിളിയെക്കൂടി കാണാതായാൽ ഖേദം തോന്നുമല്ലോ.

പ്രഭ:— പക്ഷിപറന്നുപോയാൽ പരിതാപം എനിക്കുമുണ്ടാകും; പക്ഷെ അവളെസ്സംബന്ധിച്ച് അശേഷം വ്യസനം ഇല്ല. അവൾ വസിച്ചിരുന്ന വനത്തിലേയ്ക്കുതന്നെ തിരിച്ചുപോയ്ക്കളഞ്ഞു.

പ്രകാ:— അതു് ഖണ്ഡിതമായറിഞ്ഞിരുന്നെങ്കിൽ, മനസ്സിന് ഇത്ര അസ്വാസ്ഥ്യമില്ലായിരുന്നു.

പ്രഭ:— പരമാൎത്ഥസംഗതി അറിഞ്ഞാൽ മനഃസമാധാനപ്പെടാമോ?

പ്രകാ:— നിശ്ചയമായും.

പ്രഭ:— ഞാൻ വാസ്തവം പറയാം. അവളതേവനത്തിലേയ്ക്കുതന്നെയാണു് പോയിരിക്കുന്നതു്.

പ്രകാ:— നിയ്യെങ്ങനെ അറിഞ്ഞു?

പ്രഭ:— ഞാൻതന്നെയാണു് അവളെ ഉപായം പ്രയോഗിച്ചു് അങ്ങോട്ടയച്ചതു്.

പ്രകാശൻ ഇരുന്നേടത്തുനിന്നു് കടന്നൽ കുത്തിയപോലെ തട്ടിപ്പിടഞ്ഞെഴുന്നേറ്റു. ഒരു വൈദ്യുതപ്രവാഹം അയാളുടെ സർവാംഗവും വ്യാപരിച്ചു. ഉത്കണ്ഠാകുലനായി അയാൾ, 'എന്തുപായം—എന്തുകൌശലം? എല്ലാം തുറന്നു പറയൂ' എന്നു് നിർബ്ബന്ധിച്ചു. പ്രഭ പറയാൻ തുടങ്ങി: 'ഞാൻ അങ്ങയോടു് വനബാല ഏതുവനത്തിലാണു് വസിച്ചിരുന്നതെന്നു് ചോദിച്ചതോൎക്കുന്നുണ്ടായിരിക്കും. അതിനെപ്പററിത്തന്നെയായിരുന്നു എൻെറ ആലോചന. നമ്മുടെ രാമചരണനു് ആ കാടു് പരിചയമുണ്ടു്. അമാവാസ്യരാത്രി വനബാല അടുത്തുള്ള താമരത്തടാകത്തിലേയ്ക്കു് വരുമെന്നു് അവൻ മുഖേന വനബാലയുടെ അച്ഛനെ അറിയിച്ചിരുന്നു. താമരപ്പൂവു് പറിച്ചുകൊണ്ടുവരുവാൻ പറഞ്ഞു് അവളെ ഇന്നലെരാത്രി ഞാൻ ആ തടാകത്തിലേയ്ക്കു അയയ്ക്കുകയുണ്ടായി. പിന്നെ അവൾ തിരിച്ചുവന്നിട്ടില്ല. മററവിടെയ്ക്കാണു് അവൾ പോവുക? നിശ്ചയമായും അവളുടെ അച്ഛൻ അവളെക്കൂട്ടിക്കൊണ്ടുപോയിട്ടുണ്ടായിരിക്കണം".

ഈ ഭയങ്കരരഹസ്യം തുറന്നുവിട്ട് പ്രഭ പ്രകാശന്റെ മുഖത്തേയ്ക്കു ഒന്നു കണ്ണോടിച്ചു. 'എന്താ ഞാൻ പറഞ്ഞതിൽ അത്രവിശ്വാസമില്ലെന്നുണ്ടോ?' എന്നായി.

'തലയ്ക്കു' ഇടിത്തീപതിച്ചതുപോലെ പ്രകാശൻ അല്പനേരം നിശ്ചലനായ് കാന്താനനത്തിലേയ്ക്കു് കണ്ണിമയ്ക്കാതെ നോക്കി' ആ ദാരുണവൃത്താന്തം കേട്ടുകൊണ്ടിരുന്നു. ഒരക്ഷരം മുഖത്തുനിന്നു പുറപ്പെട്ടില്ല; നിരുദ്ധകണ്ഠനായ് നിന്നതേയുള്ളു.

പ്രഭാവതി അരനിമിഷത്തിനകം അയാളുടെ അന്തർഗ്ഗതം മനസ്സിലാക്കി. ഈ വാർത്താനിവേദനംകൊണ്ടു് ഉദ്ദേശിച്ചതിന്ന് വിപരീതമായ ഫലമാണു ഉണ്ടായതെന്നു കണ്ടു് അവൾ കുണ്ഠിതപ്പെട്ടു. അല്പം ഭയസംഭ്രാന്തയായി ഭർത്തൃഹസ്തം അവലംബിച്ച് വിസ്മിതമുഖത്തോടെ ഉറ്റുനോക്കിക്കൊണ്ടുനിന്നു.

അല്പം കഴിഞ്ഞു് കൈവള്ളടെ കൈ വേർപെടുത്തി. പ്രകാശൻ ആ മുറിയിൽനിന്നു് നിർഗ്ഗമിച്ചു. പ്രഭ പരിഭ്രമത്തോടെ 'എങ്ങോട്ടാണു് പോകുന്നതു്. വരട്ടെ' എന്നുതടഞ്ഞു. 'വനബാലയുള്ളേടത്തേയ്ക്കു' എന്നു് ഒരു ശബ്ദം പ്രകാശന്റെ മുഖത്തുനിന്നു സഗദ്ഗദം പുറപ്പെട്ടു. പ്രിയതമന്റെ ഇടറിയ സ്വരംകേട്ടു് പ്രഭ പേടിച്ചുവിറച്ചു. പ്രകാശന്റെ മുഖമണ്ഡലത്തിൽ ഒരു ഘോരഗംഭീരഭാവം മുദ്രിതമായ്ക്കണ്ടുവെങ്കിലും, പ്രഭ സാഹസപ്പെട്ടു് 'ഞാനങ്ങയെ വിട്ടയയ്ക്കുന്നതല്ല' എന്നു് വീണ്ടും വിലക്കി. പ്രകാശന്റെ

അപ്പൊഴത്തെ ഭീഷണവേഷം, തന്നെപ്പിടിച്ചുനിറുത്തുവാൻ ദുസ്സാധമാണെന്നു് പറയുംപോലെത്തോന്നി.

പ്രഭ നടുങ്ങി. എങ്കിലും ധൈര്യം ഉൾക്കൊണ്ടു് 'അവളൊരു മായാവിനി- അവളൊരു രാക്ഷസി- അവളുടെ അരികിലേയ്ക്കു പോകുന്നതു് നിങ്ങൾക്കു് ഉചിതമാണോ?' എന്നു ഭർത്സിച്ചു.

പ്രകാ:— അവൾ മായാവിനിയോ രാക്ഷസിയോ ആരെങ്കിലുമാകട്ടെ. എനിക്കു് അവളിൽ പ്രീതിയുണ്ടു്. ആദ്യം ഞാൻതന്നെ എൻെറ ഹൃദയസ്ഥിതി അറിഞ്ഞിരുന്നില്ല; ഇപ്പോഴെല്ലാം മനസ്സിലായി. നിൻെറ കുററമല്ല, കുററമൊക്കെ എൻെറ തന്നെ. അവൾക്കു് ഇങ്ങനെ ഒരു ആപത്തു് നേരിട്ടിട്ടു ഞാനടങ്ങിയൊതുങ്ങിയിരിക്കേയോ?

പ്രഭ:— അവിടെച്ചെന്നാൽ നിങ്ങൾക്കും നേരിടും അനൎത്ഥം.

പ്രകാ:— അവളുടെ കഥ ആലോചിക്കുമ്പോൾ, എനിക്കുള്ള ആപത്തു് തൃണപ്രായം.

പ്രഭ:— ഇതു് യഥാൎത്ഥമാണോ?

പ്രകാ:— നിണക്കുള്ള കൌശലംപോലെ എനിക്കില്ല. നീ ഇത്ര ചെറുപ്രായത്തിൽ തന്നെ ഇപ്രകാരമുള്ള ആളെക്കൊല്ലിവിദ്യ എവിടുന്നാണു് പഠിച്ചതു്? വനബാല ജീവനോടെയുണ്ടോ?

പ്രഭാവതി സൎവ്വാംഗം തരിച്ചുനിന്നു. അടിയ്ക്കടി അവളുടെ മനസ്സിൽ ഓരോ അലകൾ അടിച്ചുപൊങ്ങിക്കൊണ്ടി

രുന്നു. എന്നാലും അവൾ അടങ്ങിയിരുന്നില്ല 'അവളു ടെ അച്ഛൻ അവളെക്കൂട്ടിക്കൊണ്ടുപോയി. എന്താജീവ നോടെ ഇരിക്കാതെകണ്ടു്' എന്നായിരുന്നു അതിന്നുള്ള മറു പടി.

പ്രകാശൻ ഇക്കുറി കുറച്ചു് കോപാഭിനയത്തോടെ 'അവളെക്കുറിച്ച് നിന്നോടുവാദിക്കാനും ചോദിക്കാനും എ നിക്കു കഴികയില്ല. നീ ചെയ്ത കുറ്റംകൊണ്ടു് നിൻെറ മുഖത്തു നോക്കാൻ കൂടി വെറുപ്പായിരിക്കുന്നു. വനബാലയെത്തേ ടിപ്പിടിച്ചു് പരിരക്ഷണം ചെയ്വാൻ സാധിക്കാത്തപ ക്ഷം എന്നെപ്പിന്നെ നിങ്ങളാരും കാണ്മാൻ ഇടവരില്ല' എ ന്നു് വിരമിച്ചു.

പ്രകാശൻ അമ്പു് പായുംപോലെ ആ മുറിയിൽനിന്നു് തിരിച്ചു പുറത്തുവന്നപ്പോൾ, അഭിമുഖമായി ഒരു സ്ത്രീരൂ പം നിൽക്കുന്നതുകണ്ടു് അവിടെത്തന്നെ അടിയുറപ്പിച്ചു.

സ്ത്രീരൂപം:—പ്രകാശ! ഞാൻ നിൻെറ വാക്കും പോക്കും എല്ലാം അറിഞ്ഞിരിക്കുന്നു. പ്രഭ അങ്ങിനെ ഒരു സാ ഹസം ചെയ്യുന്നവളാണെന്നു് സ്വപ്നേപി കരുതി യില്ല. അവൾക്കു് തൻേറടം ഇല്ലെന്നേ ഞാൻ മന സ്സിലാക്കിയിരുന്നുള്ളു. പക്ഷേ, ഉള്ളിൽ ഇത്രത്തോ ളം കട്ടിയുണ്ടെന്നു് ആരറിഞ്ഞു? ഏതായാലും, കഴി ഞ്ഞതൊക്കെക്കഴിഞ്ഞു. ഇതിലെന്താണു് പ്രവർത്തി ക്കേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷേ, നി ശ്ചിത ആലോചനക്കുറവു കാണിച്ചാൽ എല്ലാം അവ താളത്തിലാവും'.

ഇത്രയും പറഞ്ഞ ആ സ്ത്രീരൂപം മററാരുമല്ല- നമ്മുടെ ഹൈമവതി. ഇന്നു് ആ സുശീല കൺപോള പൂട്ടിയിട്ടില്ല. അപ്രതീക്ഷിതമായി പ്രകാശൻെറ വികൃതശബ്ദം കേട്ട് അങ്ങോട്ടുചെന്നതാണു്. കിടപ്പുമുറിയുടെ കിളിവാതിലിന്നരികെനിന്നു് അകത്തുനടക്കുന്ന സംഭാഷണം ശ്രദ്ധിക്കുകയായിരുന്നു. അന്ധകാരത്തിൽ അവളുടെ രൂപം ദുർഗ്രഹമായിരുന്നെങ്കിലും ശബ്ദം കേട്ടപ്പോൾ ആളറിഞ്ഞു. കണ്ഠസ്വരത്തിനു് കുറച്ചൊരു മാററം കാണുന്നുണ്ടു്; അതു് അല്പം ശോകസമ്മിളിതമായിരുന്നു. പ്രകാശൻ പ്രകൃതിപ്പകർച്ച ഒട്ടൊന്നൊതുക്കി, 'എല്ലാം ജ്യേഷ്ഠത്തി കേട്ടുമനസ്സിലാക്കിയെങ്കിൽ ഇതിനെന്താണൊരു നിവൃത്തിമാർഗ്ഗം എന്നു പറഞ്ഞുതരു' എന്നായി. ഹൈമവതി അതേ ശോകോദ്ദീപകമായ സ്വരത്തിൽ 'ഇനി ചെയ്യേണ്ടതായിട്ടെന്താണുള്ളതു്? എങ്ങനെയെങ്കിലും വനബാലയെ വീണ്ടുകൊണ്ടുവരണം. പക്ഷെ, മനുഷ്യരെക്കൊല്ലുന്ന ആ പെരുംകള്ളൻെറ അടുക്കെ നീ ഒററയ്ക്കു് പോവരുതെ! അച്ഛൻെറ അരികെച്ചെന്നു് എല്ലാസംഗതിയും അറിയിച്ചു് അച്ഛൻെറ ഇഷ്ടാനുസരണമേ പ്രവർത്തിക്കാവു' എന്നുപദേശിച്ചു.

അനന്തരം അധികം വൈകാതെ പ്രകാശൻ ഹൈമവതിയൊന്നിച്ചു് ജഗച്ചന്ദ്രൻെറ ശയനഗൃഹത്തിൽ ചെന്നു് അദ്ദേഹത്തിൻെറ നിദ്രയ്ക്കു് ഭംഗം വരുത്തി.

## പതിനാലാം അദ്ധ്യായം

# യാത്രാസന്നാഹം

രംഗപുരം പോലീസ്സ്റ്റേഷനിൽ വലിയ തിക്കും തിരക്കും. ഇൻസ്പെക്ടർ മുതൽ കോൺസ്റ്റബിൾ വരെ എല്ലാവരും ജാഗരൂകരായി അങ്ങുമിങ്ങും നടക്കുന്നു. തുരുമ്പുകയറിയ വാളും തോക്കും തുടച്ചു മിനുക്കിത്തുടങ്ങി. അവിടെക്കൂടിയിരിക്കുന്ന അയൽപ്രദേശക്കാരുടേ മുഖത്തു് ഉന്മേഷം സ്ഫുരിച്ചുകാണുന്നുണ്ടു്. ആകപ്പാടെ ഒരു ചെറിയ യുദ്ധസന്നാഹമാണെന്നു തോന്നും. സന്നിഹിതരായ സമീപസ്ഥരിൽ ചിലർ അകലെയൊരുമൈതാനത്തിൽ സരസ്വതീവിലാസം പോലെ ഓരോന്നു തട്ടിമൂളിച്ചുകൊണ്ടിരിക്കുന്നു. അവരിൽ ഒരുവൃദ്ധനും യുവാവും തമ്മിൽ നടന്ന സംഭാഷണമാണിതു്:—'എന്തിനാണു് മജിസ്ട്രേട്ടു് നമ്മളെ ഇൻസ്പെക്ടർ മുഖേന വിളിപ്പിച്ചതെന്നറിയാമോ?' എന്ന യുവാവിൻെറ ചോദ്യത്തിനു്,

വൃദ്ധൻ:—'എന്താ പിന്നെ അറിയാതെ? കുട്ടികൾക്കുണ്ടോ വല്ല അന്തവും കുന്തവും? മജിസ്ട്രേട്ടു് കാട്ടിലേയ്ക്കു് ശിക്കാറിന്നു പോകയാണു്; നമ്മളും കൂടെപ്പോകണം.

യുവാവു്:—ശിക്കാറൊന്നും എനിക്കു് പരിചയമില്ല. ഞാനെന്തിനാണു് കൈയുംവീശിവരുന്നതു്?.

വൃദ്ധൻ:—കാട്ടിൽ ചെന്നാൽ പട്ടിണികിടക്കണം. അതിനാകുമോ ഇല്ലയോ?'

അപ്പോൾ മറെറാരു ഭീമകായൻ "ഹോ! ചാരം ചോരമൊക്കെ അന്വേഷിക്കുന്നസമയം. ശിക്കാറിന്നു പുറപ്പെട്ടാൽ സദ്യക്കുപോയപോലെ കമ്പവിഷ്പിക്കാമെന്നാണോ കരുതിയതു്" എന്നു് ഹസിച്ചു.

യുവാവു് രസികതയോടെ "വെട്ടയാടിക്കിട്ടുന്നതു തന്നാൽ മതി വിശപ്പടക്കാൻ" എന്നുതട്ടിമൂളിച്ചു.

ഈ സന്നാഹസംരംഭങ്ങളുടെ മർമ്മം മററാൎക്കും മനസ്സിലായിരുന്നില്ല. ശക്തിയും ശൌൎയ്യവുമുള്ള ഇരുപതു കോൺസ്റ്റേബിൾമാരെ ഒരു പ്രത്യേകാവശ്യത്തിലെയ്ക്കു് സ്റ്റേഷനിൽ സിദ്ധമാക്കണമെന്നേ ഇൻസ്പെക്കൎക്കു് മജിസ്ട്രേട്ടു് കല്പന കൊടുത്തിരുന്നുള്ളു. ആളും വാളും ശരിപ്പെടുത്തി ഇൻസ്പെക്ടർ ജഗച്ചന്ദ്രൻെറ ആഗമനം പ്രതീക്ഷിച്ചിരുന്നു. ആ സമയം ഹെഡ്കൺസ്റ്റേബിളും ഇൻസ്പെക്ടരും തമ്മിൽ ഇങ്ങനെ ഒരു ചെറിയ സംഭാഷണം നടന്നു:—

ഇൻസ്പെ:—ഈ ഒരുക്കത്തിൻെറ ഉദ്ദേശമൊന്നും മനസ്സിലായില്ലല്ലൊ.

ഹെഡ്:—ഒരു പെരുങ്കള്ളനെപ്പിടിക്കാനാണെന്നു തോന്നുന്നു.

ഇൻസ്പെ:—അതിനി ഞാൻ പോരേ? ജഗച്ചന്ദ്രനവർകളെപ്പോലെയുള്ള ഒരു മജിസ്ട്രേട്ടു് ഇതിനിറങ്ങേണ്ട ആവശ്യമെന്തായിരുന്നു? ഇതിലെന്തോ രഹസ്യമുണ്ടു്. ഈശ്വരനറിയാം.

ഹെഡ്:—എവിടയോ ഒരു കൊള്ളനടക്കാൻ പോകുന്നുണ്ടെന്നു തോന്നുന്നു. ആ കള്ളക്കൂട്ടത്തെ പിടിച്ചുകൊണ്ടു

വരുന്നതിനായിരിക്കാം മജിസ്ട്രേട്ടുകൂടിപ്പുറപ്പെട്ടതു്.

ആ സമയം പ്രകാശനൊന്നിച്ചു ജഗച്ചന്ദ്രൻ വന്നുചേ ൎന്നു. കൂടെ രാമചരണനും ഉണ്ടായിരുന്നു. ജഗച്ചന്ദ്രൻ ഇൻ സ്പെക്ടരോടു ശ്രദ്ധമായി എന്തോചിലതു സംസാരിച്ചു പരി വാരങ്ങളോടുംകൂടി മൂന്നുമണിക്കു യാത്രപുറപ്പെട്ടു.

—————

## പതിനഞ്ചാം അദ്ധ്യായം

# കണ്ടുപിടിച്ചു.

വനബാല പുഷ്കരിണിതീരത്തുവെച്ചു മിന്നൽപ്രഭയിൽ ഒരു ഭീഷണവേഷത്തെക്കണ്ടിരുന്നുവല്ലൊ; അതു് ബാല യുടെ അച്ഛനായ കൃഷ്ണലാലനായിരുന്നു. വനബാല ദൃഷ്ടി പഥത്തിൽ പെട്ട ഉടനെ "പട്ടഗജമൊരു തണ്ടാർവല്ലി കൊമ്പത്തുത്തുക്കംപടി" കെട്ടിയെടുത്തു ഊൎദ്ധ്വശ്വാസത്തോ ടെ ഓടിക്കളഞ്ഞു. അച്ഛൻെറ ശിക്ഷാക്രമം നിശ്ചയമുണ്ടാ യിരുന്നതുകൊണ്ടു് വനബാല മൌനമവലംബിച്ചതേഉള്ളു. വെളുപ്പിനുമുമ്പുതന്നെ ലാലൻ വനവസതിയിലെത്തിച്ചേ ൎന്നു. പ്രഭാതംവരെ അവളെ ഒരുമുറിയിലിട്ടു പൂട്ടിക്കളഞ്ഞു.

നേരം പുലൎന്നതോടുകൂടി വാതിൽതുറന്നു് അവളെ ക്കെട്ടഴിച്ചിട്ടു്, 'വനബാലേ! നീയെൻെറ മകളായിരുന്നിട്ടു് എന്നെ ഇങ്ങനെ വിട്ടോടിപ്പോവാൻ തോന്നിയതെന്താണു് കട്ടീ' എന്നു വാത്സല്യം ഭാവിച്ചു.

വന:—അച്ഛൻ ആളുകളെക്കൊല്ലുന്നതായറിഞ്ഞു് സഹിക്കാൻവയ്യാതെ ഓടിപ്പോയതാണു്.

കൃഷ്ണലാലൻ മകളുടെ മട്ടമൊഴികേട്ടു അല്പമൊന്നു ചലിച്ചു, 'നിന്നോടാരാണിതു പറഞ്ഞതു' എന്നുചോദിച്ചു.

വന:—(നിർഭയമായി) ഞാൻ ആ വിവരം അച്ഛൻെറ മുഖത്തുനിന്നുതന്നെ കേട്ടിട്ടുണ്ടു്.

കൃഷ്ണ:—അതൊക്കെ ഇരിക്കട്ടെ. ഞാനൊന്നു ചോദിക്കാം. ഇവിടെ അന്നുരാത്രിവന്ന മനുഷ്യൻ നിൻെറ അനുമതിയോടുകൂടി നിന്നെ കൂട്ടിക്കൊണ്ടുപോയതോ അല്ലയോ?

വന:—ഞാനയാളെ എൻെറ ഒന്നിച്ചു കൂട്ടിക്കൊണ്ടുപോകയാണു് ചെയ്തതു്.

കൃഷ്ണ:—നിനക്കതുകൊണ്ടെന്താണൊരു ലാഭം. അയാൾക്കവേണ്ടി എന്താണിങ്ങിനെ ഒരു സാഹസം പ്രവൎത്തിക്കാൻ?

ഇങ്ങനെ ലാലൻെറ കോപപ്രകമ്പിതമായ സ്വരത്തിലുള്ള പ്രശ്നത്തിനു് ബാല പ്രത്യുത്തരം പറയാതെ തലതാഴ്ത്തിനിന്നു.

കൃഷ്ണലാലൻ വീണ്ടും 'അയാളിപ്പോൾ എവിടെയുണ്ടു്? എന്താണു് പേരു്? എല്ലാം തുറന്നുപറയു' എന്നു ചോടിപ്പെട്ടുത്തി.

വനബാല അതിന്നും ഒരക്ഷരം മിണ്ടിയില്ല. കൃഷ്ണലാലൻ പിന്നെയും 'നീ എല്ലാം തുറന്നുപറയാതിരുന്നാൽ നല്ല ശിക്ഷ കിട്ടും. അയാളെവിടെ? അയാളുടെ പേരെന്തു്?' എന്നു ഗർജ്ജിച്ചു.

ബാല യഥാപൂർവ്വം മൌനവ്രതംതന്നെ സ്വീകരിച്ചു. ലാലൻെറ കണ്ണുകൾ ചെമ്പരുത്തിപ്പൂപോലെ ചുകന്നു. 'നീയെന്താണ് സ്തംഭംപോലെ നിൽക്കുന്നത്. അവൻെറ വിവരമെല്ലാം ഉള്ളപോലെപ്പറയൂ" എന്ന് നിർബ്ബന്ധിച്ചപ്പോൾ, വനബാല മെല്ലെ മെല്ലെ, 'ഞാനയാളുടെ ഊരും പേരും ഇജ്ജന്മം പറയില്ല" എന്ന് കടിച്ചു മുറിച്ചുമറുപടിയാണ് നല്കിയത്.

ലാലൻ അതികുപിതനായി; അവൻെറ അപ്പൊഴത്തെ ക്രുദ്ധവേഷം വളരെ ഭീഷണമായിരുന്നു. പല്ലുകടിച്ചു്, 'നിണക്കിത്രധൈര്യമോ? ഒരൊററ അടിയ്ക്കു് തവിട്ടുപൊടിയാവും' എന്ന് അലറി. ബാല അതുകൊണ്ട് അശേഷം ചകിതയാകാതെ സ്ഥിരഭാവത്തിൽ, 'അടിയ്ക്കയോ ഇടിയ്ക്കയോ അതിലും മീതെ എന്തുശിക്ഷയെങ്കിലും തരികയോചെയ്യാം. അയാളെസ്സംബന്ധിച്ചു ഒരുവാക്കെങ്കിലും ഞാൻ പറയില്ല.'

കൃഷ്ണലാലൻ ക്രോധവേഗത്താൽ ഉന്മത്തനായി ഒരു നിമിഷത്തിനുള്ളിൽ ബാലയുടെ തല രണ്ടുകൈകൊണ്ടും അമത്തിമേൽപ്പോട്ടേയ്ക്കു പൊക്കി. ഇതുകൊണ്ടും ആ ഗുണശാലിനിയ്ക്കു് അശേഷം ചാഞ്ചല്യമുണ്ടായില്ല. വൃദ്ധന്നു് അവളെ ഭസ്മീകരിക്കണമെന്ന് തോന്നിയെങ്കിലും, പെട്ടെന്നു് ഒരാലോചന ഉള്ളിലുദിക്കയാൽ അവളെക്കൊണ്ടുപോയി ഒരു മുറിയിലിട്ടുപൂട്ടി.

പകലെല്ലാം ആ പനിനീർപൂവ് കതിരവകിരണം തട്ടാതെ അന്ധകാരപരീതമായ്ത്തന്നെ കഴിച്ചുകൂട്ടി. അതുവരെ അന്നപാനാദിയില്ലാത്ത ആ പെൺകിടാവിനെ കെട്ടിയിട്ടനിലയിൽത്തന്നെ പുറത്തേയ്ക്കുകൊണ്ടുവന്നു. പഞ്ജരബദ്ധയായ പൈങ്കിളിയുടെ സ്ഥിതി ദയനീയംതന്നെ.

ലാലനൊന്നിച്ചു ഭയങ്കരാകാരന്മാരായ നാലുകൂട്ടാളികളും ഉണ്ടായിരുന്നു. ലാലൻ അവരെനോക്കി, 'എന്തുവിദ്യ പ്രയോഗിച്ചിട്ടെങ്കിലും അവളെക്കൊണ്ടു പരമാർത്ഥം പറയിക്കുവിൻ' എന്ന് ആജ്ഞാപിച്ചു. അവർ പഠിച്ചവിദ്യ പതിനെട്ടും നോക്കിയിട്ടും വനബാലയുടെ മുഖത്തുനിന്നു ഒരക്ഷരംപോലും പുറപ്പെടീക്കുവാൻ കഴിഞ്ഞില്ല.

ലാലൻ സംഹാരരുദ്രനെപ്പോലെ ഭയാനകഭാവംപൂണ്ടു; കണ്ണുകൾ കനൽക്കട്ടപോലെ ജ്വലിച്ചു. 'ഇതുവരെ ഞാനിക്കുട്ടിയെ സ്വയമേവപോററി വളർത്തിപ്പോന്നതുകൊണ്ടു് ഇത്രയും ക്ഷമിച്ചുനോക്കി; ഇനിസഹിപ്പാൻ സാദ്ധ്യമല്ല. ഇന്നേ ദിവസം ഞാനിവളെ നിങ്ങടെ മുമ്പാകെവെച്ച് കൊന്നുകളവാനാണ് തീർച്ചയാക്കിയിരിക്കുന്നതു്. താളിൻ തണ്ടുപോലെയുള്ള ഒരുപെൺകുട്ടി എനിയ്ക്കു് വഴിപ്പെട്ടുനടക്കാഞ്ഞാൽ മററുള്ളവരുടെ കഥപറയാനുണ്ടോ? എന്ന് അട്ടഹസിച്ചു.

വനബാല എള്ളോളം ഇടർച്ചയോ ഇളക്കമോ ഇല്ലാത്ത സ്വരത്തിൽ സുസ്പഷ്ടമായി "അച്ഛ! നിങ്ങളെന്നെക്കൊന്നിട്ട് പാപത്തിനുമേലെ മഹാപാപം സമ്പാദിക്കേണ്ട.

എന്റെ വിനാശത്തിൽനിന്ന് അച്ഛനു് വിശേഷാൽ സുഖമുണ്ടെങ്കിൽ ഞാൻതന്നെ എന്റെ ജീവനെ ത്യജിപ്പാൻ തയ്യാറാണ്” എന്ന് അറിയിച്ചുകൊണ്ട് അല്പം അകലെ എരിഞ്ഞുകൊണ്ടിരിക്കുന്ന തീജ്ജ്വാലയുടെ അരികിലേക്കു് ഓടിച്ചെന്നു. ലാലനൊഴികെയുള്ള പ്രേക്ഷകരെല്ലാം ഈ സംരംഭം കണ്ടു് സ്തംഭിച്ച് നിന്നിമേഷനേത്രരായി നിന്നുപോയി. 'എന്തുസാഹസമാണിതു'? എന്നു കൂട്ടാളികളെല്ലാം ഓടിച്ചെന്നു വിലക്കി പിടിച്ചുകൊണ്ടുപോന്നു. കൈ അല്പം പൊള്ളിയിരിക്കുന്നുവെങ്കിലും വേദന അശേഷം അവളുടെ മുഖത്തു സ്ഫുരിച്ചിരുന്നില്ല; അതു് ദ്രഷ്ടാക്കളെ അത്യന്തം ആശ്ചര്യപ്പെടുത്തി. എങ്കിലും ലാലന്റെ മുഖത്തു് അദമ്യകോപമാണ് അങ്കിതമായ്കണ്ടതു്. കണ്ണിൽനിന്നു് തീപ്പൊരിപാറുന്ന വിധത്തിൽ, 'ആ കുറമ്പത്തിക്കുട്ടിയെ ഞാൻതന്നെ ഇതാവധിക്കുന്നുണ്ടു്” എന്ന് ഗർജ്ജിച്ച് ഒരുവടികൊണ്ടു് ആ കഠോരചിത്തൻ വനബാലയെ ഊക്കോടെ അടിക്കുകയാൽ ശരീരം മുറിപ്പെട്ടു് രക്തംപുറപ്പെട്ടു; എന്നിട്ടും അടിനിറുത്തിയില്ല. കള്ളന്മാരുടെ കരളലിഞ്ഞുവെങ്കിലും, കൃഷ്ണലാലന് വിരോധമായി ഒന്നുംതന്നെ പറയുവാൻ അവർ ധൈര്യപ്പെട്ടില്ല.

പ്രഹരം കഴിഞ്ഞപ്പോൾ കോപം കുറേശ്ശമിച്ചു. 'ആരുടെകൂടെയാണു് നീയൊളിച്ചോടിപ്പോയതെന്നു് അറിയിച്ചാൽ നിന്നെ ഞാൻ കൊല്ലാതെ വിടുന്നുണ്ടു്” എന്നു് ലാലൻ വീണ്ടുംപറഞ്ഞുനോക്കി. വനബാല ആ വൎത്തമാനം ഒന്നും തന്റെ പ്രാണൻപോയാലും പറകയില്ലെന്ന് നിശ്ചഞ്ചലത ഭാവിച്ചു.

ലാലൻ വീണ്ടും ക്രുദ്ധനായി, 'ഇത്രയ്ക്ക് ഉശധൈര്യ മോ? ഇനി നിന്നെ ബാക്കിവെയ്ക്കുന്നതല്ല' എന്ന് ഉറക്കെ ശബ്ദിച്ച് അകത്തുപോയി ഒരു വാളെടുത്തുകൊണ്ടുവന്ന് വെട്ടുവാനോങ്ങി നിൽപായി. വനബാലയുടെ കഥ ഇ തോടുകൂടികഴിയുമെന്നുകരുതി കള്ളന്മാരുടെ ഹൃദയം ഭയ തരളിതമായി. അപ്പോഴുമില്ല വനബാലയ്ക്കു യാതൊരു ആട്ടവും അനക്കവും. ഇതാ അരനിമിഷത്തിനകം ഉരഗോ പമമായ ഉറയൂരിയ ഖഡ്ഗം ആ പേശലാംഗിയുടെ കണ്ഠമൃ ണാളത്തിൽ പതിച്ചുകഴിയും. അപ്പൊഴക്കും എന്താണി ക്കേൾക്കുന്നത്? അനവധി. പോലിസുകാർ ഒന്നായ്ചാടി വീണ് ലാലനേയും കൂട്ടാളികളേയും ഉത്തരക്ഷണത്തിൽ വളഞ്ഞുകഴിഞ്ഞു. ആ പരിഭ്രമത്തിൽ വാറം കൈയിൽ നിന്ന് വഴുതിവീണു.

ഇത്ര എളുപ്പത്തിൽ ഈ പെരുങ്കള്ളന്മാരെപ്പിടിക്കാൻ കഴിയുമെന്നു ആരും കരുതിയിരുന്നില്ല. ജഗച്ചന്ദ്രൻെറ കൌ ശലമാണ് ഇതിന്നുകാരണമെന്നുകണ്ട് ലാലനും സഹായി കളും തീയുണ്ടപോലെയുള്ള തീവ്രദൃഷ്ടികളെ അദ്ദേഹത്തി ൻെറ നേരെവിട്ടു. വനബാല ജഗച്ചന്ദ്രനേയും പ്രകാശ നേയും കൂട്ടത്തിൽ പെട്ടന്ന് തിരിച്ചറിഞ്ഞെങ്കിലും ഒരുവക ഭാവഭേദവും സ്ഫുരിപ്പിക്കാതെ ഒതുങ്ങിനിന്നു.

വനബാല സജീവയായുണ്ടെന്നു കണ്ടപ്പോൾ പ്രകാ ശൻെറ ആനന്ദത്തിന്ന് അതിരില്ലാതായി. അയാൾ അ രികിലോട്ടിച്ചെന്ന് ബാലയെ ബന്ധനവിമുക്തയാക്കി. ക

ള്ളന്മാരെയൊക്കെയാമം വെയ്ക്കുവാൻ മജിസ്ത്രേട്ട് കല്പനകൊടുത്തു. ജഗച്ചന്ദ്രൻ കൃഷ്ണലാലന്റെ നേരെതിരിഞ്ഞു 'നീയാണോ ഈ കള്ളന്മാരുടെ തലവൻ? വല്ലബലവും നീപ്രയോഗിപ്പാൻ നോക്കിയാൽ നിന്റെ കഥകഴിയും' എന്നറിയിച്ചു.

കൃഷ്ണ:— എനിക്ക് മരണത്തിൽ പേടിയില്ല.

ജഗ:— നിയൊരു കൊലപാതകിയാണ്! ഈ കുട്ടിയെ കൊല്ലുവാനല്ലേ നീ തുടങ്ങിയത്? നിണക്ക് സർക്കാരിൽനിന്ന് കഠിനശിക്ഷ ലഭിക്കുന്നതായിരിക്കും.

കൃഷ്ണ:— അവളെന്റെകുട്ടി; എന്റെ ഇഷ്ടംപോലെ ചെയ്യും.

ജഗ:— നിന്റെ മക്കളെക്കൊല്ലാൻ നിനക്കധികാരമില്ല.

കൂട്ടിലിട്ട കാട്ടുപന്നിപോലെ ലാലൻ കിടന്നുചീറപ്രകാശന്റെനേരെക്രൂരമിഴികളുരുട്ടികാട്ടി. പോലീസുകാർ കൊണ്ടുവന്നിരുന്ന വിളക്കുകൾ കൊളുത്തിയപ്പോൾ, ഇരുളടച്ച കാട് പ്രദീപ്തമായി. ചോരന്മാരുടെ കരാളാകൃതി പതിന്മടങ്ങു ഭയാനകമായ്കണ്ടു. ലാലന്റെ ഗൃഹപരിശോധനകഴിച്ച് കണ്ടെത്തിയ സാധനങ്ങളൊക്കെക്കൊണ്ടുവരുവാൻ ജഗച്ചന്ദ്രൻ കല്പനകൊടുത്തു. ആയുധങ്ങളും ചില ചില്ലറസ്സാധനങ്ങളുമല്ലാതെ ദ്രവ്യമൊന്നും കണ്ടുകിട്ടിയില്ല.

ജഗ:— നീ ഇതേവരെകട്ടുനേടിയ മുതലൊക്കെ എവിടെ?

കൃഷ്ണ:— കള്ളന്റെ മുതൽ കവരുന്ന ആളാണോ നിങ്ങൾ? എന്തു നിയമാധികാരപ്രകാരമാണ് നിങ്ങളെന്നെപ്പിടിച്ചു ചങ്ങലവെച്ചതു്, നിങ്ങളാര്?

'അതൊക്കെപ്പിന്നെയറിയാറാവും' എന്നുപറഞ്ഞു ഇവരുടെ ഭാരം ഇൻസ്പെക്ടരെ ഏല്പിച്ച്, വനബാലയും പ്രകാശനുമൊന്നിച്ച് ജഗച്ചന്ദ്രൻ സ്റ്റേഷനിലേക്ക് പുറപ്പെട്ടു.

## പതിനാറാം അദ്ധ്യായം.

# പ്രത്യാഗമനം.

രംഗപുരത്ത് കൃഷ്ണലാലനെന്ന പെരുങ്കള്ളനെക്കുറിച്ചു അറിയാത്തവരധികമില്ല; പക്ഷെ അവന്റെ നിവാസമെവിടെയാണെന്ന് ആൎക്കും നിശ്ചയമില്ലായിരുന്നു. രംഗപുരം ജില്ലയിൽ തന്നെ ഒരു വനാന്തരത്തിലൊളിച്ചാണ് ലാലൻ കൊള്ളയും കൊലയും നടത്തുന്നതെന്ന് ആരും ഊഹിച്ചിരിക്കയില്ല. അവനെക്കൈയാമം വെച്ചുകൊണ്ടുവന്നുവെന്നു കേട്ടപ്പോൾ ഇത്ര തിക്കും തിരക്കുമുണ്ടാകാൻ അതാണ് കാരണം. ജനങ്ങളാബാലവൃദ്ധം ഉത്സുകനയനങ്ങളോടെ ഈ തസ്കരസംഘത്തെ നോക്കിത്തുടങ്ങി. ഈ കള്ളന്മാരെക്കണ്ടുപിടിച്ചതിന് ജഗച്ചന്ദ്രനെ ഗവൎമ്മെണ്ട് വളരെ ബഹുമാ

നിക്കാതിരുന്നില്ല; നാട്ടുകാരും കണക്കിലേറെ പ്രശംസിച്ചു. പക്ഷെ ജഗച്ചന്ദ്രനെ ഈ വിഷയത്തിലേയ്ക്കു് പ്രേരിപ്പിച്ച രഹസ്യങ്ങളൊന്നും ആരും അറിഞ്ഞിരുന്നതുമില്ല.

ലാലനെഞ്ചേന്താവസ്സിൽ വെച്ചു് വേണ്ട ഏറ്റപ്പാടുകളൊക്കെച്ചെയ്തശേഷം, ജഗച്ചന്ദ്രൻ വീട്ടിലേയ്ക്കു് മടങ്ങി. എത്തിയ ഉടനെ അടക്കിനിവത്തുവാൻ വയ്യാത്ത ആനന്ദത്തോടെ "ഹൈമേ! നീയെവിടെയാണു്? ഇതാ നിൻെറ വനബാല"എന്നു് വിളിച്ചുപറഞ്ഞു.

ഹൈമവതി അപ്പോൾ പല്യങ്കത്തിൽ കിടന്നു് എന്തൊക്കെയോ ആലോചിക്കുകയായിരുന്നു. പെട്ടന്നു അച്ഛൻെറ ശബ്ദം കേട്ടു തട്ടിപ്പിടഞ്ഞെണീററു. പാഞ്ഞുപോകുമ്പോൾ തടഞ്ഞു മറിഞ്ഞു വീണു് എടത്തേക്കാൽ അല്പം മുറിഞ്ഞുവേദനപ്പെട്ടു എങ്കിലും അതു ഗണ്യമാക്കാതെ, എണീററു് 'അച്ഛ! നമ്മുടെ വനബാല എവിടെ?' എന്നു് ഉറക്കെച്ചോദിച്ചുകൊണ്ടു അരികിലേയ്ക്കു ചെന്നു. പാതപ്രണാദം ദൂരത്തുനിന്നു കേട്ടു് അച്ഛൻ വ്യസനാകുലനായി ഓടിച്ചെല്ലുമ്പോഴയ്ക്കും മകളുടെ വരവുകണ്ടു് അല്പം ആശ്വാസം വീണു. ഹൈമവതിയുടെ പ്രഫുല്ല മുഖത്തു ആഹ്ലാദചിഹ്നങ്ങളാണു് പ്രത്യക്ഷപ്പെട്ടു കണ്ടതു്.

വനബാല അഭിമുഖമായ് നിൽക്കുന്നതു കണ്ടു് ഹൈമ ഓടിച്ചെന്നു ആലിംഗനം ചെയ്യതോടുകൂടി പൊട്ടിക്കരഞ്ഞുപോയി. ബാലയും അതുകണ്ടു് അനുരോദനം ചെയ്തു: ആ ഉദാരഹൃദയയുടെ ആകൃതിക്കും പ്രകൃതിക്കും

വല്ലാത്ത അന്തരം വന്നു ചേൎന്നിരിക്കുന്നു. നാഗരികജ്ജീവിതത്തിൽ കാലെടുത്തുകുത്തിയതോടുകൂടി പലസുഖദുഃഖങ്ങളും അവൾക്കു അനുഭൂതമായി. ഹൈമ വനയുടെ ഒഴുകിവീഴുന്ന കണ്ണീൎക്കണം തുടച്ചു് അകത്തേക്കുകൂട്ടിക്കൊണ്ടുപോയി.

പ്രഭാവതിയെവിടെ? വനബാലയുടെ ആഗമനവൃത്താന്തം കേട്ടു് അവൾ ഓടിച്ചെന്നു കിടപ്പുമുറിയുടെ വാതിൽ അകത്തുനിന്നു സാക്ഷയിട്ടു കഴിഞ്ഞു. അവളുടെ ഹൃദയം ഊക്കിലടിച്ചുതുടങ്ങി, തൊണ്ടവരണ്ടു. ഭയങ്കരമായ അനീതിയാണു് താൻ പ്രവൎത്തിച്ചതെന്നു വിഷാദവും ലജ്ജയും കടന്നുകൂടി. മുറിയിൽനിന്നു പുറത്തുവരാതെ കഴിച്ചുകൂട്ടിയതു അതുകൊണ്ടാണു്. ശ്വശുരഗൃഹത്തിൽ വന്നതുമുതൽ പ്രകാശചന്ദ്രൻ പൂമുഖത്തുതന്നെയാണു് സമയം കഴിച്ചുകൂട്ടാറ്. അകത്തേയ്ക്കു ചെല്ലുവാൻ അയാൾക്കു ധൈൎയ്യമുണ്ടായിരുന്നില്ല. ഉച്ചയ്ക്കു് ഊണുകഴിപ്പാൻ നിൎബ്ബന്ധിച്ചാൽ മാത്രമേ അങ്ങോട്ടു പോകാറുള്ളു. അതുതന്നെ വലിയ സങ്കോചത്തോടും ഭയപ്പാടോടും കൂടിയാണു്. വനബാലയും പ്രഭാവതിയും ഉള്ളടത്തേക്കു് അനാവശ്യമായ് ചെല്ലുകയും പതിവില്ല.

സന്ധ്യയ്ക്കു് ഹൈമവതി കാൽവേദനകൊണ്ടു് വയ്യാതെ ചെന്നുകിടക്കുകയാണു്. വനബാലയുടെ വരവുകണ്ടു് ആഹ്ലാദം അലതല്ലിയിരുന്നതിനാൽ ആ നോവൊന്നും പകലറിഞ്ഞിരുന്നില്ല. അല്പം കഴിഞ്ഞപ്പോൾ, വനബാല ഹൈമയുടെ ശയനീയത്തിന്നരികെ വന്നിരുന്നു. അവ

ൾക്ക് കഠിനമായ് മുറിവേററതൊന്നും ബാല അറിഞ്ഞിരുന്നില്ല. വനയുടെ സ്വഭാവസുകുമാരമായ ചേതസ്സിൽ ഒരു വ്യഥാശകലം കടന്നുകൂടിയിരുന്നു. അതു് ആരോടാണു് അവൾ പറഞ്ഞറിയിക്കുന്നതു്? സുഖമില്ലാത്ത ഹൈമവതിയോടാണു് ആ സാധു സ്വൈരാലാപത്തിനു പുറപ്പെട്ടതു്: 'ജ്യേഷ്ഠത്തി! എന്റെ അച്ഛനെക്കൊല്ലാനാണോ പിടിച്ചുകൊണ്ടുവന്നിരിക്കുന്നതു്' എന്ന ശോകഭരിതമായ ചോദ്യത്തിനു്,

ഹൈമ:— ആർക്കറിയാം?

വന:— കള്ളന്മാരെപ്പിടികിട്ടിയാൽ എന്താണു് ചെയ്യുക?

ഹൈമ:— (കുറച്ചാലോചിച്ചു്). ശിക്ഷിക്കും.

വന:— എന്താണു് ശിക്ഷ?

ഹൈമ:— കുററത്തിനു് തക്കശിക്ഷ.

വന:— കൊലപാതകക്കുററത്തിനു് ശിക്ഷ എന്താണു്?

ഹൈമ:— കഴുവിന്മേൽ കയററുമെന്നാണു് കേട്ടിട്ടുള്ളതു്.

ബാല തൽക്ഷണം പൊട്ടിക്കരഞ്ഞു്, 'എന്നാലെന്റെ അച്ഛനു് എങ്ങനെ ജീവിച്ചിരിക്കാൻ കഴിയും' എന്നു് സന്തപിച്ചു. വനയുടെ കുരരിപോലെയുള്ള ദീനപ്രലാപം കേട്ടു് ഹൈമയ്ക്കും മനസ്സുമങ്ങി; കാൽവേദന കണക്കാക്കാതെ ഘാതകനായ കൃഷ്ണലാലന്റെ പ്രാണരക്ഷണത്തെപ്പററി പര്യാകുലയായി. അപ്പോൾ തന്നെ ഒരു പരിചാരകൻ മുഖേന ജഗച്ചന്ദ്രനെ വിവരം അറിയിച്ചു. അച്ഛൻവന്ന ഉടനെ, 'നമ്മുടെവനബാല അവളുടെ അച്ഛ

ന്റെ സംഗതി ആലോചിച്ച് കരഞ്ഞുകൊണ്ടിരിക്കുന്നു. അച്ഛ! അയാളെ പ്രാണാപായപ്പെടുത്താതിരിപ്പാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ?' എന്നു ഉത്കണ്ഠിതയായി.

ജഗച്ചന്ദ്രൻ അതുകേട്ട് അല്പനേരം വിചാരവിധേയനായിരുന്ന്, 'അവൻ ഒരു കൊലപാതകിയാണ്; പെരുങ്കള്ളനാണ്. എങ്ങനെ അവനെ രക്ഷിക്കാൻ സാധിക്കും?' എന്നു പ്രത്യുക്തിച്ചു,

ഹൈമ:— അയാളാരെങ്കിലും ആകട്ടെ! നമ്മുടെ വനയുടെ അച്ഛനാണല്ലോ. കുട്ടി കിടന്നുകരയുന്നതു കണ്ടില്ലേ! അച്ഛ!

ജഗ:— ഞാൻ വിചാരിച്ചാലെന്താണ് നിവൃത്തി? കുററത്തിനു തക്കശിക്ഷ വിധിച്ചേതീരൂ.

ഹൈമ:— ശിക്ഷ പലപ്രകാരത്തിലുണ്ടല്ലോ. മരണശിക്ഷ കൂടാതെ മററന്തെങ്കിലും ആയിക്കൂടെന്നുണ്ടോ?

ജഗ:— കഴിയുന്നതും ശ്രമിച്ചുനോക്കാം. വനബാലേ! കരയാതിരിക്കു.

ഇതുവരെ തേങ്ങിക്കരഞ്ഞുകൊണ്ടിരുന്ന ആ പെൺകിടാവു് അമൃതധാരപോലെ ആ വാക്കു് ശ്രുതിയിൽ പതിച്ച ഉടനെ നയനജലം തുടച്ച് കൃതജ്ഞത പ്രകാശിപ്പിച്ചു.

ജഗ:— എന്താഹൈമേ! അസമയത്തു് ഇങ്ങനെ വന്നുകിടക്കുന്നതു്?

ഹൈമ:— വിശേഷിച്ചൊന്നുമില്ല; അപ്പൊഴൊന്നു വീണിരുന്നല്ലൊ: കുറച്ചൊന്നു മുറിഞ്ഞിരിക്കുന്നു. വെളുപ്പാൻകാലത്തേയ്ക്കു വേദന മാറേണ്ടതേ ഉള്ളൂ.

ജഗച്ചന്ദ്രൻ മനസ്താപത്തോടെ, 'എണീറ്റുനിൽക്കാൻ വയ്യേ?' എന്ന് ചോദിച്ചതോടുകൂടി ഹൈമ ഒന്നുപരീക്ഷിച്ചുനോക്കി. സാധിച്ചില്ല. പക്ഷെ, അച്ഛനെ വ്യസനിപ്പിക്കരുതെന്നുകരുതി 'എണീക്കാനൊന്നും അസ്വാധീനം ഇല്ല; അല്പമൊന്നു ഉളുക്കിയിട്ടേ ഉള്ളൂ.' എന്ന് ഭാവിച്ചു. ഒരുമന്ദഭാഗ്യയാണവളെങ്കിലും, ഓമനമകളുടെ ആ നിർവ്യാജ മനോജ്ഞഭാവംകണ്ട് കരുണാലുവായ പിതാവിന്റെകരളംതടം കുളുർത്തുപോയി.

---

## പതിനേഴാം അദ്ധ്യായം.

# 'ദൈവീവിചിത്രാഗതി:'

---

രംഗപുരം ജെയിലിലെ കേസ്സുവിചാരണ ജഗച്ചന്ദ്രന്റെ കോടതിയിലാണ്. ഈ സംഭവം നടന്ന് രണ്ടുദിവസം കഴിഞ്ഞ് ഒരിക്കൽ ഉഷഃകാലത്ത് ആറുമണിയോടുകൂടി മജിസ്ട്രേട്ട് ജെയിലിലേയ്ക്കുചെന്നു. ബന്ധനസ്ഥരുമായി ചില രഹസ്യസല്ലാപങ്ങൾ നടത്തേണ്ടതുണ്ടായിരുന്നു. കൃഷ്ണലാലനെക്കണ്ട് അദ്ദേഹം ആശ്ചര്യപ്പെട്ടുപോയി. നീണ്ടുനിവന്ന ബലിഷ്ഠശരീരവും ഗർവ്വിഷ്ഠഭാവവും ഒട്ടേറെ മങ്ങിമയങ്ങി ലാലൻ അധോമുഖനായിരിക്കയാണ്. ചിന്തയ്ക്കും ചിതയ്ക്കുമുള്ള സാദൃശ്യം നോക്കുക. ജഗച്ചന്ദ്രൻ, 'കൃഷ്ണലാല! നിന്റെ മകളുടെ അപേക്ഷപ്രകാരം, വിചാരണക്കുമു

ന്യ നിന്നെക്കാണാനാണ് വന്നത്. ഞാൻപറയുംപ്രകാരം നടക്കാമെങ്കിൽ, കഴുവിന്മേലേറാതെ കഴിയാനുള്ള വഴിയുണ്ടാകാം!' എന്ന് അറിയിച്ചതിന്,

കൃഷ്ണ:—ആ മകളുടെ വത്തമാനം ഇനിമേൽ എന്നോട്ട് പറയാതിരുന്നാൽ കൊള്ളാം. മറെറന്തെങ്കിലും ഉണ്ടെങ്കിൽ കേൾക്കട്ടെ.

ജഗ:—നീ എല്ലാസംഗതികളും സത്യമായ് അറിയിച്ചാൽ നിണക്കു വല്ലഉപകാരവും ചെയ്യാൻ എ,ന്നാൽ കഴിയുമായിരിക്കും.

കൃഷ്ണ:—ഒന്നും മറച്ചുവെയ്ക്കാതെ പറയണമെന്നുതന്നെയാണ് ഞാൻ ത്ച്ചയാക്കീട്ടുള്ളത്. പക്ഷെ, അതിന്നു പകരം ഉപകാരമൊന്നും ഞാനപേക്ഷിക്കുന്നില്ല.

ജഗ:— എല്ലാ കാര്യങ്ങളും സത്യമായ് ബോധിപ്പിക്കാമെന്നുണ്ടെങ്കിൽ നിന്നെ സക്കാർ ഭാഗത്തിലെ സാക്ഷിയായി സ്വീകരിച്ചുകൊള്ളാം.

കൃഷ്ണ:— എന്റെ കൂട്ടാളികളെ കുടുക്കിൽപ്പെട്ടുത്തി സ്വന്തം ജീവനെമാത്രം രക്ഷിക്കുവാനുള്ള നീചത്വം എനിക്കില്ല. ഞാനാണ് അവരെക്കാളൊക്കെ അപരാധി. എനിക്കാണ് കഠിനശിക്ഷ കിട്ടേണ്ടത്.

ജഗ:— (സന്തോഷഭാവത്തിൽ) ഇനിമേൽ ഇങ്ങനെയുള്ള ദുഷ്ടകമ്മങ്ങളിൽ ഏപ്പെടാതെ ജീവിതം കഴിച്ചുകൂട്ടിക്കൂടെ?

കൃഷ്ണ:— എനിക്ക അരനിമിഷം ജീവിച്ചിരിക്കണമെന്നുള്ള ആശയില്ല. വല്ല ഉപകാരവും എനിക്ക് ചെയ്യണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ, വധശിക്ഷയാണ് വിധിക്കേണ്ടത്?

ജഗ:— ഇങ്ങനെ പെട്ടന്ന് മനസ്സിന് ഇത്ര മാററമുണ്ടാവാനെന്താ ഹേതു?

കൃഷ്ണ:— ഞാൻ കവൎച്ചയും മററും ചെയ്തിരുന്നത് ആ കുട്ടിയ്ക്ക് വേണ്ടിയായിരുന്നു. ആ കുട്ടി എന്ന് എന്റേതല്ലാതെ പോയോ അതുമുതൽ പിന്നെ ആൎക്കവേണ്ടിട്ടാണ് ഇതിലേൎപ്പെടുന്നത്? എന്നെത്യജിച്ച നിലയ്ക്ക് ഞാനാൎക്കുവേണ്ടി ജീവിച്ചിരിക്കണം?

ജഗ:— നിണക്ക് വേറെ ആരുമില്ലേ?

കൃഷ്ണ:— ഇല്ല.

ജഗ:— എന്നാലൊരുപെൺകുട്ടിയെപ്പോററിവളൎത്താൻ ഈവക ഘോരകൎമ്മങ്ങൾ ചെയ്തിട്ടുവേണോ? വേറെ എന്തെങ്കിലും ജീവനോപായം തേടിക്കൂടേ?

കൃഷ്ണ:— ഞാനൊരു രജപുത്രനാണ്; വീരവംശത്തിൽ പിറന്നവനാണ്. സേവകവൃത്തി എന്നാൽ സാദ്ധ്യമല്ല. കൊള്ളയും കൊലയും വീൎയ്യശൌൎയ്യങ്ങൾക്ക് യോജിച്ചതാകകൊണ്ട് അതിലേൎപ്പെട്ടു.

ജഗ:— വീരപുരുഷൎക്കു യോജിച്ചതല്ല ഈ നീചവും നിഷ്ഠുരവുമായകൎമ്മം. ആരും ആ വകക്കാരെ വീരന്മാരെന്ന് പറയാറുമില്ല.

കൃഷ്ണലാലൻ കുറച്ചൊന്നു ചിരിച്ച്, 'എന്നെപ്പോലെയുള്ള ചെറിയ ചെറിയ കൊള്ളക്കാരെ അങ്ങനെ പറകയില്ലായിരിക്കാം. പക്ഷെ, വീരപുരുഷന്മാരെന്ന് കീൎത്തിക്കപ്പെടുന്നവരൊക്കെ വലിയ അക്രമികളാണ്. ആരും അത്ര സമ്മതിക്കുന്നില്ലെന്നേ ഉള്ളു. അന്യരാജ്യത്തെ അക്രമിച്ച്, അനേകംപേരെക്കൊന്ന് നാടും നഗരവും പിടിച്ചടക്കുന്നതിനെന്താണ് പേര്?' എന്നുയുക്തിവാദം ചെയ്തു.

ജഗച്ചന്ദ്രൻ കൃഷ്ണലാലൻെറ വാഗ്വൈഭവം കേട്ട് വിസ്മയിക്കാതിരുന്നില്ല. 'നീയൊരു കള്ളപ്പുള്ളിയാണെങ്കിലും, നിൻെറ ആകൃതിയും പ്രകൃതിയും കണ്ടാൽ ഒരു വിക്രമിയാണെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.'

ലാലൻ ചിരിച്ച്, 'ഞാനാദ്യം സൎക്കാർസൈന്യത്തിൽ ഉദ്യോഗം വഹിച്ചിരുന്നു. അതിൽ അഭിവൃദ്ധിക്കുള്ള മാൎഗ്ഗമൊന്നും കാണാതെ ഈ തൊഴിൽ പരിശീലിച്ചതാണ്'.

ജഗച്ചന്ദ്രൻ ലാലൻെറ മുഖത്ത് അല്പനേരം നിശ്ചലനേത്രനായി നോക്കി, 'സ്വന്തരാജ്യത്തിനും രാജാവിനും വേണ്ടി സ്വജീവിതം ഉഴിഞ്ഞുവെച്ചിട്ടുള്ള ധീരഭടവൃത്തി എത്ര ഉത്കൃഷ്ടമാണ്? നിണക്കെന്താണ് ഇങ്ങനെ ഒരു ദുർബ്ബുദ്ധി തോന്നാൻ? ലോകത്ത് ഈയൊരുപുത്രിയല്ലാതെ നിണക്കാരും തന്നെഇല്ല. മറെറന്തെങ്കിലും തൊഴിലിൽ പ്രവേശിച്ചിരുന്നെങ്കിൽ എത്രനന്നായിരുന്നു? 'വിനാശകാലേ വിപരീതബുദ്ധിഃ' എന്നോ പറയേണ്ടു.

ലാലൻ:— ആ കുട്ടി എൻെറ സ്വന്തം മകളല്ല.

ജഗ:— (ആശ്ചയ്യത്തോടെ) പിന്നെ ഏതുവഴിക്കാണ് മകളായത്.

കൃഷ്ണ:— വളൎത്തുപുത്രിയാണ്.

ജഗ:— എങ്ങനെയാണ് അവളെ ലഭിച്ചത്?

കൃഷ്ണ:— ഒരുസ്ഥലത്ത് കവൎച്ചയ്ക്കുപോയപ്പോൾ ഇവളെ അപഹരിച്ചുകൊണ്ടുപോന്നതാണ്.

ഈ വൎത്തമാനം കേട്ടപ്പോൾ ജഗച്ചന്ദ്രൻെറ മനസ്സിൽക്കൂടി ഒരു മിന്നൽപാഞ്ഞു. വ്യഗ്രഭാവത്തിൽ, 'എവിടെ കവൎച്ചയ്ക്കുപോയപ്പോൾ' എന്ന പ്രശ്നത്തിന്,

കൃഷ്ണ:— പബനയ്ക്കുപോകുന്ന മാൎഗ്ഗത്തിൽ ഒരുരാത്രി ഏതോ ഒരു പ്രമാണി കുടുംബവുമായി ഒരു കാളവണ്ടിയിൽ യാത്രചെയ്കയായിരുന്നു. വണ്ടി കണ്ട ഉടനെ ഞങ്ങൾ കടന്നാക്രമിച്ചു. തോക്കൊഴിച്ച ശബ്ദം കേട്ട് ഞങ്ങൾ പേടിച്ചോടി. കൈയിലൊന്നും കിട്ടിയിരുന്നില്ല. ഒരു ചെറിയ കുട്ടിയുടെ മേൽ ആഭരണങ്ങൾ കിടന്നിരുന്നതുകണ്ട് ഓടിപ്പോരുന്ന തക്കത്തിൽ ആ കുട്ടിയേയും കൂട്ടിക്കൊണ്ടുപോന്നു. ഗൂഢാന്വേഷണം ചെയ്കയിൽ ആ പ്രമാണി പബനായിലെ ഡിപ്യൂട്ടിമജിസ്ട്രേട്ടായി അന്ന് അവിടെ എത്തിച്ചേൎന്ന ആളാണെന്ന് മനസ്സിലായി. കുട്ടിയേയും ആഭരണങ്ങളേയും ഗോപനം ചെയ്യുന്നത് ആ പ്രദേശത്ത് അത്ര എളുപ്പമല്ലെന്നു തോന്നുകയാൽ, ഭയപ്പെട്ട് രംഗപുരത്തെ വങ്കാട്ടിൽ വാസമുറപ്പിച്ചു. അന്ന് കുട്ടി

ക്കു് ഒരുവയസ്സു തികഞ്ഞിരിക്കയില്ല. കുട്ടി എന്നെ അച്ഛനാണെന്നു കരുതിപ്പോന്നു.

ജഗച്ചന്ദ്രൻ മന്ത്രബദ്ധനെപ്പോലെ ലാലൻെറ മുഖത്തു് കണ്ണിമപൂട്ടാതെനോക്കി; വിവിധ വികാരങ്ങൾ തള്ളിത്തിരക്കി നിർവ്യാപാരനായി നിലകൊണ്ടു. ലാലൻ വിരമിച്ചപ്പോൾ, ഉന്മത്തനെപ്പോലെ ചന്ദ്രൻ എണീററുനിന്നു ഉച്ചസ്വരത്തിൽ, 'കൃഷ്ണലാല, ഞാനാണു് ആ വണ്ടിയിലുണ്ടായിരുന്നതു്. നിൻെറ വനബാല നിശ്ചയമായിട്ടും എൻെറ പൊന്നോമനക്കുട്ടി 'ഉഷാവതി' എന്നു് കഷ്ടിച്ചുപറയുമ്പൊഴയ്ക്കും കണ്ണീർ കണ്ഠരോധം ചെയ്തു; ശരീരം കമ്പിതമായി.

ലാലൻെറ ആശ്ചര്യത്തിനും അതിരില്ല. വിസ്മയവേഗം അല്പം ശമിച്ചപ്പോൾ, "ഏകദേശം എന്നായിരിക്കും ആ സംഭവം നടന്നതു്" എന്നു് ലാലൻ തരളിതചേതസ്സായ ചന്ദ്രനോടു് അന്വേഷിച്ചു.

ജഗച്ചന്ദ്രൻ ഹർഷാശ്രുക്കൾ കരാംശുകംകൊണ്ടു തുടച്ചു്, 'ഉദ്ദേശം പതിനാറുവർഷമായിരിക്കും' എന്നു് പ്രത്യുത്തരം നൽകിയപ്പോൾ,

കൃഷ്ണ:— അങ്ങയുടെ കുട്ടിയുടെ മെയ്യാഭരണങ്ങളെന്തൊക്കെയായിരുന്നു, ഓർമ്മയുണ്ടോ? എന്നറിഞ്ഞില്ല.

ജഗ:— കുട്ടിയുടെ കഴുത്തിൽ രണ്ടരപ്പവൻകൊണ്ടുള്ള ഒരു ചങ്ങല, പതിനഞ്ചു കാൽപവൻ ഒരു പൊൻതാലിൽ. രണ്ടുജോട് പൊൻവള. സ്വർണ്ണംകൊണ്ടുള്ള പാ

ദേഹരം. അരയിൽ രണ്ടിഴപൊൻനൂല്. ഇത്രയു മാണുണ്ടായിരുന്നത്. 'എന്നാലാകുട്ടി അങ്ങയുടെ പുത്രിതന്നെ' എന്നു് ലാലൻ സംശയം ഭേദിച്ചു.

ജഗച്ചന്ദ്രൻെറ ഉള്ളിൽ ഒതുക്കുവാൻ വയ്യാത്ത അത്യാ ഹ്ലാദം അലച്ചുതള്ളി. 'നി എൻെറ കുട്ടിയെ മോഷണം ചെയ്തു; നിന്നിൽ നിന്നുതന്നെ കിട്ടാനും ഇടയായി. അതു കൊണ്ട് എന്തുപകാരമാണ് ഞാൻ നിണക്കു ചെയ്യേ ണ്ടതെന്നു് വേഗംപറയു; ഞാൻ സന്നദ്ധനാണ്. അ ധികം നേരം ഇങ്ങനെ സംസാരിച്ചു നില്പാൻ ശക്യമ ല്ലാതായിരിക്കുന്നു. ഈ ശുഭവൎത്തമാനം വീട്ടിൽ ചെ ന്നു് എല്ലാവരേയും ഉടനെ അറിയിക്കണം എന്നു് ആ നന്ദപരവശമായ പരിഭ്രമം ഭാവിച്ചു.

ലാലൻ:— എനിക്കു് ഒരുപ്രത്യുപകാരവും അങ്ങയിൽനി ന്നു് ലഭിക്കേണ്ടതായിട്ടില്ലെന്നു് ആദ്യമേ അറിയിച്ചു വല്ലോ.

ജഗ:—നിൻെറ വാക്കുകേട്ടു് എനിക്കു് വ്യസനം തോന്നുന്നു.

കൃഷ്ണ:— ഞാൻ സത്യമല്ലാതെ ഒന്നും ബോധിപ്പിക്കയി ല്ലെന്നു് പ്രതിജ്ഞചെയ്തിരിക്കെ, അങ്ങു് എന്നെ എ ങ്ങനെയാണ് ഒഴിവാക്കുന്നതു്? എന്നെപ്പോലെയുള്ള മഹാപരാധികൾക്കു് ശിക്ഷലഭിക്കുന്നതു് ഉചിതമാണ്. അങ്ങു് എനിക്കു് ഒരു ഉപകാരം ചെയ്യുന്നതാണെങ്കി ൽ, അങ്ങയുടെ കൃത്യനിഷ്ഠയ്ക്കു് ഹാനി തട്ടിയേക്കും. ജഗച്ചന്ദ്രൻ അല്പനേരം ആലോചിച്ചു് 'ഞാനി ഉദ്യോ

ഗകാലത്തിന്നിടയിൽ അനേകം കള്ളന്മാരേയും കൊള്ളക്കാരേയും കണ്ടിട്ടുണ്ട്. പക്ഷെ, നിന്നേപ്പോലെ ഒരാളെ എന്നും എങ്ങും കാണ്മാൻ കഴിഞ്ഞിട്ടില്ല. അസാധാരണ പ്രകൃതി! ഇവി നിൻെറ ശിരോവിധിപോലെ. ഞാനിനി വൈകിക്കുന്നില്ല.

ഇങ്ങനെ പറഞ്ഞു ജഗച്ചന്ദ്രൻ അവിടെന്നിന്നുതിരിച്ചു.

പതിനെട്ടാം അദ്ധ്യായം.

## ഉഷാവതി.

വനബാലയുടെ പുനരാഗമനശേഷം ആദിത്യൻ രണ്ടുദിവസവും പതിവുപോലെ ഉദിച്ചസ്തമിച്ചു. പ്രഭാവതിയുടെ ഹൃദയമാകട്ടെ ദിവാനിശം ഇരുളടച്ചുകൊണ്ടിരിക്കുന്നു. മൂന്നാംദിവസം വനബാല പ്രഭാവതിയുടെനേരെ യഥാപൂൎവ്വം സ്നേഹമസൃണമായ സരളദൃഷ്ടികളെവ്യാപരിപ്പിച്ചപ്പോൾ, പ്രഭ അല്പം വൈമനസ്യത്തോടെ അവിടെനിന്ന് തെററിപ്പോകാനാണ് ശ്രമിച്ചത്. ഈ സാഹസകൃത്യം കണ്ടു് ബാല പ്രഭയെ ഓടിച്ചെന്നുപിടിച്ചു്., "പ്രഭേ! നിന്നെ ഇതേവരെക്കണ്ടതേയില്ല; കണ്ടുമുട്ടിയപ്പോൾ ചാടിയോടിപ്പോകയും ചെയ്യുന്നു. വല്ലതും രണ്ടുവാക്കെങ്കിലും പറയൂ. നിൻെറ സംസാരം കേൾപ്പാൻ എനിക്കെന്തുകൌതുകമാണ്".

പ്രഭാവതി അപ്പോഴും വൈമുഖ്യത്തോടെ നിന്നതേയുള്ളു. വനബാലയുടെ നേരെ പ്രഭ വലിയ അപരാധിനിയാണ്. പക്ഷെ, ബാലയുടെ മുഖഭാവവും പെരുമാററവും കണ്ട്, അവളുടെ മനസ്സിലൊരു വക നീരസവും നിലനിൽക്കുന്നില്ലെന്നു വെളിവായി. അല്പം ആശ്ചര്യത്തോടെ വനയെ ആലോകനംചെയ്ത്, അനന്തരം 'ഇപ്പോൾ കുറച്ചു പണിത്തിരക്കുണ്ട്; പോകട്ടെ, പിന്നെ സാവകാശം വന്നു സംസാരിച്ചോളാം' എന്ന് തെററിമാറാൻ ശ്രമിച്ചു.

ഈ പ്രത്യുക്തികേട്ട് ബാലയുടെ ഹൃദയത്തിൽ അല്പം ഖേദം കടന്നുകൂടി. ഊഷ്മളമായ ഒരു നെടുവീർപ്പിട്ട് 'നിങ്ങളോട് കുറച്ചധികം സംസാരിക്കാനുണ്ട്, ഇവിടെത്തന്നെ ഇരിക്കു' എന്നു തടഞ്ഞു.

പ്രഭാവതി ആനുകൂല്യം നടിച്ച് അവിടെ ഉപവേശിച്ചു. പരിക്ഷീണസ്വരത്തിൽ പതുക്കെ, 'എന്തുസംഗതിയാണ്' എന്നു ശ്രവണോത്സുകയായി.

വന:— നിങ്ങളെൻെറ സോദരിയാണ്. എങ്ങനെയാണ് സോദരിയോടു പെരുമാറേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. നിങ്ങളുടെ വീട്ടിലേയ്ക്കു വന്നിരിക്കയല്ലേ? എല്ലാം പറഞ്ഞുതരു.

പ്രഭ: ഞാനെന്താണ് നിനക്കു പറഞ്ഞുതരേണ്ടത്. ഇപ്പോൾ ഞാൻ കേട്ടതു ശരിയാണെങ്കിൽ, നീ എനിക്കു സർവ്വനാശവും ചെയ്യാനാണൊരുക്കം. എൻെറ ഭർത്താവിനെ നീ വശീകരിപ്പാൻ ശ്രമിക്കുന്നു.

ബാലയുടെ ലോലഹൃദയം ശക്തിയോടെ സ്പന്ദിക്കാൻ തുടങ്ങി. ഉള്ളിൽ എന്തോ ഒരു അവ്യക്തമായ ചിന്താപാരവശ്യം അനുഭവിക്കുന്നപോലെത്തോന്നി; കുറച്ചൊന്നു നട്ടുങ്ങുകയും ചെയ്തു. ഉടനെ, 'ഞാനിതാ ശപഥം ചെയ്യുന്നു. നിങ്ങടെ പ്രിയതമനെ ഒരിക്കലും ഞാൻ സ്വാധീനമാക്കുന്നതല്ല' എന്നു തുറന്നുവിട്ടു.

പ്രഭ:— നീ എൻെറ ഭർത്താവിൻെറനേരെ ഇനി പ്രേമം ഭാവിക്കുന്നതല്ലെന്നുകൂടിപ്പറയണം.

വന:— (ആശ്ചര്യപ്പെട്ട്) അതെങ്ങനെയാണ്? പ്രേമം ഭാവിച്ചാൽ എന്താണ് ദോഷം? എന്ന പ്രശ്നത്തിന്,

പ്രഭ:— മഹാദോഷമുണ്ട്. ഞാൻ ജീവനോടിരിക്കുമ്പോൾ അതുകണ്ടുസഹിക്കുമോ? നീയാണെങ്കിലോ!

വന:— എന്താ സഹിക്കാതെ പിന്നെ? നല്ലവരിൽ ആൎക്കും തോന്നും പ്രിയം.

പ്രഭ:— എൻെറ ഭർത്താവ് സുന്ദരനോ വിരൂപനോ ആയ്ക്കട്ടെ—എങ്ങിനെയായിരുന്നാലും, എൻെറ സ്വന്തമാണ്. പ്രേമം കാട്ടാൻ നീയാര്? കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനി പ്രേമവിശ്വാസങ്ങളൊന്നും കണികാണുകയില്ലെന്നു സത്യം പറയൂ.

വന:— ഈ സംഗതി ഞാൻ ജീവനോടുള്ളകാലംവരെ എന്നോട്ട് പറയരുതേ.

'എന്നാൽ നീ മുടിഞ്ഞുപോകട്ടേ' എന്ന് കോപതാപങ്ങളോടുകൂടി ഒരു ശാപവും കൊടുത്ത് അവിടെനിന്ന് എ

ഞീറവപോയി. വനബാല കുറേനേരം ചിന്താശൂന്യയായിരുന്നശേഷം, ഹൈമയുടെ ശയനീയാന്തികത്തിൽ ചെന്നിരുന്നു. ഹൈമയ്ക്കു ഇനിയും എണ്ണീറവ് നടക്കാറായിട്ടില്ല.

വന:— 'അല്പനേരം അനങ്ങാതിരുന്ന് ഒടുവിൽ 'ജ്യേഷ്ഠത്തി!. സുശീലനും സുന്ദരനുമായ ഒരാളിൽ പ്രേമം തോന്നുന്നതു് പാപമാണോ?' എന്നു ചോദിച്ചു.

ഹൈമ:— ആദ്യം വനയുടെ വാടിയ വദനത്തിൽ മിഴിയോടിച്ചു്, 'ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടില്ലേ, സുശീലനായാലും സുകുമാരനായാലും ഒരു സ്ത്രീ സ്വന്തപുരുഷനെവിട്ടു് പരപുരുഷനിൽ പ്രേമം ഭാവിക്കുന്നതു് പാപമാണെന്ന്?

വന:— എന്തുകൊണ്ടുവയ്യ? എല്ലാം ഒന്നു തെളിവായ് പറഞ്ഞുതരൂ.

ഹൈമ:— അന്യന്റെ സ്വത്തു് അപഹരിച്ചാൽ അതു പാപമാണെന്ന് അറിയാം ഇല്ലേ?

വന:— ഉവ്വ്.

ഹൈമ:— നീ പ്രിയപ്പെടുന്ന പുരുഷൻ പകരം നിന്നിലും പ്രിയം കാണിക്കണമെന്നു് നീ ആഗ്രഹിക്കാറുണ്ടോ ഇല്ലയോ?

വന:— ഉണ്ടു്.

ഹൈമ:— എന്നാൽ ആ പ്രീതിയ്ക്കു് അയാളുടെ ഭാര്യയാണു് പൂർണ്ണാവകാശിനി. നീ അങ്ങനെയുള്ള ഒരുവളുടെ പ്രേമധനത്തെക്കവർന്നെടുക്കാനാണു് ഭാവിക്കുന്നതു്. ഈ അപഹരണം പാപമാണു്. ഇപ്പോൾ മനസ്സിലായോ?

വന:— എന്നെ ഇങ്ങോട്ട് ഇഷ്ടപ്പെടണമെന്ന് ഞാനാശിക്കാതിരുന്നാലോ?

ഹൈമ:— അങ്ങനെ ആശ അടക്കിനിറുത്തുവാൻ ആൎക്കാണ് കഴിയുക? നിണക്കും അങ്ങനെയുള്ള അഭിലാഷം കൂടാതെ കഴിയില്ലാമൊ?

വന:— ആവുന്നതല്ല.

ഹൈ:— എന്നാൽ വെറുതെ പിഴച്ച വഴിക്കുപോകണ്ട.

വന:— ഉം? എന്താണ് —,

വനബാല പ്രത്യുത്തരം പറയുവാൻ ഭാവിക്കയായിരുന്നു; അപ്പൊഴെക്കും ജഗച്ചന്ദ്രൻ ആനന്ദംകൊണ്ട് ഉന്മത്തപ്രായനായി ആ മുറിയിലേക്കു കടന്നുവന്ന്, 'വനബാലയെവിടെ, വനബാലയെവിടെ ഹൈമേ! വനബാല നമ്മുടെ കാണാതെപോയ പൊന്നോമനക്കുട്ടി ഉഷാവതിയാണ്' എന്ന് ഉൽഘോഷിച്ചു.

ഹൈമവതി തൽക്ഷണം തട്ടിപ്പിടഞ്ഞെഴുന്നേററുനിന്നു; ആശാതീതമായ ആ ശുഭവൃത്താന്തം കേട്ടപ്പോൾ, സൎവാംഗം കോൾമയിർക്കൊണ്ടു് കാലിലെ വേദന വിസ്മരിച്ചുപോയതിലത്ഭുതമില്ലല്ലൊ. ഹൈമവതിയും ചിത്തഭ്രമം ബാധിച്ചപോലെ ഓടിച്ചെന്ന് കുമാരിയെ വാത്സല്യവിലാസത്തോടെ ആലിംഗനംചെയ്തു, പലവുരു ചുംബിച്ച്, 'നീയോ എൻെറ കണ്ണിലുണ്ണിയായ ഉഷ! ഹാ എൻെറ ഉഷേ! നിന്നെ—' എന്ന് കഷ്ടിച്ചു പറയുമ്പൊഴെക്കും തൊണ്ടയിടറി. ഇരുകണ്ണുകളേയും ഭേദിച്ച് ഹൎഷാശ്രുക്കൾ അ

രവിപോലെ ഒഴുകിവീണു. തത്സമയം താതഹൃദയവും അവിശ്രാന്തമായ അശ്രുധാരയാൽ ക്ഷാളിതമായപോലെ തോന്നി.

ബാലയോ ഇതിൻെറ അൎത്ഥമൊന്നും അറിയാതെ വനഹരിണിപോലെ വിരികണ്ണോടെ ഒരിക്കൽ ഹൈമവതിയുടേയും മറെറാരിക്കൽ ജഗച്ചന്ദ്രൻേറയും മുഖത്തു് മാറി മാറി നോക്കിക്കൊണ്ടു നിൽപായി.

ആനന്ദവും ആവേഗവും കുറച്ചൊന്നു് ശമിച്ചപ്പോൾ ജഗച്ചന്ദ്രൻ കൃഷ്ണലാലൻെറ മുഖത്തുനിന്നു് കേട്ട സംഗതികൾ ഒട്ടൊഴിയാതെ പറഞ്ഞറിയിച്ചു. വനബാല അതെല്ലാം ഏകാഗ്രചിത്തയായ് കേട്ടുകൊണ്ടുനിന്നു. ദിവാസ്വപ്നമാണു് ഈ സംഭവമൊക്കെയെന്നു് ആ സുകുമാരിക്കു തോന്നി. അവളുടെ ഹൃദയത്തിൽ വിവിധവികാരങ്ങൾ അലയടിച്ചുതുടങ്ങി. ഇങ്ങനെ ആ ബാല വ്യാമോഹഗ്രസ്തയായിരിക്കെ, ഹൈമവതി ചിരിച്ചു ചിരിച്ചു് 'അച്ഛ! ഈ ഓമനയെക്കണ്ടുമുതൽ എൻെറ മനസ്സു് ബലമായ് അവളിൽ പതിഞ്ഞിരിക്കുന്നു; സ്നേഹവാത്സല്യങ്ങൾക്കില്ല ഒരു അതിരും അളവും. എൻെറ സ്വന്തം അനുജത്തിയാണെന്നു് ആരെങ്കിലുമുണ്ടോ അറിഞ്ഞു! ഒരേ ഒരു രക്തമായതുകൊണ്ടല്ലേ ഇങ്ങിനെയൊക്കെത്തോന്നിയതു്?' എന്നു് മനസ്സഴിഞ്ഞു പറയുന്നതുകേട്ടു്,

ജഗ:— ഹൈമേ! നീ പറഞ്ഞതു് പരമാൎത്ഥമാണു്. ഞാൻ പലപ്രാവശ്യവും ആലോചിച്ചുനോക്കി. എന്താണു്

ഒരു അപരിചിതയായ പെൺകുട്ടിയുടെ നേരെ ഇത്ര മാത്രം മമതയുണ്ടാകാൻ കാരണമെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. പ്രകാശചന്ദ്രനെ രക്ഷിച്ചതുകൊണ്ടായിരിക്കാം ഇത്രസ്നേഹമെന്ന് സമാധാനിച്ചതാണ്. നമ്മുടെ പ്രേമധാമമായ ഉഷയാണിവളെന്ന് എങ്ങനെ ഊഹിക്കും? 'ഈശ്വരവിലാസങ്ങളാർക്കു പോലറിയാവൂ?

പരിഭ്രാന്തയായ് നിന്നിരുന്ന വനബാലയുടെ ഹൃദയത്തിൽ ഇതു് പകൽക്കിനാവല്ലെന്നു് ബോധംവന്നു; സന്ദേഹമെല്ലാം ഈ സമയംകൊണ്ടു് നീങ്ങിപ്പോയി. വനബാല തൻെറ അപ്പോഴത്തെ മനോഭാവം വാഗ്രൂപത്തിൽ വെളിപ്പെടുത്താൻ ആരംഭിച്ചു.

ഹൈമവതി ഓടിച്ചെന്നു ഈ സന്തോഷവർത്തമാനം പ്രഭാവതിയെ അറിയിച്ചു. പ്രഭ ജ്യേഷ്ഠത്തിയൊന്നിച്ച് ഉഷയുടെ അരികിലേയ്ക്കു് ഓടിവന്നു. ഹൈമവതിയുടെ ആനന്ദത്തിന് ഒരതിരുമില്ലായിരുന്നു; പക്ഷെ, പ്രഭയ്ക്കു് അത്രമാത്രം കണ്ടില്ല.

---

പത്തൊമ്പതാം അദ്ധ്യായം.

## ഹൃദയവ്യഥ.

---

പ്രകാശചന്ദ്രൻ ഈ വൃത്താന്തംകേട്ടു് മോഹാകുലനായി. പൂമുഖത്തുനിന്നുതന്നെ അത് ആരോ തത്സമയം പറഞ്ഞു കേട്ടിരുന്നെങ്കിലും അതിൽ വിശ്വാസം വരായ്കയാൽ

ഓടിവന്നു് ഹർഷോത്സവമദ്ധ്യത്തിൽ ചേൎന്നു. ഒരു അനുമാനവും പെട്ടന്നു് ആയാൾക്കു് കിട്ടിയില്ല. ഹൈമവതി ഇളംപുഞ്ചിരി കളിയാടുന്ന വികസിതവദനത്തോടെ 'പ്രകാശ! നീമൂലം നമ്മുടെ ഉഷാവതിയെ ലഭിക്കാനിടയായി. നിൻെറ വനബാല എൻെറ ഇളയസോദരി ഉഷാവതിയാണു്' എന്നു് ഹൃദയം തിങ്ങിവിങ്ങിയ ആഹ്ളാദം വെളിപ്പെടുത്തിവിട്ടു.

ജഗ:— പ്രകാശ! എനിക്കെന്തെന്നും തന്നെ പറയുവാൻ തോന്നുന്നില്ല. 'ദൈവീ വിചിത്രാ ഗതിഃ' നിൻെറ ശപശ്രു ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, എത്ര ആഹ്ളാദിക്കുമായിരുന്നു. ഉഷാവതി നിമിത്തമുള്ള ശോകഭാരത്താലാണു് അവൾക്കു് അകാലമരണം അകപ്പെട്ടതു്.

ഇങ്ങനെ പൂൎവ്വകഥാനുസ്മരണത്താൽ പ്രകൃതിഗംഭീരനായ ജഗച്ചന്ദ്രൻെറ നയനങ്ങൾക്കു് നനവുതട്ടി; കണ്ണീർ തുടച്ചു്, 'പ്രകാശ! എല്ലാം ഈശ്വരേച്ഛയാണു്' എന്നു് സമാശ്വസിച്ചു.

പ്രകാശ:— അത്യത്ഭുതമായ ഒരു സംഭവമാണിതു്.

ഹൈമ:—. ഈ വൎത്തമാനം നമ്മുടെ ചാൎച്ചക്കാൎക്കും വേഴ്ചക്കാൎക്കും ഒക്കെ ഉടനെ അറിവുകൊടുക്കണം.

ജഗ:— താനവരെയൊക്കെ ഇങ്ങോട്ടു് ക്ഷണിച്ചേക്കാം. അതാണു് നല്ലതു്.

ഹൈമ:— എപ്പോഴാണു്?

ജഗ:— ഉഷാവതിയുടെ വിവാഹദിവസം. അത് വളരെക്കേമമായി കൊണ്ടാടണമെന്നാണ് വിചാരിക്കുന്നത്.

ജഗച്ചന്ദ്രൻെറ ഈ വാക്കുകേട്ട് പ്രകാശൻെറ ഹൃദയം തുടിക്കുവാൻ തുടങ്ങി; വനബാലയുടെ മുഖത്തേയ്ക്കു് ഒരു കടാക്ഷബാണം തൊടുത്തുവിട്ടു. ആ മോഹനവദനത്തിൽ പണ്ടത്തേപ്പോലെ നിസ്പൃഹഭാവം അത്ര കാണ്മാനില്ലായിരുന്നു; മന്ദാക്ഷവിനമ്രയായിരുന്നു ആ മനോഹരാംഗി. അച്ഛൻെറ ആനന്ദജനകമായ ഈ പ്രസ്താവത്താൽ മകളുടെ പ്രഫുല്ല മുഖത്തിൽ അടിസ്ഥാനമായി ഒരു നിരുന്മേഷചിഹ്നമാണ് നിഴലടിച്ചുകണ്ടതു്. പെട്ടെന്ന് പരിമ്ലാനമായ്ത്തീർന്ന ആ മുഖപദ്മവും പ്രകാശന് അത്യന്തം ആകർഷകമായ്ത്തോന്നി.

വനയുടെ ഭാവഭേദംകണ്ടു് പ്രകാശൻ പിന്നെഅങ്ങോട്ട് നോക്കിയതേ ഇല്ല; ലജ്ജാലേശംകൊണ്ടാണ് മുഖം തിരിച്ചുനിന്നതു്. പെട്ടന്നുണ്ടായ വർഷപാതത്താൽ വെള്ളം കരകവിഞ്ഞൊഴുകിയ സരസ്സുപോലെ പ്രകാശൻെറ കരളും ത്തടം നിർവൃതിക്കൊണ്ടു. പ്രമോദസംരംഭം അല്പമൊന്നു അടങ്ങിയപ്പോൾ, ജാമാതാവ് ജഗച്ചന്ദ്രനെ അഭിസംബോധനംചെയ്തു്, 'വനബാല കൃഷ്ണലാലൻെറ മകളല്ലെന്നു് ഞാനവളെക്കണ്ടപ്പോൾതന്നെ തീർച്ചയാക്കിയിരുന്നു. പക്ഷെ ഇവിടത്തെ കാണാതെപോയ മകളാണെന്നു് സ്വപ്നേപി ഊഹിക്കാൻ തരമുണ്ടോ? ചിന്താ...

ഭ്യം ഗൃഹത്തിലേയ്ക്ക് കൊണ്ടുവന്നപ്പോഴുണ്ടായിരുന്ന എ ന്റെ മനഃക്ഷോഭം ഇപ്പോൾ നിശ്ശേഷം നീങ്ങിപ്പോയി' എന്ന് ആശംസിച്ചു.

ജഗ:— എല്ലാം ശുഭമായ് കലാശിച്ചിരിക്കുന്നു. പക്ഷെ എന്റെ ഹൃദയത്തിൽ ഇനിയും ഒരു വ്യഗ്രത ങ്ങിക്കിട ക്കുന്നുണ്ട്. ഇന്നേദിവസം ഉഷയുടെ അമ്മ ഉടലോ ടെ ഉണ്ടായിരുന്നെങ്കിൽ,—

ഇത്ത് മുഴുമിക്കുന്നതിനുമുമ്പുതന്നെ ആ മനസ്വിനിയു ടെ കരൾകലങ്ങി രണ്ട് ചുടുനീർക്കണങ്ങൾ ഇററിറവുവീണു. അശ്രുവേഗം തടഞ്ഞു് വാത്സല്യം വഴിയുന്ന മിഴികളോടെ ഉഷയെക്കുളുക്കെ ഒന്നുനോക്കി, 'മകളേ! ഇനിമേൽ നിന്നെ ആരും ഉഷാവതിയെന്നേ വിളിക്കൂ. നീ എന്റെ നിലയ നത്തിന്ന് ഒരു നിലാവാണ്; ഇന്നു് എനിക്ക് കാണാ തെ പോയ അമൂല്യരത്നം കണ്ടുകിട്ടിയിരിക്കുന്നു; ഞാൻ കൃതാർത്ഥനായി' എന്നു് പരിതോഷിച്ചു.

അനന്തരം സീമന്തപുത്രിയോട്ട് 'ഹൈമേ! നിനക്ക് ഉഷയുടെ നേരെ അളവററ പ്രീതിയുണ്ടെന്ന് എനിക്കറി യാം. ഞാനധികമൊന്നും പറയുന്നില്ല. പ്രഭയേ നീ എങ്ങനെയാണ് ലാളിച്ചും പാലിച്ചും കൊണ്ടുപോന്നതു് അതേവിധംതന്നെ ഉഷയേയും വളർത്തിക്കൊണ്ടുവരേണ്ടതു് നിന്റെ ഭാരമാണ്; അതു് നിന്നിൽസമർപ്പിച്ച് ഞാൻ നി ശ്ചിന്തനായിരിക്കട്ടെ' എന്ന് സമാശ്വസിച്ചു.

ഹൈമ:— അച്ഛ! ഉഷയ്ക്ക് ഇനിയും കുട്ടിക്കളിവിട്ടിട്ടില്ല. നാട്ടുകാൎയ്യവും വീട്ടുകാൎയ്യവും ഒന്നും വിവരമില്ല. ഒക്കെ ഞാൻ മനസ്സിലാക്കിക്കൊടുത്തോളാം. അച്ഛൻ അനുരൂപനായ ഒരു വരനെ അന്വേഷിച്ചു പിടിച്ചു്, വിവാഹം വളരെ ഘോഷമായി കൊണ്ടാടുവാൻ വേണ്ട ശ്രമം വേഗം ചെയ്യണം.

ഈ സമയം ഒരു ഭൃത്യൻ വന്നു്, കോലായിൽ ഭട്ടാചാൎയ്യരും മററ ചില യോഗ്യന്മാരും വന്നിട്ടുണ്ട്” എന്നു് അറിയിച്ചു.

ജഗച്ചന്ദ്രൻ ഹരദാസഭട്ടാചാൎയ്യരെ ഗുരുവിനെപ്പോലെയാണ് ആദരിച്ചുവന്നിരുന്നതു്; ഉടനെ പുറത്തേയ്ക്കുവന്നു് ഈ ശുഭവൃത്താന്തം എല്ലാവരേയും അറയിച്ചു; ആഗതന്മാരെല്ലാം അത്യന്തം അനുമോദിക്കയും ചെയ്തു. അവരിലൊരാൾ, ‘അങ്ങയുടെ മകളിതുവരെ ഒരു കള്ളന്റെ ഗൃഹത്തിലാണല്ലോ വളൎന്നു വന്നതു്? എങ്ങനെയാണ് ശുദ്ധികൎമ്മങ്ങൾ കൂടാതെ സ്വീകരിക്കുന്നതു്? എന്ന് ഒരു ആക്ഷേപം വലിച്ചിട്ടു.

ഇതുകേട്ടു് ജഗച്ചന്ദ്രനു് അല്പം വിഷാദം അങ്കുരിക്കാതിരുന്നില്ല. ഭട്ടാചാൎയ്യരുടെ മുഖത്താണ് ചന്ദ്രന്റെ ദൃഷ്ടികൾ പതിഞ്ഞതു്. ആചാൎയ്യരെപ്പോലെ ശാസ്ത്രകോവിദനായി ഈ പ്രദേശത്തു് ആരും ഉണ്ടായിരുന്നില്ല; അതു് സൎവ്വസമ്മതമാണുതാനും. അദ്ദേഹം അല്പം ആലോചിച്ചു്, “ഇതിന്നു് പ്രായശ്ചിത്തമാണു് വിധിച്ചിരിക്കുന്നതു്; അതു് ചെയ്തുകളയാം, അല്ലേ?” എന്നു് പറഞ്ഞതു കേട്ടപ്പോൾ

ജഗച്ചന്ദ്രന്റെ ഉള്ളൊന്നു തണുത്തു; താനെന്തിനും സന്നദ്ധനാണെന്ന് സൂചിപ്പിക്കയും ചെയ്തു.

ഈ പ്രായശ്ചിത്തവിധി കഴിഞ്ഞശേഷം വിവാഹസംഗതിയിൽ ആൎക്കും ഒരു സന്ദേഹത്തിന്നും അവകാശമില്ല. എല്ലാവരും സമയോചിതമായ് ഓരോന്ന് സംസാരിച്ച് ജഗച്ചന്ദ്രന്റെ ആഹ്ലാദത്തിൽ പങ്കുകൊണ്ടു. അന്ന് അനുഗൃഹീതമായ ആ ഗൃഹം പൂൎവ്വാധികം സാനന്ദവും സജീവവുമായ്ക്കണ്ടു. പക്ഷെ, ആനന്ദാതിശയത്തിന്നു മദ്ധ്യെ ജഗച്ചന്ദ്രന്ന് ഒരു വ്യാഴവട്ടക്കാലത്തിലേറെപ്പഴകിയ ആ ശോകഭാരം മറക്കാൻ കഴിഞ്ഞില്ല. ലൂനമാനസനായ അദ്ദേഹം ഇടയ്ക്കിടെ, 'ഇന്ന് ഉഷയുടെ അമ്മ ഉണ്ടായിരുന്നെങ്കിൽ— എന്ന് ആ സന്തോഷസന്ദൎഭത്തിലും ആവൎത്തിച്ചു പറഞ്ഞുകൊണ്ടേ ഇരുന്നു.

ഇരുപതാം അദ്ധ്യായം.

# ബാഷ്പധാര

കൃഷ്ണലാലൻതുടങ്ങിയ കള്ളന്മാരെ സെഷൻ കോട്ടിൽ വിചാരണചെയ്ത് ജീവപൎയ്യന്തം നാടുകടത്തുവാൻ വിധിച്ചു. ഇതുകേട്ട് രംഗപുരവാസികൾക്ക് വളരെ സന്തോഷമുണ്ടായി. പക്ഷേ വനബാല (ഇപ്പോൾ ഉഷാവതി) മാത്രം ദുഃഖിതയായ്ത്തീൎന്ന

ഭട്ടാചാര്യരുടെ വ്യവസ്ഥയനുസരിച്ച് ഉഷാവരീപരമായ പ്രായശ്ചിത്തകർമ്മം നടത്തി. അനന്തരം ഉഷയുടെ പരിണയസംഗതിയെക്കുറിച്ച് പ്രിയപിതാവ് ആലോചന തുടങ്ങി. എത്രയൊക്കെ വരാന്വേഷണം ചെയ്തിട്ടും അനുരൂപനായ ഒരാളെ കണ്ടുകിട്ടിയില്ല. ഉഷയാണെങ്കിൽ ഒരു വലിയ ഉദ്യോഗസ്ഥന്റെ പുത്രി—ലാവണ്യലഹരി തള്ളിയലച്ച താരുണ്യവതി. വധു ഇതുവരെ തസ്കരഗൃഹത്തിൽ വളർന്നുവന്നതുകൊണ്ട് ആഭിജാത്യമുള്ളവരാരും വിവാഹാലോചനയ്ക്ക് അനുകൂലിച്ചില്ല. ഇത് ജഗച്ചന്ദ്രന്റെ ഹൃദയത്തിൽ നിർഭരപരിതാപം പടർന്നു പിടിപ്പാനിടയാക്കിത്തീർന്നു.

ഒരുദിവസം വൈകുന്നേരം പിതാവും ഹൈമവതിയും വിവാഹസംഗതിയെക്കുറിച്ച് സംസാരിക്കുകയായിരുന്നു:—

ഹൈമ:— അച്ഛാ! ഉഷയുടെ കല്യാണകാര്യം എന്തായി?

ജഗ:— ഹൈമേ! ഒന്നും തീർച്ചപ്പെടുത്തീട്ടില്ല. ഞാൻ കണ്ടുവെച്ച വരന്റെ മാതാപിതാക്കൾക്ക് അതിലത്ര സമ്മതമില്ല. മറ്റുചിലർക്ക് ഇഷ്ടമുണ്ടെങ്കിലും എനിക്ക് അക്കൂട്ടരെ അത്ര പിടിച്ചിട്ടുമില്ല.

ഹൈമ:— അച്ഛാ! വിരോധമില്ലെങ്കിൽ ഞാനൊരാലോചന ചെയ്തുവെച്ചിട്ടുണ്ട്.

ജഗ:— എന്ത് ആലോചനയാണ്? കേൾക്കട്ടെ.

ഹൈമ അച്ഛന്റെ ഉത്കണ്ഠാപൂർവ്വകമായ ചോദ്യത്തിന് ഉത്തരം നൽകുന്നതിനുമുമ്പ് നാലുഭാഗത്തും നയ

നവിക്ഷേപംചെയ്തു. അനന്തരം കരാംഗുലികൾ കോർത്തു പിടിച്ചു തലയുയരാതെ ഉയർത്തി, പിന്നെ ഒന്നു താഴ്ത്തി വിരലുകൾ ഞെക്കിയമർത്തിപ്പൊട്ടിച്ച് അവനതമുഖിയായി. 'അച്ഛ! നമ്മുടെ പ്രകാശചന്ദ്രന് ഉഷയെ എന്തുകൊണ്ടു വിവാഹം ചെയ്തു കൊടുത്തുകൂടാ' എന്ന് വിചാരഭാരം ഒരു വിധം ബഹിഃസ്ഫുരണം ചെയ്തു.

ഈ പ്രസ്താവം കേട്ട് പ്രിയ പിതാവ് അല്പനേരം ചിന്താതരംഗിതനായിരുന്നശേഷം ഹൈമയുടെ അരുണാഭിരാമമായ ആനനത്തിലേയ്ക്കു ദൃഷ്ടിപറിക്കാതെ നോക്കി, "പ്രകാശൻ അതിന് അനുകൂലിക്കുമോ?" എന്ന് സന്ദിഗ്ദ്ധനായി.

ഹൈമ യഥാപൂർവ്വം തലതാഴ്ത്തി, 'അച്ഛ! ആ ഭാരം ഞാനേററു' എന്നു അട്ടത്തുകൂടി.

ജഗ:— നമ്മുടെ പ്രഭയ്ക്കു് മനസ്താപം തട്ടാതെ നോക്കിക്കൊള്ളണം.

ഹൈമ:— ഞാൻ പ്രഭയെ ഇതിന് അനുകൂലിപ്പിച്ചേയ്ക്കാം.

ജഗച്ചന്ദ്രൻ പിന്നെയും കുറെച്ചിന്തിച്ച്, "പ്രകാശൻ കുലീനനാണ്. ഞാൻ വേറെ ഒരു കന്യാദാനവും കൂടി ച്ചെയ്യാൽ ദോഷമൊന്നും വരാനില്ല. മറെറാരു അനുരൂപവരനെ ലഭിക്കാത്ത സ്ഥിതിയ്ക്കു് ഇതുതന്നെയാണ് എനിക്കുമിഷ്ടം. ഈ സംഗതി പ്രസ്താവിച്ചതു് ഹൈമയായതുകൊണ്ടു് ആക്ഷേപത്തിന്ന് അശേഷം അവകാശവുമില്ല. ഒന്നും അറിയാതെയായിരിക്കയില്ല ഹൈമ ഈ പ്രസ്താവം

കൊണ്ടുവന്നാത്. ഇതിന്നു വേണ്ട ഉത്സാഹമൊക്കെ ഹൈമ ചെയ്യോള്ള" എന്നു ധൈര്യപ്പെടുത്തി.

ഹൈമവതി താതാന്തികത്തിൽ നിന്നു വേഗം പോയ് പ്രഭാവതിയുടെ അരികെച്ചെന്നിരുന്ന് മുടിമെടഞ്ഞു കെട്ടി കൊടുക്കുവാൻ തുടങ്ങി. അതു അവൾക്ക് അത്ര പ്രീതിപ്രദമായിരുന്നില്ലെങ്കിലും ജ്യേഷ്ഠത്തി പിന്മാറിയില്ല. സൈ്വരാലാപങ്ങൾക്കിടയിൽ ഉഷാവതിയുടെ വിവാഹ വിഷയവും വലിച്ചിട്ടു. ഹൈമവതി,'അച്ഛനിതേവരെ ഉഷയുടെ കല്യാണകാര്യമൊന്നും ഉറപ്പിച്ചിട്ടില്ല' എന്നു ഉദ്ദിഷ്ടവിഷയത്തിലേയ്ക്കു് പ്രവേശിച്ചു.

പ്രഭ:— (പതുക്കെ) ഉം— എന്താണത്?

ഹൈമ:— ശരിയായ ഒരു പുരുഷനെക്കണ്ടു് കിട്ടാഞ്ഞിട്ടുതന്നെ.

പ്രഭ:— എന്നാൽ, അച്ഛന് അധികം പണം കൊടുപ്പാൻ ഇഷ്ടമില്ലായിരിയ്ക്കും.

ഹൈമ:— അങ്ങനെയല്ല പ്രഭേ! ഇത്ര പ്രായം ചെന്ന പെണ്ണിനെ വലിയകൂട്ടരൊന്നും വേളികഴിപ്പാനൊരുക്കമില്ല.

പ്രഭ:— എന്നാലിനിയെന്താന്നു് വഴി?

ഹൈമ:— നിൻെറ മനസ്സുണ്ടെങ്കിൽ എല്ലാം വഴിയുണ്ടു്.

മാർഗ്ഗമദ്ധ്യേ പെട്ടന്ന് പഥികൻ വിഷപ്പാമ്പിനെക്കണ്ടപോലെയുള്ള ഭാവഭേദമാണ് പ്രഭാവതിയുടെ മുഖത്ത് അപ്പോൾ ബിംബിച്ചുകണ്ടത്. ജ്യേഷ്ഠത്തിയെ പ്രഭ തുറി

ച്ചുനോക്കിക്കൊണ്ടു നിൽപായി. ഹൈമയും തൂഷ്ണീംഭൂഷ്ഠി യായിരുന്നു. ഒരക്ഷരമെങ്കിലും അവളുടെ മുഖത്തുനിന്നു് പുറപ്പെട്ടില്ല.

പ്രഭാവതി:— എൻെറ ഇഷ്ടമുണ്ടെങ്കിൽ ഇതിലേക്കുള്ള താണ് നിവൃത്തിമാർഗ്ഗം? ജ്യേഷ്ഠത്തി! പറയൂ, എന്നു് ഉള്ളടക്കാനാതസാഹിച്ചു.

ഹൈമയുടെ മുഖംവാടി, ഹൃദയം ശക്തിയോടെ ഇടിച്ചുതുടങ്ങി. തൊണ്ടവരണ്ട് വാക്കൊന്നും വെളിക്കുവരാതെ വിഷമിച്ചു. 'എന്താണത്രെ നിവൃത്തിമാർഗ്ഗം? ജ്യേഷ്ഠത്തി!' എന്നു് പ്രഭ ചോദ്യം ആവത്തിച്ചു.

ഹൈമ വാർകുന്തൽ പതുക്കെ ഒതുക്കി 'ഇല്ല, ഇല്ല, പ്രഭേ! ആ വത്തമാനംകൊണ്ടു് യാതൊരു പ്രയോജനവും ഇല്ല. ഉഷ ഇങ്ങനെതന്നെ ഉരുന്നു നരച്ചുകരച്ചുപോകട്ടെ' എന്നായി.

പ്രഭാവതി പരാങ്മുഖിയായി 'ജ്യേഷ്ഠത്തി! നിങ്ങളൊന്നും പറഞ്ഞില്ലെങ്കിലും, അന്തർഗ്ഗതം എനിക്കു മനസ്സിലായി. പ്രഭയെ എൻെറ സപത്നിയാക്കണമെന്നായിരിക്കും, അല്ലേ?' എന്നു് താൻതന്നെ കാര്യം തുറന്നുവിട്ടു.

ഹൈമ:— ഒരേ അമ്മയുടെ ഉദരത്തിൽ പിറന്നവർ എങ്ങനെയാണു് പ്രഭേ! സപത്നിയാവുക,

പ്രഭ:— ജ്യേഷ്ഠത്തിയും അനുജത്തിയും ഒരേ പുരുഷനെത്തന്നെ ഭത്താവായി സ്വീകരിച്ചാൽ സപത്നികളാവില്ലേ?

ഹൈമ:— അനുജത്തി എന്നും അനുജത്തിതന്നെ.

പ്രഭ:— അപ്പനും അങ്ങനെ ഇഷ്ടപ്പെട്ടുവോ?

ഹൈമ:— ഉവ്വ്.

പ്രഭ: ഉഷയോ?

ഹൈമ:— അവൾക്കും ഇഷ്ടമാണ്.

പ്രഭ:— പിന്നെ...........,

പ്രഭാവതി എന്തോ പറയാനാരംഭിച്ചു; പക്ഷേ അത് വെളിക്ക് വീണില്ല. അല്പനേരം മൌനാവലംബിനിയായിരുന്ന്, 'ജ്യേഷ്ഠത്തി, എനിക്ക് സമ്മതമാണ്' എന്ന് അറിയിച്ചു.

ഹൈമവതി സോദരിയുടെ മുഖത്ത് ചുംബിച്ച്, 'ഇല്ല, പ്രഭേ, വെറുതെപ്പറഞ്ഞതാണ്. നിനക്ക് ഇഷ്ടമായിരുന്നെങ്കിൽക്കൂടി ഞാനതിന് സമ്മതിക്കില്ല. ഉഷയെ വേറെ ആൾക്ക് വിവാഹം കഴിച്ചുകൊടുപ്പാനാണ് പോകുന്നത്' എന്നൊന്നു പരിക്ഷിച്ചുനോക്കി.

പ്രഭ, 'വേണ്ട, ജ്യേഷ്ഠത്തി! നിങ്ങളെന്തിനാണ് വിസമ്മതം ഭാവിക്കുന്നത്? ജ്യേഷ്ഠത്തിയാണേ എനിക്കിതു പൂർണ്ണ സമ്മതമാണ്' എന്നു വിടാതെക്കൂടി.

ഹൈമ വീണ്ടും സോദരിയെച്ചുംബനംചെയ്ത്, 'നീ ഇത് മനഃപൂർവ്വമായ്, സത്യമായ് പറയുന്നതുതന്നെയോ എന്ന പ്രശ്നത്തിന്, പ്രഭ ഉടനെ, 'അതേ, ജ്യേഷ്ഠത്തി! അതേ. ഞാൻ പരമാർത്ഥമാണ് പറഞ്ഞത്'. എന്ന പ്രഥമോക്തിയെ ഒന്നുകൂടി ഉറപ്പിച്ചു.

ഹൈമ പ്രഭയുടെ കേശസംസ്കാരം ചെയ്തു കഴിഞ്ഞിട്ടില്ല; എങ്കിലും പെട്ടെന്നെഴുന്നേററുനിന്നു. വീണ്ടും എന്തോ ആലോചിച്ച് അവിടെത്തന്നെ ഇരുന്ന് മുടി മെടഞ്ഞുകെട്ടി മുഴുവനാക്കി അവിടെനിന്നൊരുവിധം ഒഴിഞ്ഞുമാറി.

പ്രഭ വളരെനേരം പൂങ്കാവിൻകുളമ്പിൽ കൈത്തലം അമർത്തിവെച്ച് അവിടെത്തന്നെ ഇരുന്നു. മർമ്മഭേദിയായ നെടുവീർപ്പുകൾ തെരുതെരെപ്പുറപ്പെട്ട് ലോലവായുവിൽ വിലീനമായിത്തുടങ്ങി; ഉന്നതമായ ഉരസ്സ് പൊങ്ങിത്താണുകൊണ്ടിരുന്നു. വർഷോപലംപോലെക്കനത്ത കണ്ണീർക്കണങ്ങൾ ഇററിററുവീണ് ഒടുവിൽ ഇടമുറിയാതെ പൊടിമഴപോലെപ്പൊടിഞ്ഞ് നിലമൊക്കെ നനഞ്ഞുപോയി.

---

## ഇരുപത്തൊന്നാം അദ്ധ്യായം.

### ദൃഢസങ്കല്പം

---

എന്നു മുതൽ ആ വന്യകന്യക കൃഷ്ണലാലന്റെ ഔരസപുത്രിയല്ല, സ്വഭാര്യാസോദരിയാണെന്ന് പ്രകാശന് മനസ്സിലായോ ആ ദിനം തുടങ്ങി അയാളുടെ മനസ്സിൽ ഒരു പരവശഭാവം പററിക്കൂടിയിരുന്നു. ഉഷാലാഭം കൊണ്ടുള്ള ഉന്മേഷത്താൽ പ്രഭയുടെ അപരാധങ്ങളൊക്കെ വിസ്മൃതപ്രായമായി. പ്രഭാവതി അവളെ അന്ന് പദ്മം പറിക്കുവാൻ പുഷ്കരിണിക്ക്, അയച്ചിരുന്നില്ലെങ്കിൽ, ഈ രഹസ്യം ഉദ്ഭേദനം ചെയ്യാൻ ഒരിക്കലും സാധിക്കുമായിരുന്നില്ല. ആ കാന്താരകുമാരി ഭാര്യാസോദരിയാണല്ലോ എന്ന് സ്മരിക്കുമ്പോൾ, പ്രകാശന്റെ ആനന്ദത്തിന്ന് അതിരില്ല. ആദ്യകാലത്തെ മനോഭാവത്തിനും വലിയ മാററം

നേരിട്ടു. അവസരം കിട്ടുമ്പൊഴൊക്കെ, അങ്ങു മിങ്ങും നിന്ന് ഉഷയെ നയനനീരാജനം ചെയ്യുകപതിവായി. യഥാപൂർവ്വം അത്ര സുലഭദശ്നയല്ലായിരുന്നു ആ സുകുമാരി. തന്റെ മനഃസാമ്രാജ്യത്തിലെ സർവ്വാധികാരവും ഉഷയ്ക്കൊഴിഞ്ഞുകൊടുത്താണ് പ്രകാശന്റെ ഇപ്പൊഴത്തെ നില. ഉഷാദശനം ഉണ്ടായില്ലെങ്കിൽ അന്ന് നാലുപാടും ഇരുട്ടുപടന്നു പിടിച്ചതു പോലെയാണ് ആ യുവാവിനു തോന്നുക. അയാളെപ്പോഴും അനന്യമനസ്കനായിരിക്കുക പതിവാണ്. ആരോടും ശരിയായി ഉരിയാട്ടമില്ല; ഒരിടത്തുതന്നെ സ്ഥിരമായ് അല്പനേരം ഇരുന്നാൽ അസുഖം തോന്നുകയായി. ഇങ്ങനെ ശൂന്യഹൃദയനായ് ഏതാണ്ട് അദ്ധോന്മത്തനെപ്പോലെ അലഞ്ഞുനടക്കും. നിദ്രാംഗനയുടെ പരിരംഭണസുഖംപോലും പതിവായനുഭവിക്കാറില്ല. ഒരു മയക്കം കിട്ടിയാൽ തന്നെ ഉഷയുടെ ഉജ്ജ്വലരൂപം കിനാവുകണ്ടു തത്ക്ഷണം ഞെട്ടിയുണരും.

ഇന്ന് പ്രകാശൻ വിഷണ്ണവദനനായിരിക്കയാണ്. കൊടുങ്കാററടിച്ച് നദീവക്ഷസ്സിൽ തള്ളിപ്പുരക്കുന്ന തരംഗാവലിപോലെ അയാളുടെ മനസ്സിൽ അടിച്ചുകൂടി പലചിന്തകളും തലപൊക്കിയിരുന്നു. മദ്ധ്യേ മദ്ധ്യേ നിരാശത ഭീഷണമായി അലച്ചുതുടങ്ങി. ആ ഭയങ്കരതരംഗത്തിൽ ആശ അടിഞ്ഞുമാഞ്ഞു കൊണ്ടിരുന്നു. ഈ സന്ദർഭത്തിലാണ് ഒരു വ്യക്തി അയാളുടെ മുമ്പിൽ ആവിർഭവിച്ചതു്. ഗാഢചിന്തയിൽ ആകണ്ഠംമുഴുകിയ അയാളുടെ ദൃഷ്ടി അങ്ങോട്ട് വ്യാപരിച്ചില്ല. ആ വ്യക്തി അതറിഞ്ഞു് 'പ്രകാശ്!' എന്ന് ഉറക്കെ വിളിച്ചു.

പ്രകാശനാകട്ടേ ഒന്നുഞെട്ടി അങ്ങോട്ടുനോക്കി. ഹൈമവതിയാണ് ഹസന്മുഖിയായി നിൽക്കുന്നതുകണ്ടതു് ! അല്പം പരിഭ്രാന്തനായെങ്കിലും വിചാരധാരയിൽ നിന്നു് വേഗം വിരമിച്ചു് 'എന്താ' എന്നു വിളികേട്ടു.

ഹൈമവതി അല്പനേരം പ്രകാശൻെറ ചിന്താക്ലിഷ്ടമായ മുഖം നോക്കി, അനന്തരം, 'പ്രകാശ! നീ ഇന്നലെയും ഇന്നുമായി എന്താണിങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുന്നതു് ? എല്ലാം എന്നോടു തുറന്നുപറയൂ' എന്നു തുടൎന്നു.

പ്രകാശൻെറ തൊണ്ടയിടറി; ഒരു മഹാപരാധിയെപ്പോലെ ഹൃദയം തുടിക്കുവാൻ തുടങ്ങി. അത്രവേഗം അതിനു് ഉത്തരം പറയുവാൻ പ്രകാശനു് സാധ്യമല്ലാതായി. ഹൈമ, 'ഞാൻ നിങ്ങളെ സ്വന്തം അനുജനെപ്പോലെയാണു് ഭാവിച്ചുവരുന്നതു്. എന്നിൽ നിന്നൊന്നും മറച്ചുവെക്കാതെ എല്ലാം വിവരിച്ചുപറയൂ.' എന്നു് ചോദ്യം ആവൎത്തിച്ചു.

പ്രകാശൻ ഒരുവിധം ക്ഷോഭമടക്കി, 'ജ്യേഷ്ഠത്തി! എന്തൊരു സംഗതിയാണു് നിങ്ങളിൽ നിന്നു് എനിക്കു് മറച്ചുവെക്കാൻ കഴിയുക! എൻെറ മനസ്സ് എനിക്ക് വശംവദമല്ലാതായിരിക്കുന്നതു്! ഞാൻ വലിയ പാതാളത്തിൽ പതിച്ചിരിക്കുന്നു! വളരെയൊക്കെപ്പണിപ്പെട്ടുനോക്കുന്നുണ്ടു്; എന്നിട്ടും മനസ്സ് സ്വാധീനമാകുന്നില്ല. എൻെറ സ്വഭാവത്തിനും ഭയങ്കരമായ ഒരു മാററം നേരിട്ടിരിക്കുന്നു. ഞാൻ നിങ്ങടെ പണ്ടത്തെ പ്രകാശനല്ല. കേവലം ഒരു

മനുഷ്യാധമൻ! നിങ്ങടെയൊക്കെപ്പരിഹാസത്തിന് പാത്രം, എന്നു് പ്രകാശിപ്പിച്ചു.

ഹൈമവതി നോക്കിക്കൊണ്ടിരിക്കെ, പ്രകാശന്റെ നയനങ്ങളിൽനിന്നു് കനത്ത കണ്ണീർത്തുള്ളികൾ ഗണ്ഡസ്ഥലത്തിൽ ഗളിച്ചുകണ്ടു. ഹൈമവതി മനശ്ചാഞ്ചല്യത്തോടെ 'പ്രകാശ! നിങ്ങൾക്കെന്തിനാണു് ഇത്ര അല്ലലും ആലസ്യവും? പ്രകാശൻ ഒന്നും തുറന്നുപറഞ്ഞില്ലെങ്കിലും എത്രയോ മുമ്പുതന്നെ മനോഭാവമെല്ലാം ഞാൻ മനസ്സിലാക്കിവെച്ചിട്ടുണ്ടു്; അതിന്നുവേണ്ട പ്രതിവിധിയും ഞാൻ പ്രവർത്തിക്കാതിരുന്നിട്ടില്ല. അതു് അറിയിക്കാനാണു് പ്രകാശന്റെ അരികേ വന്നതു്. ഉഷാവതിയെ നിങ്ങൾക്കു് വിവാഹം ചെയ്തുതരുവാനാണു് നിശ്ചയിച്ചിരിക്കുന്നതു്. അച്ഛനും അതിന്നനുകൂലിച്ചിരിക്കുന്നു; പ്രഭയ്ക്കും സമ്മതം. പ്രകാശൻ ഒരിക്കലും നിന്ദാപാത്രമല്ല. അളവററ സ്നേഹമാണു് നിങ്ങളുടെ നേരെ ഞങ്ങൾക്കുള്ളതു്. ആ സ്നേഹബന്ധം കുറേക്കൂടി ബലപ്പെട്ടതാനാണു് പുറമേ ഒന്നുകൂടി.

അഭീഷ്ടദാനത്തിന്നൊരുങ്ങി അതിപ്രസന്നയായ് നിൽക്കുന്ന ദേവിയെപ്പോലെ അഭിമുഖമായ് കണ്ട ഹൈമവതിയുടെ കുളുത്ത വാക്കും നോക്കും പ്രകാശന്റെ തപ്തശരീരത്തിൽ പെട്ടെന്നു് കോൾമയിർ കോരിയിട്ടു. പ്രബലമായ ഒരു വികാരനിർഝരം തള്ളിയലച്ചുവന്നു് അയാളുടെ ഹൃദയകന്ദരം കവിഞ്ഞൊഴുകി, നിരക്ഷരനായ് നിലകൊണ്ടു.

എങ്കിലും ഹൈമവതി ഒരു കണ്ണാടിയിലെന്നപോലെ തന്മനോഭാവം സ്പഷ്ടമായ്ക്കണ്ടു; ഇനി അവിടെ നിൽക്കുന്നതു് ശരിയല്ലെന്നു കരുതി ഒഴിഞ്ഞുമാറി. പോകുമ്പോൾ 'ഈ ആഴ്ചയിൽ തന്നെ ഉഷയെ നിണക്ക് വിവാഹം ചെയ്തു തരാനാണ് ആലോചന' എന്ന് തൊടുത്തിട്ടു.

അനന്തരം ഹൈമ ഉഷയുടെ അരികിലേയ്ക്കാണ് ഉഴറിച്ചെന്നതു്. ഹൈമ മിഴിവഴിയിൽ പെട്ടപ്പോൾ തന്നെ ഉഷയുടെ ഗാംഭീര്യഭരിതമായ മുഖകമലം പ്രഫുല്ലമായി ഉദാരഭാവത്തിൽ ഉഷ ജ്യേഷ്ഠത്തിയുടെ മുഖത്തു് ദത്തദൃഷ്ടിയായ് നിന്നു. ഹൈമ മെല്ലെച്ചെന്ന് സോദരിയുടെ അരികെയിരുന്നു; ഒന്നു രണ്ടുകുറി ഉഷയെ ഇടക്കണ്ണിട്ടു നോക്കി. എങ്കിലും അവളുടെ താത്ക്കാലിക മനോഭാവത്തിൻെറ മർമ്മം ഭേദിപ്പാൻ കഴിഞ്ഞില്ല. ഹൈമ സാവധാനം, 'ഉഷേ! വളരെയോക്കെ ആലോചിച്ചശേഷം നിന്നെ പ്രകാശനുതന്നെ വിവാഹം ചെയ്തുകൊടുപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു' എന്നുതുറന്നുവിട്ടു.

ഉഷ അല്പനേരം ഹൈമയുടെ മുഖത്തുതന്നെ ഉററുനോക്കിക്കൊണ്ടിരുന്ന ശേഷം ഒരു ചെറുചിരിയോടെ, 'ജ്യേഷ്ഠത്തി! ഞാൻ ആ വിവാഹത്തിനു് അനുവദിക്കുന്നതല്ല' എന്നു സൂചിപ്പിച്ചു.

ഹൈമവതി ഉഷയുടെ അപ്രകാരമുള്ള നോട്ടവും ചിരിയും കണ്ടപ്പോൾതന്നെ ആശ്ചര്യപ്പെടാതിരുന്നില്ല- പ്രത്യുക്തി കേട്ടപ്പോൾ ആശ്ചര്യം പതിന്മടങ്ങ് വളർന്നു. ഹൈമ

കേട്ടതു് തെററിദ്ധരിപ്പായതായിരിക്കുമോ? 'ഉഷേ ഈ ആഴ്ചയിൽ തന്നെ പ്രകാശൻ നിന്നെ വിവാഹംചെയ്തുകൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു' എന്നു് പുനർവ്വദിച്ചു.

ഉഷ സുവ്യക്തസ്വരത്തിൽ, 'ജ്യേഷ്ഠത്തി! പ്രകാശൻ എന്നെസ്സംബന്ധിച്ചിടത്തോളം ഒരു പരപുരുഷനാണെന്നല്ലേ നിങ്ങളെന്നോടു പറഞ്ഞതു്. അന്യപുരുഷനെ സ്മരിച്ചാൽ കൂടി മഹാപാപം! ഇങ്ങനെയിരിക്കേ ഈ സംഗതി ഏതുവിധത്തിലാണു് നടക്കുക?, എന്നു് ഗംഭീരഭാവത്തിൽ പ്രത്യുത്തരം നല്കി.

ഹൈമ:— വിവാഹം കഴിഞ്ഞാൽ പിന്നെ പരപുരുഷനാകയില്ല. പ്രഭയെപ്പോലെ നീയും പത്നിയായി.

ഉഷ:— പ്രകാശനു് ഒരിക്കൽ വിവാഹം കഴിഞ്ഞതല്ലോ. പിന്നെയെങ്ങനെയാണു് രണ്ടാമത്തും?

ഹൈമ:— അതിനു വിരോധമില്ല; ദോഷവുമില്ല.

ഉഷ:— പ്രഭാവതിക്കു് പുനർവ്വിവാഹം വേണ്ടിവരുമോ?

ഹൈമ:— ഇല്ല. പുരുഷന്മാൎക്കാവാം; സ്ത്രീകൾക്കു് വയ്യാ. ജനനവും മരണവുംപോലെ സ്ത്രീക്കു് വിവാഹവും ഒരിക്കലേ ഉള്ളൂ, രണ്ടുപ്രാവശ്യമില്ല.

ഉഷ:— ഇതു് ശരിയല്ല. ഞാനീ വിവാഹത്തിനു് സമ്മതിക്കയില്ല.

ഹൈമ:— ഉഷേ! ഇതു് ശരിയാണു്. എത്രയോ വിവാഹങ്ങൾ ഇങ്ങനെ നടന്നിരിക്കുന്നു. ഇതിലൊരു ദോഷവുമില്ല. നമ്മുടെ ശാസ്ത്രവിധികളൊന്നും നിണക്കറിയില്ല.

ഉഷാ:— ശാസ്ത്രവും സൂത്രവും നിശ്ചയമില്ലെന്ന് സമ്മതിച്ചേക്കാം. വനാന്തരത്തിൽ പക്ഷികലങ്ങളുടെ നിയമമെനിക്കറിയാം. മനുഷ്യർക്കും ആചരിച്ചുകൂടാത്തതാണോ അതൊക്കെ?

ഹൈമ:— ഉഷേ! ഞാൻ നിന്നോട്ട് തൎക്കത്തിനും തട്ടുത്തരത്തിനും വന്നിട്ടില്ല. നിൻെറ ഉള്ളുതുറന്നുകാണിക്കൂ!

ഉഷ:— എന്നാൽ കേൾക്കൂ. പ്രഭ എൻെറ സോദരിയാണ്. ഞാൻ പ്രഭയുടെ പതിയെസ്സ്വാധീനമാക്കുന്നതല്ലെന്ന് പ്രതിജ്ഞചെയ്യിരിക്കുന്നു.

ഹൈമ:— എന്നാൽ നിണക്ക് വേറെ വരനെ അന്വേഷിക്കണം, അല്ലേ?

ഉഷ:— വേണ്ട, ജ്യേഷ്ഠത്തി! അന്വേഷിക്കേണ്ട. ഞാനിജ്ജന്മം വിവാഹംവേണ്ടെന്ന് സങ്കല്പിച്ചിരിക്കയാണ്.

ഹൈമവതിക്ക് പിന്നെ ഒന്നും ഉരിയാടാൻ കഴിഞ്ഞില്ല. അല്പനേരം മൌനം ഭജിച്ച്, പിന്നെ, 'ഉഷേ! നീ പ്രകാശനെ മറന്നുകളഞ്ഞുവോ?' എന്നുചോദിച്ചു.

ഈ പ്രശ്നത്തിന് പ്രത്യുത്തരം പറയുവാൻ പരുങ്ങി ഉഷ വിനമ്രവദനയായ് നിന്നു. അവളുടെ കരിമീൻമിഴികളിൽ നിന്ന് കണ്ണീരൊലിച്ച് നിലം നനഞ്ഞതായ്കണ്ടു് ഹൈമ ആശ്ചര്യപ്പെട്ടു. ഉഷയുടെ പാടലകപോലത്തിൽ പലവുരു ചുംബിച്ച്, വാടിയ വദനാരവിന്ദം വക്ഷസ്സോടണച്ച് കണ്ണീർതുടച്ച്, ഹൈമ, 'പ്രകാശനെ മറക്കാൻ കഴിവില്ലാത്ത നിലയിലാണെങ്കിൽ ഇങ്ങനെ മനസ്സിട്ടു കത്തി

നിറികഉന്നതെന്തിനാണ്" എന്നു സമാധാനോക്തികൾ ഇടത്തുടങ്ങി.

കുറേനേരം നിശ്ചലമായിരുന്ന്, ഉഷ, 'ജ്യേഷ്ഠത്തി! ഞാൻ ശ്രമിച്ചോളാം! എന്നു മനസ്സോത്തുക്കിനോക്കി.

ഹൈമ:— അത് സാധ്യമോ?

ഉഷ:— മനുഷ്യസാധ്യമാണെങ്കിൽ ഞാൻ പരീക്ഷിക്കുന്നുണ്ട്, എന്റെ അന്തഃകരണത്തെ വിഷയാന്തരത്തിലേയ്ക്ക് വലിച്ചിഴച്ചുകൊണ്ടുപോയ് നോക്കാം. ജ്യേഷ്ഠത്തി! എനിക്ക് വായിക്കുവാൻ പഠിപ്പിച്ചുതന്നു! ഗ്രന്ഥവായനയിൽ വളരെ അഭിരുചിതോന്നുന്നുണ്ട്.

പനിനീർപൂപോലെത്തുടുത്ത കവിൾത്തടത്തിൽ ഒഴുകിവീഴുന്ന ബാഷ്പധാരയെ രണ്ടുകൈകൊണ്ടും തുടച്ച് ഹൈമവതി, 'അങ്ങനെയാണെങ്കിൽ അങ്ങനെ. ഞാനച്ഛനോട് എല്ലാസംഗതികളും വിവരിച്ചു പറയട്ടെ' എന്ന് വിരമിച്ചു.

അനന്തരം ഹൈമവതി ഉഷാവതിയെ മനസാ ആശീർവദിച്ച് അവിടെനിന്ന് പിന്മാറി.

---

ഇരുപത്തൊന്നാം അദ്ധ്യായം.

## യുവയോഗിനി.

ഹൈമവതിയുടെ മുഖത്തുനിന്ന് വിവരമെല്ലാമറിഞ്ഞ്, ജഗച്ചന്ദ്രൻ വിസ്മയാകുലനായി. വിവിധവികാര

ങ്ങൾ തമ്മിൽ കൂട്ടിമുട്ടിയതിനാൽ അദ്ദേഹം നിശ്ശബ്ദനായിരുന്നതേയുള്ളൂ. കുസുമിതലതപോലെകണ്‍കുളുൎപ്പിക്കുന്ന പ്രിയ കുമാരിയായ ഉഷയെച്ചൊല്ലി ആ അനുഗൃഹീതപിതാവിന്നു് സമാധാനവും സംതൃപ്തിയുമുണ്ടായി. ഭട്ടാചാൎയ്യരെ വിളിച്ചു് വിവരങ്ങളെല്ലാം അറിയിച്ചു. അദ്ദേഹവും ആ മനസ്വിനിയുടെ മണവും ഗുണവുമറിഞ്ഞു് അത്യന്തം ആഹ്ലാദിക്കുകയും ആശ്ചൎയ്യപ്പെടുകയും ഉണ്ടായി; ആ സുകുമാരിയുടെ വിദ്യാശിക്ഷണത്തിനുള്ള ഭാരം സ്വയമേവ സ്വീകരിക്കയും ചെയ്തു.

ഉഷാവതിയുടെ ധാരണാശക്തിയും ധിഷണാഗുണവും കണ്ടു് ആചാൎയ്യൎക്കു് ശിഷ്യയിൽ സീമാധികമായ സ്നേഹം അങ്കുരിച്ചു. അചിരേണ ആ ബുദ്ധിമതി ദേശഭാഷയിൽ നല്ല നൈപുണ്യം നേടിക്കഴിഞ്ഞു; സംസ്കൃതത്തിൽ ശാസ്ത്രഗ്രന്ഥങ്ങൾ അദ്ധ്യയനം ചെയ്തു് ഉപസ്ഥിതി വരുത്തി.

ആ പ്രതിഭാശാലിനിയുടെ വേദാന്തപരമായ മനോഗതി കണ്ടറിഞ്ഞു് ആചാൎയ്യ മഹാശയൻ ഭാരതാംബയുടെ സ്തന്യപീയൂഷമായ ഉപനിഷത്തുകളും മററു ഉപരിഗ്രന്ഥങ്ങളും പഠിപ്പിച്ചു. യോഗപരിശീലനത്തിലും ആ ദൃഢവ്രത പരിശ്രമിക്കാതിരുന്നില്ല. ഭൂതദയ, ധൎമ്മനിഷ്ഠ, പരോപകാരചൎയ്യ എന്നീ ഉത്കൃഷ്ട ഗുണങ്ങളുടെ പരിമളം നാലുപാടും പ്രസരിക്കയാൽ, ആ മഹാമനസ്കയെ മാലോകർ അറിവാനും ആദരിക്കാനും തുടങ്ങി. പ്രകാശനു് ഉഷാ

*   *   *   *   *

വതിയുടെ നേരെ ഉണ്ടായിരുന്ന പ്രണയം ഭക്തിയായ്മാറി.

ഇതാ പാവനമായ ഒരു പർണ്ണകുടീരം. കാഷായാംബരധാരിണിയായ ഒരു താപസകന്യക ചിദാനന്ദചിന്തയിൽ നിർല്ലീനയായിരിക്കുന്നു. ആശ്രമാന്തികത്തിൽ മേയുന്ന ഹരിണശിശുവിനെ അശ്രദ്ധമായ് കൂടെക്കൂടെ ആലോകനം ചെയ്യുന്നുണ്ട്. ശാന്തിമുദ്രിതമായ മുഖപദ്മത്തിൽ നിന്ന് ഒരു ദിവ്യകാന്തി കവിഞ്ഞൊഴുകി വാസന്തസന്ധ്യപോലെ നമ്മുടെ നയനങ്ങളെ ആകർഷിച്ചത് ദേവി ഉഷാവതിയാണ്!

21 NOV 1953